# സ്ത്രീയും
# പ്രവാചകനും

## അലി ശരീഅത്തി

വിവർത്തനം

**എ. കെ അബ്ദുൽ മജീദ്**

ഇസ് ലാമിക് ഫൗണ്ടേഷൻ പ്രസ്

അരീക്കോട് – 673 639

malayalam title
streeyum pravachakanum
original title (persian)
zan dar cheshm va dil e muhammed (SA)
(women in the eyes and heart of muhammed)
auther
dr. ali shariati
translator
a.k. abdul majeed
publisher
islamic foundation press
p.b.n.o508
p.o. areekode – 673639
malappuram, kerala, india
type setting
data printing mavoor road, calicut
edition
november 1994
price rs. 16.00
all rights reseverd

28 (1) m-2000/1415/1994

# ഉള്ളടക്കം


| | |
|---|---|
| പ്രസാധകക്കുറിപ്പ് | 9 |
| സ്ത്രീയും പ്രവാചകനും | 11 |
| ജഹ്ശിന്റെ മകൾ സൈനബ് | 20 |
| ബഹുഭാര്യത്വം | 37 |
| പ്രവാചകപത്നിമാർ | 42 |
| മുഹമ്മദിന്റെ 'അന്തഃപുരം' | 53 |

# പ്രസാധനക്കുറിപ്പ്

ഇറാനിൽ വിപ്ലവഗുരുവായറിയപ്പെടുന്ന ഡോ.അലി ശരീഅത്തി ആധുനികലോകത്ത് ഇസ്‌ലാമിക ചിന്തയ്ക്കു ബൃഹത്തായ സംഭാവനകളർപ്പിച്ചിട്ടുള്ള പ്രതിഭാശാലിയാണ്. രാജാധിപത്യത്തിനും സാമ്രാജ്യത്വമേൽക്കോയ്മക്കും അന്ത്യം കുറിച്ചുകൊണ്ട് ഇറാനിൽ ഇസ്‌ലാമിന് രാഷ്ട്രീയാധികാരവുംസമൂഹത്തിന്റെ ചുക്കാനും നേടിക്കൊടുത്ത ഇമാം ഖുമൈനിയുടെ വിപ്ലവത്തിൽശരീഅത്തിയുടെ ചിന്തകൾക്കും രചനകൾക്കുമുള്ള പങ്ക് മഹത്തരമാണ്. ശരീഅത്തിയുടെ ശ്രോദ്ധാക്കളും അനുവാചകരും ഖുമൈനിയുടെ നേതൃത്വത്തിൽ വിപ്ലവസജ്ജരായി അണിനിരന്നു. . പക്ഷെ, 1979ൽ വിപ്ലവം വിജയപ്രാപ്തിയിലെത്തിയപ്പോൾ ഖുമൈനി ജീവിച്ചിരിപ്പുണ്ടായിരുന്നില്ല. അതിനു രണ്ട് വർഷം മുമ്പ് അദ്ദേഹം ഇറാനിലെ അന്നത്തെ സ്വേഛാധിപതി ഷാ പഹ്ലവിയുടെ രഹസ്യപോലീസായ 'സവാക്ക്' ബ്രിട്ടനിൽവെച്ച് ബ്രിട്ടീഷ് ഇന്റലിജൻസ് സർവീസിന്റെ സഹായത്തോടെ അദ്ദേഹത്തെ വധിച്ചു.

സാമൂഹ്യശാസ്ത്രകാരനും സാമൂഹ്യപണ്ഡിതനുമായ ശരീഅത്തിക്ക് മതപരമായ വിഷയങ്ങളിലും വ്യക്തമായ അറിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിരാക്ഷണപാടവവും അവതരണ സാമർത്ഥ്യവും അത്ഭുതകരമാണ്. ഏത് കാര്യവും ശരീഅത്തിയുടെ നാക്കിനോ പേനയ്ക്കോ വിഷയീഭവിച്ചാൽ അദ്വിതീയമായൊരു ശൈലിയിൽ പുഫത്തുവരും. അത് ശ്രോതാവിന്റെ, അല്ലെങ്കിൽ അനുവാചകന്റെ മനസ്സിന്റെ അടിയിലേക്കിറങ്ങും. അവിടെ സ്ഥാനം പിടിക്കുകയും ചെയ്യും.

ശരീഅത്തിയുടെ ആറ് പുസ്തകങ്ങൾ 'ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്' ഇതിനകം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതേഴാമത്തേതാണ്. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് ഐ. എഫ്. പി. നേരത്തേ പുറത്തിറക്കിയതാണ്. 'വിമൻ ഇൻ ദ ഐസ് ആന്റ് ഹാർട്ട് ഓഫ് മുഹമ്മദ്' എന്നപേരിൽ. എം. നേസ്ക്കൂദ്തതും എൻ. പി. നസറെനു നേക്കൂസദത്തും ചേർന്ന് തയ്യാറാക്കിയ പ്രസ്തുത ഇംഗ്ലീഷ് പതിപ്പാണ് മലയാള വിവർത്തനത്തിനാധാരം.

ഇസ്‌ലാമിന്റെ വിമർശകരും ശത്രുതയോടെ അതിനെ സമീപിക്കുന്നവരും ,എക്കാലത്തും എഴുന്നള്ളിക്കാറുള്ള വിഷയങ്ങളാണ് ബഹുഭാര്യത്വത്തിന് അതിലുള്ള അനുവാദവും പ്രവാചകന്റെ ദാമ്പത്യ.ജീവിതവും. സ്ത്രീ വിമോചനവും സ്ത്രീക്ക് കുടുംബത്തിലും സമൂഹത്തിലുമുള്ള അവകാശങ്ങളും വളരെയേറെ ചർച്ചചെയ്യപ്പെടുന്ന നമ്മുടെ ചുറ്റുപാടിലും മേൽപറഞ്ഞ വിഷയങ്ങൾ ഉയർത്തപ്പെടാറുള്ളതാണ്. ശരീഅത്ത് സംബന്ധമായ വിവാദങ്ങൾ നടക്കുമ്പോൾ വിശേഷിച്ചും. ഈ വിഷയങ്ങളിലേക്കു ശരീഅത്തി വസ്തുനിഷ്ഠവും സ്വതന്ത്രവുമായ കാഴ്ചപ്പാട് ഈ കൃതിയിലൂടെ നൽകുന്നു. ആവശ്യമുള്ളേടങ്ങളിൽ വിശദീകരണക്കുറിപ്പുകൾ നൽകിയിക്കുന്നത് സാമാന്യവായനക്കാർക്ക് അവ്യക്തതകൾ ദൂരീകരിക്കാൻ സഹായകമായിരിക്കും.

പ്രവാചകന്റെ പേരിന്റെ കൂടെ ചൊല്ലേണ്ട 'സ്വലാത്തിന്റെ' ചുരുക്കരൂപമായി ബ്രാക്കറ്റിൽ കൊടുക്കാറുള്ള 'സ'യും സ്വഹാബികളുടെ പേരിന്റെ കൂടെ ചൊല്ലേണ്ട 'തർളിയത്തിന്റെ' ചുരുക്കമായ 'റ'യും ഇതിൽ കൊടുത്തിട്ടില്ല. ഇംഗ്ലീഷ് പതിപ്പിലും കൊടുകാണുന്നില്ല. മുസ്‌ലിം വായനക്കാർ അതാത് സ്ഥലങ്ങളിൽ അത് ചൊല്ലണമെന്ന ഭ്യർത്ഥിക്കുന്നു.

ഈ കൃതിയുടെ വിവർത്തനം മനോഹരമായി നിർവ്വഹിച്ചുതന്ന ജ: എ. കെ. അബ്ദുൽമജീദി(കൊടുവള്ളി)നു നന്ദി!

**ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്**
അരീക്കോട് - 673 639
1994 നവംബർ 25

******

## സ്ത്രീയും പ്രവാചകനും

സ്ത്രീയോടുള്ള പ്രവാചകന്റെ സമീപനമെന്തായിരുന്നു? ഇതേപറ്റി പലരും ചർച്ചചെയ്തിട്ടുണ്ട്. ഇനിയുമേറെ ചർച്ചകൾ നടന്നേക്കും. പറഞ്ഞു കഴിഞ്ഞ പലതും ഒന്നുകിൽ എതിരാളികളുടെ ശത്രുതയിൽനിന്നുടലെടുത്ത പരിഹാസ നിന്ദകളാണ്. അല്ലെങ്കിൽ മിത്രങ്ങളുടെ അമിതമായ പാടിപ്പുകഴ്ത്തലുകളാണ്. ആദ്യം പറഞ്ഞത് കേവലം അതിശയോക്തികളും നുണകളും ദുരാരോപണങ്ങളും ചരിത്ര സത്യങ്ങളുടെ വളച്ചൊടിക്കലുമാണ്. രണ്ടാമത്തേതാകട്ടെ, അധികവും ചില പ്രത്യേക കാലഘട്ടങ്ങൾക്കും താൽപര്യങ്ങൾക്കും അതാതു കാലങ്ങളിലെ ജനങ്ങളുടെ അഭിരുചിക്കും ഇണങ്ങും വിധം വിഷയങ്ങൾ വ്യാഖ്യാനിക്കാനും നീതീമൽക്കരിക്കാനുമുള്ള, പലപ്പോഴും ഏറെയൊന്നും വിജയപ്രദമല്ലാത്ത, ശ്രമങ്ങളുടെ ഭാഗവുമാണ്. രണ്ടു സമീപനങ്ങളും യാഥാർത്ഥ്യം തേടുന്ന ഗവേഷകനെ തൃപ്തിപ്പെടുത്തുകയില്ല.

വൈകാരികവും സാമൂഹികവുമായ തലങ്ങളിൽ സ്ത്രീപ്രശ്നം ഇന്നും ചർച്ചയർഹിക്കുന്നു. ഈ പ്രശ്നത്തിന് പ്രതിവിധി കണ്ടുപിടിക്കുന്നതിൽ ശാസ്ത്രത്തിനേറ്റ പരാജയം പ്രശ്നത്തെ, മനമില്ലാമനസ്സോടെയെങ്കിലും, പ്രത്യയശാസ്ത്രത്തിന്റെ പരിസരത്തുതന്നെ നിർത്തുന്നു. ശാസ്ത്രത്തിനു ഖണ്ഡിതമായ തീർപ്പുകൽപ്പിക്കാൻ സാധിച്ചിട്ടില്ലാത്ത മറ്റു പലവിഷയങ്ങളെയും സ്ത്രീ പ്രശ്നവും വ്യാഖ്യാനിക്കേണ്ടത് തത്വചിന്ത, മതം, പാരമ്പര്യം, വർത്തമാനകാല പ്രവണതകൾ അഥവാ സാമൂഹികവും വൈയക്തികവുമായ ആവശ്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ്. വ്യത്യസ്ത ചിന്താപദ്ധതികൾക്കും കാലഘട്ടങ്ങൾക്കും സമൂഹങ്ങൾക്കും ഈ പ്രശ്നത്തെ വിലയിരുത്താൻ സവിശേഷരീതികളുണ്ട്. 'സ്ത്രീ പ്രവാചകജീവിതത്തിൽ' എന്ന വിഷയം ചികഞ്ഞ എഴുത്തുകാർക്ക് മേൽപറഞ്ഞ അഞ്ചു ഘടകങ്ങളുടടെ മുൻവിധിയിൽനിന്നു രക്ഷപ്പെടാൻ കഴിയാതെ പോയത് തികച്ചും സ്വാഭാവികമാണ്.

സ്ത്രീയോടുള്ള പുരുഷന്റെ സാമൂഹികവും വൈകാരികവുമായ സമീപനത്തെയും, ജീവിതത്തിൽ അവളുടെ പങ്കിനെക്കുറിച്ച അവന്റെ വ്യഖ്യാനത്തെയും കാലവും ചുറ്ഖുപാടും വൻതോതിൽ സ്വാധീനിക്കുന്നു. നേരത്തെ പറഞ്ഞ അഞ്ചുകാരണങ്ങൾ തന്നെയാണ് ഇതിനു കാരണം.ഭിന്ന കാലങ്ങളിലും സമൂഹങ്ങളിലും വ്യത്യസ്ത രൂപം കൈക്കൊള്ളുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ചു ശാസ്ത്രീയരീതിയിൽ ഗവേഷണം നടത്തുക ശ്രമകരമാണ്. താൻ ജീവിക്കുന്ന കാലത്തിന്റെയും സമൂഹത്തിന്റെയും മൂല്യങ്ങളും സമ്പ്രദായങ്ങളും മാറ്റിവെയ്ക്കുകയും മുൻവിധികളിൽനിന്നും രക്ഷപ്പെടുകയും ചെയ്യാത്ത ഗവേഷകൻ ഇവിടെ പരാജയപ്പെടും. എന്റെ മഹാനായ ഗുരുനാഥൻ ജാക്വിസ് ബെർക്വെ പറഞ്ഞത് പോലെ, "മറ്റൊരു യുഗത്തിലെയും പരിതഃസ്ഥിതിയിലെയും പെരശ്നങ്ങളെ സ്വന്തം കാലഘട്ടതിലെയും പരിതഃസ്ഥിതിയുടെയും പ്രശ്നങ്ങളെ കാഴ്ചപ്പാടിലൂടെ വിലയിരുതതുകയും നോക്കിക്കാണുകയും ചെയ്യുന്നവനു യാഥാർത്ഥ്യങ്ങളെ അവയുടെ തനിമയിൽനോക്കിക്കാണാൻ പറ്റുകയില്ല. അവൻ പറയുന്നതത്രയും അസംബന്ധമായിരിക്കും."

സ്ത്രീപ്രശ്നം, ചർച്ചാർഹമായ വിവിധകോണിലൂടെ നോക്കുമ്പോൾ, കാലം, പരിതഃസ്ഥിതി എന്നീ അസ്ഥിരഘടകങ്ങളെ ആശ്രയിച്ചു നിൽക്കുന്നതായിക്കാണാം. എത്രത്തോളമെന്നാൽ ഒരു ഘട്ടത്തിലും ചുറ്റുപാടിലും മഹനീയമായി കണക്കാക്കപ്പെട്ടകാര്യം മറ്റൊരു കാലത്തും പരിതസ്ഥിതിയിലും മനുഷ്യവിരുദ്ധമായ കുറ്റകൃത്യതതിന്റെ നിറം വരെ കൈക്കൊള്ളുന്നു. ബഹുഭാര്യത്വം ഇതിനുദാഹരണമാണ്. സ്ത്രീയോടുള്ള നിന്ദ്യമായ ഈ അവഹേളനം പരിഷ്കൃത മനസാക്ഷയെ വേദനിപ്പിക്കുന്നു. എന്നാൽ പിൽക്കാലത്ത്, വിശിഷ്യാ പിരാക്തനാ സമൂഹങ്ങളിൽ, വിധവകൾക്കും അവരുടെ സന്താനങ്ങൾക്കും മറ്റുവിധത്തിൽതങ്ങൾക്കന്യമായിരുന്ന കുടുംബജീവിതത്തിന്റെ സ്നേഹോഷ്മളതയും സുരക്ഷിതത്വവും ആസ്വദിക്കാൻ ബഹുഭാര്യത്വസങ്കൽപ്പം അവ

സരമുണ്ടാക്കി. ദരിദ്രവും ദുരിതവും ഇല്ലായ്മയും ഭീഷണിയുടെ നിഴൽ വീഴ്ത്തിയ അവരകുടെ ഭാവിജീവിതത്തെ രക്ഷിക്കാൻ പുരിഷന്റെ തണൽ അനിവാര്യമാകുന്നു. അവനായിരുന്നു അക്കാലത്ത് അവൾക്കും അവളുടെ കുട്ടികൾക്കുമുള്ള ഏശാവലംബം. കുടുംബനാഥൻ യുദ്ധത്തിലും മറ്റും പങ്കെടുത്ത് കൊല്ലപ്പെടുന്നത് കാരണം തകരുമായിരുന്ന കുടുംബങ്ങൾക്ക് ബഹുഭാര്യത്വം പുതിയ പരിരക്ഷയും സഹായവും അരുളി.

മറ്റൊരുദാഹരണമാണ് പർദ്ദ. സ്ത്രീയുടെ പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്ന ചങ്ങലയാണ് ഇന്നത്തെ ദൃഷ്ടിയിൽ. ആധുനികർക്കത് വൃത്തിഹീനവും ജുഗുപ്സുളവാക്കുന്നതുമാണ്. എന്നാൽ പൂർവ്വിതർക്ക് കുലീനതയുടെ കൊടിയടയാളമായിരുന്നു പർദ്ദ. അന്തസ്സിന്റെ അളവുകോൽ; മാന്യതയുടെ പ്രതീകം; ആഭിജാത്യത്തിന്റെ മാനദണ്ഡം. പഴയ പ്രതാപം നിലനിർത്തുന്ന ചുരുക്കം നാഗരിക കുടുംബങ്ങളിലും തനിമ നഷ്ടപ്പെടാത്ത ഗ്രാമീണ സമൂഹങ്ങളിലും പർദ്ദയ്ക്ക് ഇന്ന് പവിത്രമയ സ്ഥാനമുണ്ട്. [1]

സ്ത്രീക്ക് ഇസ്ലാം നൽകുന്ന വിലയെക്കുറിച്ച് സമീപകാലത്ത് ഗവേഷകർ പഠനം നടത്തുകയുണ്ടായി. അവർ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല (ഹസൻ നാദറിന്റെ "വിമൻ ഇൻ ഇസ്ലാം ആൻഡ് യൂറോപ്പ്" എന്ന പുസ്തകം നോക്കുക)[2] ചരിത്രത്തിൽ കഴിഞ്ഞുപോയ മഹാന്മാരായ പരിഷ്കർത്താക്കളുടെയും ചിന്തകരുടെയും കൂട്ടത്തിൽ മുഹമ്മദ് മാത്രമാണ് സ്ത്രീകളുടെ അവസ്ഥ ഗൗരവപൂർവ്വം പരിശോധിക്കുകയും അവർക്ക് മാനുഷികമായ ആദരവും സാമൂഹികമായ അവകാശങ്ങളും അനുവദിക്കുകയും ചെയ്തത് എന്ന് തീർച്ച. മറ്റുള്ളവർ അവരെ അവഗണിക്കുകയോ അല്ലെങ്കിൽ വെറുപ്പോടെ വീക്ഷിക്കുകയോ ആയിരുന്നു.[3] ഇസ്ലാം സ്ത്രീക്ക് വ്യക്തിയുടമാവകാശവും സാമ്പത്തിക സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. അതോടൊപ്പം അവളുടെ ഭൗതികാവശ്യങ്ങൾ നിറവേറ്റാൻ പുരുഷനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. സ്ത്രീക്ക് മഹറ് (വിവാഹമൂല്യം) നൽശാൻ പുരുഷൻ ബാധ്യസ്ഥനാണ്. ഗ്വന്തം കുട്ടികളെ പോറ്റുന്നതന് അവൾക്ക് ഭർത്താവിനോട് പ്രതിഫലം ആവശ്യപ്പെടാം. ഇസ് ലാം സ്ത്രീക്ക് നൽശുന്ന വ്യക്തിത്വത്തിന്റെയും അവകാശത്തിന്റെയും സൂചനകളാണത്രെ ഇവ. അശുഭകരമായ ഭാവി സാധ്യതകൾക്കെതിരെ അവളുടെ സാമ്പത്തികനില ഭദ്രമാക്കാനുദ്ദേശിച്ചുള്ള നടപടികളും.

ഇസ്ലാം സ്ത്രീക്ക് പുരുഷനോടൊപ്പം അനുവദിക്കുന്ന നിയമപരവും മതപരവുമായ തുല്യതവഴി അവൾക്ക് സാമൂഹികാധാകാരവും കൈവരുത്തുന്നു. തങ്ങളെ അടക്കി ഭരിക്കാൻ ശ്രമിക്കുന്ന പുരുഷമേധാവികളുടെമുമ്പിൽ സ്ത്രീകൾക്ക് ഇതുമൂലം, യഥാർത്ഥമായ സ്വാതന്ത്ര്യം സിദ്ധിക്കുകയും ചെയ്യുന്നു.

ലിംഗത്തിന്റെ അടിസ്ഥാനത്തലുള്ള വിവേചനത്തെ ഇസ്ലാം നഖശിഖാന്ധം എതിർക്കുന്നു. അതേ സമയം സമ്പൂർണ ലിംഗസമത്വം എന്ന ആശയത്തെ അതംഗീകരിക്കുന്നുമില്ല. ഇസ്ലാം സ്ത്രീക്കു നൽകുന്ന സാമൂഹികാവകാശങ്ങളും ധാർമ്മികവും മാനുഷികവുമായ അന്തസ്സും സൂക്ഷ്മമായി വിഷകലനം ചെയ്തുകിട്ടിയ വീക്ഷണകോണിൽ നിന്നുകൊണ്ട് എനിക്കു പറയാൻ സാധിക്കുന്നതിതാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ഇസ്ലാം വിവേചനം പ്രചരിപ്പിക്കുന്നില്ല; സ്ത്രീ പുരുഷ സമത്വത്തിൽ വിശ്വസിക്കുന്നുമില്ല. സ്ത്രീയെയും പുരുഷനെയും പ്രകൃതി സമൂഹത്തിൽ അവർക്കനുവദിച്ച സ്ഥാനങ്ങളിൽ തന്നെ നിർത്തുന്നുവെന്നതാണ് ഇസ്ലാമിന്റെ നേട്ടം. അതിന്റെ ദൃഷ്ടിയിൽ വിവേചനം കുറ്റമാണ്. തുല്യത വഴി തെറ്റിക്കുന്നതും, ആദ്യത്തേത് നാഗരിക വിരുദ്ധവും രണ്ടാമത്തേത് പ്രകൃതിവിരുദ്ധവുമാണ്.

പ്രകൃതി സ്ത്രീയെ കാണുന്നത് പുരുഷനേക്കാൾ താണതായിട്ടോ പുരുഷനുസമമായിട്ടോ അല്ല. പ്രത്യുത, ജീവിതത്തിലുംസമൂഹഘടനയിലും ഒരു നാണയത്തിന്റെ രണ്ടു പുറങ്ങളാണ് പ്രകൃതി അവളെ പരിഗണിക്കുന്നത്. പാശ്ചാത്യൻ നാഗരികതയിൽനിന്നും ഭിന്നമായി ഇസ്ലാം സ്ത്രീക്കും പുരുഷനും പ്രകൃതിപരമായ-തുല്യമോ സമാനമോ

അല്ലാത്ത-അവകാശങ്ങൾ നിർണ്ണയിച്ചതിന്റെ കാരണമിതാണ്. ഇവ്വിഷയകമായി പറയാനാവുന്ന ഏറ്റവും നീതിയുക്തമായ അഭിപ്രായം ഇതായിരിക്കും. യൂറോപ്യൻ സമീപനമാതൃകകൾ ഉപേക്ഷിച്ചു സ്വതന്ത്രമായി ചിന്തിക്കുകയും കാര്യങ്ങൾ സ്വയം വിലയിരുത്തുകയും ചെയ്യുന്ന പ്രബുദ്ധരായ വായനക്കാർക്ക് വായനക്കാർക്ക് ഇതിന്റെ ആഴവും വിലയും മനസ്സിലാവും.

സ്ത്രീകൾക്ക് ഇസ്ലാം നൽകിയ അന്തസ്സും അഭിമാനവും അവർക്ക് ലഭ്യമാക്കാൻ സൈദ്ധാന്തികതലത്തിൽ മാത്രമുള്ള ശ്രമമായിരുന്നില്ല പ്രവാചകന്റേത്. പ്രായോഗികതലത്തിൽ അവ സാക്ഷാത്കരിക്കാനും അദ്ദേഹം പ്രയത്നിച്ചു. പുരുഷന്മാരിൽനിന്നെന്നപോലെ സ്ത്രീകളിൽനിന്നും അദ്ദേഹം (സമ്മദിതാനം) തേടി. സ്ത്രീകൾക്കുമദ്ദേഹം സ്വഹാബി (പ്രവാചകസഖാക്കൾ) പദവി നൽകി.[4]

പ്രവാചകൻ തന്റെ മകൾ ഫാത്വിമയെ പരസ്യമായി മടിയിൽവെച്ചു ഓമനിച്ചിരുന്നു. ആളുകളുമായി സംവാദത്തിലേർപ്പെട്ടിരിക്കുമ്പോഴും അദ്ദേഹമിതുചെയ്തു. അന്നത്തെ നിലയ്ക്ക് അസാധാരണമായ ഈ സ്നേഹപ്രകടനം വഴി പെൺകുഞ്ഞ് ഒരപമാനമല്ല എന്നും ആൺകുട്ടിയെപ്പോലെ പെൺകുട്ടിയും സ്നേഹം അർഹിക്കുന്നു എന്നും അറബികൾക്കു ഉദ്ദേശ്യപൂർവ്വം കാണിച്ചു കൊടുക്കുകയായിരുന്നു അദ്ദേഹം. തങ്ങൾക്കു പെൺമക്കൾ പിറന്നു എന്നവാർത്ത കേട്ടാൽ മുഖം കറുക്കുകയും കലിതുള്ളുകയും ചെയ്യുമെന്നു ഖുർആൻ പരിചയപ്പെടുത്തിയ[5] ഒരു ജനതയുടെ ഇടയിലാണ് പ്രവാചകന്റെ ഈ പെരുമാറ്റം. പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടിയവരായിരുന്നു അറബികൾ.

അലി ഫാത്വിമയെ വിവാഹന്വേഷണം നടത്തിയപ്പോൾ പ്രവാചകൻ ആദ്യം ഫാത്വിമയുടെ ആരാഞ്ഞു. മനോഹരവും ആകർഷകവും സ്നേഹസ്മൃണവുമായിരുന്നു പ്രസ്തുത സന്ദർഭം. ഗൗരവവും വിനയവും മേളിക്കുന്ന തുറന്ന മനഃസ്ഥിതിയോടെ അദ്ദേഹം ഫാത്വിമയുടെ വാതിലിനു സമീപം നിന്നു. എന്നിട്ടു പറഞ്ഞു: "ഫാത്വിമാ, അബൂത്വാലിബിന്റെ പുത്രൻ അലി നിന്റെ പേർ സൂചിപ്പിക്കുന്നു." (വിവാഹഭ്യർത്ഥന നടത്തുന്നു എന്നു വ്യംഗ്യം). ക്ഷമയോടെ പ്രവാചകൻ മകളുടെ മറുപടിക്കായി കാത്തിരുന്നു. "വേണ്ട"എന്നാണ് മറുപടിയെങ്കിൽ ഫാത്വിമ വാതിലടയ്ക്കും. സമ്മതമാണെങ്കിൽ അവൾ വിനയപൂർവ്വം മൗനം ഭഞ്ജിക്കും. [6]

ഫാത്വിമ വിവാഹിതയായപ്പോൾ പ്രവാചകൻ അവളെ ദിവസവും സന്ദർശിക്കാറുണ്ടായിരുന്നു. ഉമ്മറപ്പടിയിൽ അദ്ദേഹം കാത്തുനിൽക്കും. അനുവാദം ചോദിക്കും. അദ്ദേഹമായിരിക്കും എപ്പോഴും ആദ്യം അഭിവാദ്യം ചെയ്യുക.

തന്റെ കാലഘട്ടത്തിലെ ക്രൂരമായ നാട്ടുനടപ്പുകളെ വിസ്മയകരമായി ലംഘിക്കുന്ന രീതിയിൽ സ്നേഹവും ആദരവും നൈർമല്യവും കൂട്ടിയിണക്കിയാണ് പ്രവാചകൻ പത്നിമാരോട് പെരുമാറിയത്. അധികാരത്തിന്റെയും ശക്തിയുടെയും കേന്ദ്രമായിരുന്നു വീട്ടിനു വെളിയിൽ അദ്ദേഹം. വീട്ടിൽ എന്തൊരു എളിമ! ലാളിത്യം! ഉദാരത! എത്രത്തോളമെന്നാൽ ഭാര്യമാർ അദ്ദേഹത്തോട് കയർക്കുകയും അദ്ദേഹത്തിന്റെ മുമ്പിൽ ധൈര്യം കാണിക്കുകയും വരെ ചെയ്തു. അവരദ്ദേഹത്തോട് തുറന്നമട്ടിൽ തർക്കിക്കുമായിരുന്നു. കരുതലില്ലാതെ വർത്തമാനം പറയുമായിരുന്നു. അദ്ദേഹത്തിന്റെ വികാരങ്ങൾ മുറിപ്പെടുന്നിടത്ത് അവർ സംസാരം നിർത്തുമായിരുന്നില്ല. ഒരു നാൾ ക്ഷുഭിതനായ പ്രവാചകൻ വീടുവിട്ടിറങ്ങി വിളകൾ സൂക്ഷിക്കുന്ന ഒരു മുറിയിൽപോയി ഏകയായി താമസിച്ചു.[7] സാധാരണ പുരുഷൻമാർ സ്ത്രീകളെ വീട്ടിൽനിന്നു അടിച്ചിറക്കുകയാണ് ചെയ്യുക. ഇക്കാലത്തുപോലും! പ്രവാചകന്റെ ചെയ്തി ഈ പൊതുരീതിക്ക് നേർവിപരീതമാണ്. തറനിരപ്പിൽ നിന്നുയർന്ന ഒരു മുറിയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവാസം. ഒരീത്തപ്പനത്തടിയുപയോഗിച്ചു അദ്ദേഹം മുകളിൽ കയറും. കയറിയ ശേഷം കോണി അക

ത്തേക്കു വലിക്കും. ആർക്കുമദ്ദേഹത്തെ സന്ദർശിക്കാൻ പറ്റുമായിരുന്നില്ല. ഒരു മാസം അദ്ദേഹം അങ്ങനെ കഴിഞ്ഞു. ദുഃഖിതനായ അദ്ദേഹം പള്ളിയ്ൽ പോലും പോയില്ല.[8] അദ്ദേഹത്തെ കാണാതെ ജനങ്ങൾ വിഷമിച്ചു. ഒടുവിലവർ ഉമറിനെ പ്രവാചകന്റെയടുത്തേക്കയച്ചു. ഉമർ പ്രവേശനാനുമതി തേടിയപ്പോൾ അദ്ദേഹം സമ്മതം കൊടുത്തില്ല. അപ്പോൾ അദ്ദേഹം പ്രവാചകനൊരു സന്ദേശം നൽകി:[9] "എന്റെ മകളുടെ കാര്യം സംസാരിക്കാനാണ് ഞാൻ വന്നതെന്ന് അങ്ങ് വിചാരിക്കുന്നുവെങ്കിൽ- അവളുടെ പ്രവർത്തികളിൽ അങ്ങേയറ്റം വെറുപ്പുള്ളവനാണു ഞാൻ. അങ്ങനുവദിക്കുകയാണെങ്കിൽ അവളുടെ കഴുത്തുഞാൻ വെട്ടും". പ്രവാചകൻ ഉമറിനു പ്രവേശനാനുമതി നൽകി.[11]

ഉമറിന്റെ വിവരണം ഇങ്ങനെയാണ്: "സാധനങ്ങൾ സൂക്ഷിക്കുന്ന ഒരു മുറിയിൽ കടന്നപ്പോൾ പ്രവാചകൻഒരു മൂലയിൽ വൈക്കോൽപ്പായയിൽ കിക്കുന്നതാണ് ഞാൻ കണ്ടത്. അദ്ദേഹം എഴുന്നേറ്റപ്പോൾ വൈക്കോലിന്റെ പാട് അദ്ദേഹത്തിന്റെ അദ്ദേഹത്തിന്റെ ശരീരത്തിൽ കാണാമായിരുന്നു. ആ കാഴ്ച എന്റെ കണ്ണുകളെ ഈറലണിയിച്ചു." ഉമർ ദുഃഖിതനാണെന്ന് മനസ്സിലാക്കിയ പ്രവാചകൻ വിരക്തജീവിതത്തിന്റെ ആഹ്ലാദത്തെക്കുറിച്ചും വൈകാര്യത്തെക്കുറിച്ചും സംസാരിക്കുകയും ഉമറിനെ സമാധാനിപ്പിക്കുകയം ചെയ്തു.

പ്രവാചകൻ ജീവിതത്തിലിമുഖീകരിച്ച പ്രയാസങ്ങളിലൊന്നായിരുന്നു സ്വപത്നിമാരുടെ പെരുമാറ്റം. അവർക്കും പ്രവാചകനുമിടയിൽ ആത്മീയമായും പ്രത്യയശാസ്പരമായും ഉള്ള വിടവ് വലുതായതിനാൽ ഇത് സ്വാഭാവികവുമാണ്. അക്കാലത്തെ സാമൂഹ്യ പശ്ചത്തലത്തിനുമുണ്ട് അതിൽ പങ്ക്. നിസ്സഹായരും അധമകളുമായ അടിമകളായിട്ടാണ് സ്ത്രീകളെ അക്കാലത്ത് കണക്കാക്കിയിരുന്നത്. പ്രവാചകന്റെ ഭവനത്തിൽ ലഭിച്ച ആദരവും സ്വാതന്ത്ര്യവും മറ്റെങ്ങും അന്നവർക്കു ലഭിക്കുമായിരുന്നില്ല. കാരണം അതിനുള്ള അർഹത അവർക്കു കൽപിക്കപ്പെട്ടിരുന്നില്ല. മുമ്പില്ലാത്ത പ്രതാപം പെട്ടെന്നു കൈവരുമ്പോൾ ആളുകൾ സ്വബോധമില്ലാത്തവരെപ്പോലെ വേപ്രാളത്തോടെയും ചിലപ്പോൾ അപകടകരമായും പ്രതികരിക്കുന്നതു ഇക്കാലത്തു നമുക്കു സുപരിചിതമാണ്.

ഉമർ നിവേദനം ചെയ്ത ഒരു സംഭവം, സ്ത്രീകളുടെ സാമൂഹികാവകാശങ്ങളിൽ വിശിഷ്യാ പുരുഷന്മാരുമായിട്ടുള്ള അവരുടെ ബന്ധത്തിൽ പ്രവാചകന്റെ കാലത്ത് സംഭവിച്ച മാറ്റത്തിന്റെ ആഴം വ്യക്തമാക്കുന്നു. ഉമർ പറയുന്നു: "ദൈവം സത്യം അജ്ഞാന കാലത്ത് ഞങ്ങൾ സ്ത്രീകളുമായി ഒരിക്കൽപോലും കാര്യങ്ങൾ ആലോചിച്ചിരുന്നില്ല. സ്ത്രീകളുടെ അവകാശങ്ങൾ നിശ്ചയിക്കുന്ന ഖുർആൻ വാക്യങ്ങൾ അവതരിക്കുന്നതു വരെ അതായിരുന്നു സ്ഥിതി. ഞാനൊരിക്കൽ ചിലയാളുകളുമായി വ്യാപാര കാര്യങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. അപ്പോൾ എന്റെ ഭാര്യ അതുചെയ്യണം, ഇതു ചെയ്യണം എന്നൊക്കെ പറഞ്ഞു. 'എന്റെ കച്ചവടത്തിൽ നിനക്കന്തുകാര്യം?' ഞാനവളോടു ചോദിച്ചു. അവൾ പറഞ്ഞു: 'നിങ്ങളുടെ കാര്യത്തിൽ ആരും ഇടപെടുന്നത് നിങ്ങൾക്കിഷ്ടമല്ല. അതേ സമയം നിങ്ങളുടെ മകൾ (പ്രവാചകപത്നി ഹഫ്സ) ദൈവദൂതനുമായി ദീർഘ നേരം തർക്കിക്കുന്നു. തർക്കിച്ച് തർക്കിച്ച് ദിവസം മുഴുവൻ അദ്ദേഹത്തെ ദേഷ്യം പിടിപ്പിക്കുന്നു.' ഞാൻ വസ്ത്രം മാറി വീടു വിട്ടിറങ്ങി. ഹഫ്സയെ സമീപിച്ചു എന്നിട്ടവളോടു ചോദിച്ചു. 'മകളെ, നീ പ്രവാചകനെ ദിവസം മുഴുവൻ ദേഷ്യ്തതിലാക്കുമാറ് അദ്ദേഹവുമായി തർക്കിക്കാറുണ്ടോ?' പ്രവാചകനുമായി തർക്കിക്കാറുണ്ടെന്ന് ഹഫ്സ സമ്മതിച്ചു. അപ്പോൾ ഞാനവളോട് പറഞ്ഞു: "മകളെ, ദൈവശിക്ഷയെയും പ്രവാചക കോപത്തെയും പേടിക്കുക. സൗന്ദര്യത്തിൽ മികച്ചു നിൽക്കുന്ന ഇവളെ (ആയിശ)യും പ്രവാചകന് അവളോടുള്ള വാത്സല്യത്തെയും നീ നോക്കണ്ട.....'

ഒരിക്കൽ പ്രവാചകൻ തന്റെ ഭാര്യമാർക്കിടയിൽ ഇരിക്കുന്നത് ഉമറും അബൂബക്കറും കണ്ടു. ഭാര്യമാർ കരയുകയും പ്രവാചകനോട് തർക്കിക്കുകയുമായിരുന്നു. വീട്ടിലെ മോശം സ്ഥിതിയെപ്പറ്റി പരുക്കൻ ഭാഷയിൽ പരാതി പറയുകയായിരുന്നു അവർ. സ്ഥിര മായി പണം ലഭിക്കുകയായിരുന്നു അവരുടെ ആവശ്യം. പ്രവാചകൻ വ്യസനപൂർവ്വം ചുണ്ടുകളിൽ വേദനയൂറുന്ന മന്ദഹാസത്തോടെ ശാന്തമായി എല്ലാം കേൾക്കുകയായി രുന്നു. അബൂബക്കറിനെയും ഉമറിനെയും ദൃഷ്ടിയിൽപെട്ടപ്പോൾ അവരോടദ്ദേഹം പറഞ്ഞു: "എനിക്ക് നൽകാൻ കഴിയാത്തതാവശ്യപ്പെടുകയാണീ പെണ്ണുങ്ങൾ." രണ്ടു പേരും എഴുന്നേറ്റു തങ്ങളെ മക്കളെ പ്രഹരിച്ചു. ഇരുവർ(ആയിശയും ഹഫ്സയും)ക്കും ആ ഭാഷ(അടിയുടെ) വശമായിരുന്നു. അവർ ശാന്തരായി ഇല്ലായ്മ പറഞ്ഞു ഇനി പ്രവാ ചകനെ പ്രയാസപ്പെടുത്തുകയില്ലെന്നു അവർ വാക്കു കൊടുത്തു.

സ്വന്തം പിതാക്കൾക്കുപോലും സഹിക്കാൻ പറ്റാത്ത രീതിയിലാണ് ആ സ്ത്രീകൾ പ്രവാ ചകനോടു പെരുമാറിയത്. പ്രവാചകന്റെ വിഷമത്തിൽ ദുഃഖിക്കുന്ന മുസ്ലിംകൾക്കതു അവിശ്വസനീയം കൂടിയായിരുന്നു. പ്രവാചകൻ പക്ഷെ, തന്റെ സമൂഹത്തിലെപരുക്കന്മാ രായ പുരുഷന്മാരെ ഒരു പുതിയ പാഠം അഭ്യസിപ്പിക്കുകയും പരാജിതരും അവകാശ ങ്ങൾ ഹനിക്കപ്പെട്ടവരുമായ തന്റെ കാലഘട്ടത്തിലെ സ്ത്രീകൾക്കു ഒരു പുതിയവ്യ ക്തിത്വം നേടിക്കൊടുക്കുന്നതിനും എല്ലാം പൊറുത്തു.

പ്രവാചകപത്നിമാരുടെ നീരസത്തിനു മറ്റൊരു കാരണം കൂടിയുണ്ടായിരുന്നു. റോമി ലെയും പേർഷ്യയിലെയും പട്ടമഹിഷിമാരുടെ ആർഭാടങ്ങളെക്കുറിച്ചവർ കേട്ടിട്ടുണ്ട്. യമൻ, ഗസ്സാൻ, ഹീറ, ഈജിപ്ത് എന്നിവിടങ്ങളിലെ റാണിമാർ പോലും അങ്ങനെ യാണു ജീവിച്ചിരുന്നത്. ആഡംബരം നിറഞ്ഞ കൊട്ടാരം, ചതുരംഗം, മദ്യം, നൃത്തം അങ്ങനെ എന്തെല്ലാം ഹർഷങ്ങളുമായാണവർ കഴിയുന്നത്! എന്നാൽ ഈ അറേബ്യൻ 'ചക്രവർത്തിയുടെ' ഭാര്യമാരോ? ഉമിയും തവിയും കളയാത്ത ഗോതമ്പാണ് അവർക്ക് ചൂടുള്ള ഭക്ഷണം. അടുപ്പിൽ തീ പുകയാതെ ചിലപ്പോൾ മാസങ്ങൾ അവകർക്കു തള്ളി നീക്കേണ്ടിവരും. കാരക്കയും വെള്ളവും മാത്രമേ അവരുടെ തളികയിൽ കാണൂ. മറ്റൊ ന്നുമുണ്ടാവുകയില്ല.

പ്രവാചകനും പത്നിമാരും തമ്മിലുള്ള സംഘർഷം പ്രസ്തുതവിഷയത്തിൽ ദൈവിക സൂക്തങ്ങൾ അവതരിക്കുന്നിടത്തോളമെത്തി. ഐഹികസുഖം ആഗ്രഹിക്കുന്നവർക്കു ജീവനാംശം വാങ്ങി ഇഷ്ടാനുസാരം പിരിയാം; ദൈവത്തെയും പരലോകത്തെയും വേണ്ടവർ മുഹമ്മദിന്റെ ദരിദ്രമായ ഗ്രഹത്തിലെ കഷ്ടപ്പാടുകൾ സഹിക്കണം. ഇതായി രുന്നു ദൈവികസൂക്തത്തിന്റെ സാരം. [12] അവർ മുഹമ്മദിനെയും ദാരിദ്രത്തെയും തെര ഞ്ഞെടുത്തു. [13] ലൗകികസുഖത്തിന് മുൻതൂക്കം കൊടുത്തവർക്ക് അത് ക്രൂരവും ദുരിത പൂർണവുമാണെന്ന് തെളിഞ്ഞു.

പ്രവാചകൻ പറയാറുണ്ടായിരുന്നു: "ഞാനിഷ്ടപ്പെടുന്ന മൂന്നു കാര്യങ്ങളുണ്ടീ ലോക ത്ത്. സുഗന്ധം, സ്ത്രീ, പ്രാർത്ഥനാവേളകളിൽ എന്റെ മിഴികളിൽ വിരിയുന്ന പ്രകാശം എന്നിവ."[14] ഭാര്യമാരോട് നല്ലരീതിയിൽ അദ്ദേഹം പെരുമാറി. തന്റെ സമയം അവർക്കിട യിൽ സമമായി പങ്കുവെച്ചു. പക്ഷെ ആയിശയോടുള്ള സ്നേഹം അദ്ദേഹത്തിന്റെ ഹൃദയം കവിഞ്ഞൊഴുകുകയായിരുന്നു. അവരായിരുന്നു പ്രവാചകൻ വിവാഹം ചെയ്ത ഏകകന്യക. രാഷ്ട്രീയവും ധാർമ്മികവുമായ അനിവാര്യതയാൽ വിവാഹം ചെയ്ത വിധവകളായിരുന്നു ബാക്കിയുള്ളവരെല്ലാം. സുന്ദരി എന്നതിനുപുറമെ ബുദ്ധിമതിയും ശാലീനയും വാചാലയും പണ്ഡിതയുമായ ചെറുപ്പക്കാരിയായിരുന്നു ആയിശ. പ്രവാച കനെ അവൾ അങ്ങേയറ്റം സ്നേഹിച്ചു. മറ്റുഭാര്യമാരോടും പ്രവാചകനു പ്രിയപ്പെട്ടപുത്രി ഫാത്വിമയോടും അവളുടെ ഭർത്താവായ അലിയോടുപോലും വല്ലാത്ത അസൂയയും അക്കാരണത്താൽ ആയിശയ്ക്കു തോന്നി. മുഹമ്മദ് തന്റെ രാഷ്ട്രീയത്തിന്റെ കാഠിന്യ ങ്ങളും ക്ഷീണവും കുറയ്ക്കുന്നതിനു ആയിശയെ സന്ദർഷിക്കുകയും അവളോടു സല്ല

പിക്കുകയും പതിവായിരുന്നു. ധ്യാനത്തിന്റെ സമർദ്ദം മൂലം തളർച്ച ബാധിക്കുമ്പോഴും അഗാധമായ ആലോചനകളും സങ്കീർണ്ണമായ ആത്മീയസംഘർഷങ്ങളും ദുർവഹമാവു മ്പോഴും അദ്ദേഹം ആയിശയെ വിളിക്കും. എന്നിട്ടുപറയും, "എന്റെ ഹൃദയഭാജനമേ എന്നോടു സംസാരിക്കുക."

ആധുനിക യൂറോപ്പിന് ബഹുഭാര്യത്വം വൃത്തികെട്ടതും ജുഗുപ്സയുളവാക്കുന്നതുമാണ്. സ്ത്രീകളുടെ സൗന്ദര്യത്തെ പിശാചിന്റെ ചതിയായും അതിന്റെ ആസ്വാദനം ധർമ്മച്യു തിയായുമാണ് ക്രൈസ്തവസദാചാരദർശനം വീക്ഷിക്കുന്നത്. ബ്രഹ്മചര്യ ദൈവപ്രീ തിയും മതവിശുദ്ധിയും നേടാനുള്ള മാർഗമായി പരിഗണിക്കപ്പെടുന്നു. മുഹമ്മദിന്റെ ഉദാത്തമായ ജീവിതത്തിൽ ചില ദുർബ്ബലബിന്ദുക്കൾ കണ്ടുപിടിക്കാൻ കിട്ടാവുന്ന കല്ലു കളെല്ലാം എടുത്തെറിഞ്ഞിട്ടുണ്ട്, രാഷ്ട്രീയവും മതപരവുമായ പ്രചാരവേലകളാൽ സ്വാധീനിക്കപ്പെട്ട, ക്രൈസ്തവപ്രബോധകരും അജ്ഞരും ദുരുപദിഷ്ടരുമായ എഴുത്തു കാരും. മറ്റുകിഴക്കൻ ഭരണാധികാരികളെപ്പോലെ അന്തഃപുരങ്ങൾ സൂക്ഷിച്ചസ്ത്രീ ലന്ട നായി ചിത്രീകരിച്ചു മുഹമ്മദിനെ ഒരു പൗരസ്ത്യൻ 'ഡൗൺ ജുവാൻ'[15] ആക്കാൻ പര മാവധി പരിശ്രമിച്ചിട്ടുണ്ടവർ. രണ്ടു വുഷയങ്ങളെച്ചൊല്ലി ഒരുപാടാർപ്പും വിളിയും അവ രുണ്ടാക്കുകയുണ്ടായി. പ്രവാചകന്റെ ഹബുഭാര്യത്വ ജീവിതവും ജഹ്ശിന്റെ മകൾ സൈനബിനെ അദ്ദേഹം വിവാഹം ചെയ്ത സംഭവവമുമാണവ. നമ്മുടെ നാട്ടിൽ(ഇറാ നിൽ) വരെ അലകളെത്തുമാറ് ഭയങ്കരമായിരുന്നു സംഘം ചേർന്നുള്ള ഈ ആരവം. നമ്മുടെ പല ബുദ്ധിജീവികളിലും അത് മോശമായ സ്വാധീനവുമുണ്ടാക്കിയിട്ടുണ്ട്. ഞാൻ എനിക്കു മനസ്സിലായരീതിയിൽ ഈ പ്രശ്നങ്ങളുടെ യാഥാർത്ഥ്യം വ്യക്തമാ ക്കാൻ ശ്രമിക്കാം.

സ്ത്രീ പ്രവാചകഹൃദയത്തിലും ജീവിതത്തിലും ഒരു ദൗർബല്യാമായിരുന്നില്ല, മറിച്ച് അദ്ദേഹത്തിന്റെ മഹാമനസ്കതയിടെയും ഉദാരതയുടെയും ഉജ്ജ്വലഭാവങ്ങളിലൊന്നായി രുന്നുവെന്ന് ഞാൻ ആത്മർത്ഥമായും വിശ്വസിക്കുന്നു. ഈജിപ്ഷ്യൻ എഴുത്തുകാര നായ അബ്ബാസ് മഹ്മൂദ് അഖാദാദ് പറഞ്ഞു: "പ്രവാചകജീവിതത്തിലെ ഈ സാങ്കൽപിക ദുർബ്ബലബിന്ദുവിൽ സ്പർശിച്ചുകൊണ്ട് ഇസ്ലാമിനുമാരകമായ പ്രഹര മേൽപ്പിക്കാമെന്ന് ക്രൈസ്തവ മിഷനറിമാരും സാമ്രാജ്യത്വ എഴുത്തുകാരും വിചാരിച്ചു. പക്ഷെ അവടെയാണവർക്കബദ്ധം പിണഞ്ഞത്. തങ്ങളുടെ മതത്തെക്കുറിച്ചറിവുള്ളവരും പ്രവാചകന്റെ സ്വഭാവത്തെയും രീതികളെയും പരിചയിച്ചവരുമായ മുസ്ലിംകൾക്കു സത്യം വ്യക്തവും ലളിതവുമാണ്. ശത്രുക്കൾ ഉയർത്തിക്കാട്ടുന്ന ഈ സാങ്കൽപിക ന്യൂനത തന്നെ മുസ് ലിംകൾക്ക് തങ്ങളുടെ മതത്തെ ദുരാരോപണങ്ങളിൽനിന്ന് മുക്ത മാക്കാനും പര്യാപ്തമായ ഉറച്ച തെളിവാകുന്നു. മുഹമ്മദിന്റെ പ്രവാചകത്വത്തിന്റെ സത്യത സ്ഥിരീകരിക്കുന്നതിനു പുറമെ അദ്ദേഹം തന്റെ ഭാര്യമാരോടു അനുവർത്തിച്ച രീതിയും ഭാര്യമാരെ തെരെഞ്ഞെടുത്തതിന്റെ പിന്നിലെ യുക്തിയും തന്നെ മതി ഒരു മുസ്ലിമിനു ഏറ്റവു വലിയ ന്യായമായി."[16]

നമുക്കാദ്യം സൈനബിന്റെ  കഥ പരിശോധിക്കാം . തുടർന്നു പ്രവാചക പത്നിമാരുടെ ജീവചരിത്രങ്ങളും അങ്ങനെ അദ്ദേഹത്തിന്റെ ആരോപിക്കപ്പെടുന്ന അന്തഃപരത്തിന്റെയും വികാരങ്ങളുടെയും പ്രേമങ്ങളുടെയും വാസ്തവം എന്തെന്ന് നമുക്ക് കണ്ടുപിടുക്കാം.

******

## ജഹ്ശിന്റെ മകൾ സൈനബ്

ജഹ്ശിന്റ പുത്രിയും അബ്ദുല്ലയുടെ സഹോദരിയുമാണ് സൈനബ്. പുകൾ പെറ്റ മുഹാ ജിറായ അബ്ദുല്ല രക്തസാക്ഷിത്വത്തിലാണ് ജീവിതം അവസാനിപ്പിച്ചത്. ഖുറൈശി ഗോത്രത്തിൽ കുലീനതയ്ക്ക് കേളി കേട്ടതായിരുന്നു ജഹ്ശിന്റെ കുടുംബം. ജഹ്ശി ന്റെയും പ്രവാചകപിതൃവ്യനായ അബ്ദുൽ മുത്തലിബിന്റെ പുത്രിയുടെയും സുന്ദരി യായ മകൾ സൈനബ്. രണ്ട് കുലീന കുടുംബങ്ങളുടെയും ചേർച്ചയിൽ പിറന്ന ഇളം മുറ.

ശാമി(സിറിയ)ൽ നിന്നുള്ള യുദ്ധത്തടവുകാരനായിരുന്നു സൈദ് ഇബ്നു ഹാരിസ്. വിധി അദ്ദേഹത്തെ ഖദീജയുടെ വീട്ടിലെത്തിച്ചു. ഖദീജ സൈദിനെ തന്റെ ഭർത്താവായ മുഹമ്മഹിനു സമ്മാനിച്ചു. സിറിയയിലെ  കുലീനരിൽപെട്ട ഹാരിസ്, സൈദിന്റെ പിതാ വ്, മകനെത്തേടി മക്കയിലെത്തി. മകനെ യജമാനനിൽനന്നു മോചിപ്പിക്കാൻ ഹാരിസ് ആഗ്രഹിച്ചു. മുഹമ്മദിനു സമ്മതമായിരുന്നു. പക്ഷെ സൈദ് വിസമ്മതിച്ചു. സ്വാതന്ത്ര ത്തെക്കാൾ അടിമത്തമാണ് അവനിഷ്ടപ്പെട്ടത്. സ്വന്തം നാട്ടിൽ മാതാപിതാക്കളോടൊപ്പം കഴിയുന്നതിനേക്കാൾ അന്യനാട്ടിൽ മുഹമ്മദിന്റെയും ഖദീജയുടെയും വീട്ടിൽ കഴിയാ നായിരുന്നു അവന്നു താൽപര്യം. വളരെയധികം ക്ലേശിച്ചു തന്നെ അന്വേഷിച്ചു കണ്ടെ ത്തുകയും വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോവാൻ തിടുക്കപ്പെടുകയും ചെയ്യുന്ന പിതാവി നോട് സൈദിന്റെ അചഞ്ചലമായ മറുപടി: “മുഹമ്മദിന്റെ മുഖത്ത് തേജസ്സും പരിശു ദ്ധിയും ഞാൻ ദർശിക്കുന്നു. എന്റെ ഹൃദയം അതിൽനിന്നു വേർപെടുത്താൻ എനിക്കാ വുന്നില്ല”.

സൈദിന്റെ ആത്മാർത്ഥതയും മറ്റു ഗുണങ്ങളും അറിയുന്ന മുഹമ്മദ് അവന്റെ കൺക ളിൽ പിതാവ് ഹാരിസിനോടുള്ളതിനേക്കാളേറെ സ്നേഹം തന്നോടുള്ളതായിക്കണ്ടു. ഒട്ടും സംശയിക്കാതെ അദ്ദേഹം അവനെ സ്വതന്ത്രനാക്കുകയും ദത്തുപുത്രനായി സ്വീക രിക്കുകയും ചെയ്തു. അവനെ സൈദ് ഇബ്നു മുഹമ്മദ് ഇബ്നു അബ്ദുല്ല എന്നു വിളി ക്കാൻ അദ്ദേഹം എല്ലാവരോടും ആവശ്യപ്പെട്ടു.[17] സൈദ് അങ്ങനെ താൻ ഉപേക്ഷിച്ച തന്റെ ഉപ്പയ്ക്കും നാടിനും പകരം പുതിയ ഉപ്പയെയും നാടിനെയും നേടുക മാത്ര മായിരുന്നില്ല, ഖാസിം, അബ്ദുല്ല (ത്വയ്യിബ്, ത്വാഹിർ)എന്നീ മക്കളുടെ മരണം മൂലം ദുഃഖ പൂർണ്ണമായ മുഹമ്മദിന്റെ ഭവനത്തലെ ശൂന്യത നികത്തുക കൂടിയായിരുന്നു. സൈദുമായുള്ള സുദൃഢവും അതിശയകരവുമായ സൗഹൃദം പ്രവാചക ജീവിത ത്തിന്റെ ഏറ്റവും ഏറ്റവും ആഹ്ലാദകരമായ വശങ്ങിലൊന്നാണ്.[18] പ്രവാചകൻ പിതാവും ഖദീജ മാതാവും ഫാത്വിമ സഹോദരിയും അലി സഹോദരനുമായി സൈദ് മുഹമ്മദിന്റെ വീട്ടിൽ വളർന്നു. സിറിയയിലെ നാഗരിക സമൂഹത്തിലെ ഒരു പ്രധാനകുടുംബത്തിൽ പിറന്നു വൈജ്ഞാനികപൈതൃകം അനന്തരം ലഭിച്ചബുദ്ധിമാനായ ഒരു ബാലൻ പ്രവാച കകുടുംബത്തിലെ അഞ്ചാമത്തെ അംഗമായിത്തീർന്നു; ദൈവമാണ് അതിലെ ആറാ മത്തെ അംഗം. തന്നെത്തേടിയ അനുഗ്രഹ്തതിന്റെ കവാടം അവൻ ബുദ്ധിപൂർവ്വം തിരി ച്ചറിയുകയും തുറക്കുകയും ചെയ്തു. എത്ര ബുദ്ധിപൂർവ്വമാണ് അവൻ തന്റെ അത്ഭുത കരമായ വിധിയെ തെരഞ്ഞെടുത്തത്!

കുട്ടികളെ ദത്തെടുത്തു വളർത്തുക അറബികളുടെ സമ്പ്രദായമായിരുന്നു. പ്രത്യേക വാത്സല്യം തേടുന്ന അടിമകളെ മോചിപ്പിച്ചു അവർക്കു ദത്തുപുത്രന്മാരുടെ പദവി നൽകാറുണ്ടായിരുന്നു യജമാനന്മാർ. പക്ഷെ ഒരിക്കൽ അടിമയായിരുന്നവനെക്കുറിച്ചു സമൂഹത്തിൽ ആ സ്മരണ നീണ്ടകാലം നിലനിൽക്കും. പുതുതായി ലഭിക്കുന്ന പദവി ദത്തുപുത്രനു സാമൂഹ്യ അവകാശങ്ങൾ നൽകുമെങ്കിലും വിമോചിത അടിമയുടെ പ്രശ സ്തിയിൽ ചെറിയൊരു കളങ്കം ബാക്കിനിൽക്കും. യഥാർത്ഥ സ്വതന്ത്രനായി അവൻ എണ്ണപ്പെടുകയില്ല. വിമുക്ത അടിമ മാനസികവും സാമൂഹികവുമായി അവഹേളിക്കപ്പെ ടുകയും ആത്മീയവും മാനസികവുമായി അന്യത്വം അനുഭവിക്കുകയും മാത്രമല്ല പല

സാമൂഹിക അവകാശങ്ങളും അവനു നിഷേധിക്കപ്പെടുകയും ചെയ്യും. സർവോപരി ചിലതരത്തിലുള്ള വിവേചനങ്ങൾ മറ്റുള്ളവരിൽ നിന്ന് അവനെ അകറ്റിനിർത്തുന്നു. ഇങ്ങനെയുള്ള മുൻവിധികൾ വിമുക്ത അടിമയുടെ മുൻഭാര്യയെ വിവാഹം ചെയ്യുന്ന വനെ അധിക്ഷേപം കൊണ്ട് മൂടാൻ പ്രേരിപ്പിക്കുന്നു. വിലക്കപ്പെട്ടതായിരുന്നു അത്തരം വിവാഹങ്ങൾ.

വിമുക്തനും സ്വതന്ത്രനുമിടയിലെ അകലം അന്തരവും ഇല്ലായ്മചെയ്തു സമൂഹത്തിൽ എല്ലാവർക്കും സമത്വം നേടിക്കൊടുക്കാനുള്ള ശ്രമത്തിൽ മുഴുകവെ അടിമത്തത്തിന്റെ മുദ്രകൾ സർവ്വചുടെയും സ്മരണകളിൽനിന്നു മായ്ച്ചുകളയാനും മുൻ അടിമയ്ക്കു സമൂഹം കൽപിച്ചിരുന്ന അപകർഷം തുടച്ചുനീക്കാനും പ്രവാചകൻ ആഗ്രഹിച്ചു. മുൻ അടിമയ്ക്ക് വ്യക്തിത്വവും, ആത്മീയവും ധൈഷണികവും സാമൂഹികവുമായ അന്ത സ്സുറ്റ പദവിയും നൽകാനും അങ്ങനെ അവരുടെയും സമൂഹത്തിന്റെയും ബോധത്തിൽ അവരെ വിമുക്ത അടിമകളായല്ലാതെ യഥാർത്ഥസ്വതന്ത്രരായി പ്രതിഷ്ഠിക്കാനും അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം സൈദിനു പ്രധാനപ്പെട്ട ചുമതലകൾ നൽകി. മാന്യനും കുലീനനുമായ മുഹാജിറും സ്വഹാബിയുമായി ആ വിമുക്ത അടിമയെ അവത രിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. ഒരു യുദ്ധവേളയിൽ അദ്ദേഹംസൈദിനെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു.[18] ഝഅഫർ ഇബ്നു അബീ ത്വാലിബ്, അബ്ദല്ലാ ഹബ്നു രവാഹ, ഖാലിദ് ഇബിനു വലീദ് തുടങ്ങിയ പേരെടുത്ത പടയാളികൾ സാധാര ണക്കാരായി പങ്കെടുത്ത, റോമിനെതിരെ മുസ്ലിംകൾ നടത്തിയ ഏറ്റവും വലിയ പടനീ ക്കത്തിന്റെ സൈന്യാധിപനായി അദ്ദേഹം സൈദുമായി കൂടിയാലോചിച്ചു. പ്രധാനപ്പെട്ട സൈനികനീക്കങ്ങളുടെ നായകത്വം അദ്ദേഹംത്തിനു നൽകി. അപവാദ സംഭവം പോലെ യുള്ള[20] ഗുരുതരമായ കുടുംബപ്രശ്നങ്ങളിൽ അലിയ്യുബ്നു അബീത്വാലിബിനോടെന്ന പോലെ സൈദിന്റെ മകൻ ഉസാമയോടും അഭിപ്രായം തേടി. തന്റെ ജീവിത സായാഹ്ന ത്തിൽ സൈദിന്റെ പതിനെട്ടുകാരനായ പുത്രൻ ഉസാമയെ റോമാസാമ്രാജ്യത്തിനെതിരെ യള്ള യുദ്ധത്തിൽ മുസ്ലിം സൈന്യത്തിന്റെ അധിപനാക്കി. അബൂബക്കർ, ഉമർ മുത ലായ പ്രഗത്ഭർ അടങ്ങിയ സൈന്യമായിരുന്നു അത്.[21] ഇസ്ലാമിക സമൂഹത്തിൽ മാത്ര മല്ല മുസ്ലിംഹൃദയത്തിലും വിമുക്തഅടിമയ്ക്ക് സ്വതന്ത്രരുമായുള്ള തുല്യസ്ഥാപിച്ചെടു ക്കുകയായിരുന്നു ആ നടപടികളുടെയെല്ലാം ലക്ഷ്യം.

കുലീന അറബി കുടുംബത്തിൽ പെട്ട ഒരു പെൺകുട്ടിയെ സൈദിനു വിവാഹം ചെയ്തു കൊടുക്കാൻ പ്രവാചകൻ തീരുമാനിച്ചതും ഇതേ ഉദ്ദേശ്യമായിരുന്നു. അന്യനാട്ടുകാർക്ക് വിശ്ഷ്യ വിമുക്ത അടിമകൾക്ക് അനുഭവപ്പെട്ടിരുന്ന അധമബോധം ദൂരീകരിക്കുകയും പ്രത്യേകിച്ചും വിവാഹകാര്യം വരുമ്പോൾ മുമ്പിലേക്ക് തലകാട്ടുന്ന തറവാട്ടു മൻവിധി കൾ തുടച്ചുനീക്കുകയും ചെയ്യാൻ ഈ നീക്കം വഴി പ്രവാചകൻ ഉന്നം വെച്ചു. പക്ഷെ കുലീന കുടുംബത്തിലുള്ള വിമുക്ത അടിമയുമായുള്ള വിവാഹത്തിനു സമ്മതിക്കുകയു ല്ലെന്നു പ്രവാചകനു നല്ലവണ്ണം അറിയാമായിരുന്നു. അതിനാൽ സ്വന്തം രക്തബന്ധത്തിൽപെട്ട ഒരു കുട്ടിയെ തനിക്ക് അവളുടെയും അവളുടെ കുടുംബത്തി ന്റെയും മേലുള്ള സ്വാധീനം ഉപയോഗിച്ചു സൈദിനു കല്യാണം കഴിച്ചു കൊടുക്കാൻ അദ്ദേഹം തീരുമാനിച്ചു. അങ്ങനെയദ്ദേഹം തന്റെ പിതൃഷ്വസേയി സൈനബിനെ തിര ഞ്ഞെടുത്തു. പ്രതീക്ഷിച്ചതുപോലെ അവളുടെ സഹോദരൻ അബ്ദുല്ല, നിസ്വാർത്ഥനായ മതഭക്തനായിരുന്നിട്ടും, ഈ ആലോചന തിരസ്ക്കരിച്ചു. തന്റെ കുടുംബത്തിനപമായമാ യാണ് അദ്ദേഹമതിനെ കണ്ടത്. പ്രവാചകൻ നിർബന്ധിച്ചു. തമോയുഗത്തിന്റെ അവശി ഷ്ടമായ കർക്കശ പാരമ്പര്യത്തിന്റെ- ആധുനിക നാഗരിക യൂറോപ്യൻ സമൂഹങ്ങളിൽ ഇന്നും നിലനിൽക്കുന്ന സമ്പ്രദായം - ചരടുപൊട്ടിക്കുന്നതിന് മുഹമ്മദ് ഒരു ശ്രമവും ഒഴിവാക്കിയില്ല. ഒടുവിൽ ദൈവികവെളിപാട് അഅബ്ദുല്ലയെയും അദ്ദേഹത്തിന്റെ സഹോദരിയെയും ഈ സന്ദേശം ബോധ്യപ്പെടുത്തി: “അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ ഒരു സത്യ വിശ്വാസിക്കും വിശ്വാസിനിക്കും തങ്ങ ളുടെ കാര്യത്തിൽ സ്വയം തീരുമാനമെടുക്കാൻ അധികാരമില്ല. അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നവർ വ്യക്തമായ വഴികേടിലാണ്.”[22]

സൈനബിന്റെ വിവാഹമൂല്യമ മുഹമ്മദ് തന്നെ നൽകി. നിവൃത്തികെട്ടൊരു സാമൂഹ്യാചാരം കടപുഴക്കിയെറിയുകയും തൽസ്ഥാനത്ത് പുതിയൊരു മാനവികപാരമ്പര്യം കൊണ്ടുവരികയും ചെയ്യുന്നതിനു വേണ്ടി ഉദ്ദേശിച്ച വിവാഹം യാഥാർത്ഥ്യമായി. എന്നാൽ സുഭലക്ഷണമുള്ള ഒരു സാമൂഹ്യ നീക്കമായിരുന്നു അതെങ്കിലും സൈദിന്റെയും സൈനബിന്റെയും വീട്ടിൽ വിവാഹത്തിനു ദുർവിധി നേരിട്ടു. കുലീനയായ സൈനബിനു തന്റെ ആഢ്യത്വം പാടെ വിസ്മരിക്കാനോ വിമുക്ത അടിമ എന്ന നിലയിൽ സൈദിന്റെ അപമാനകരമായ സാമൂഹ്യപദവിഅവഗണക്കാനോ കഴിഞ്ഞില്ല. ഇക്കാര്യം പറഞ്ഞ് അവൾ വീണ്ടും വീണ്ടും സൈദിനെ നോവിക്കുകയും പ്രവാചകനോട് തുരുതുരാ സൈദിനെക്കുറിച്ച് പരാതി പറയുകയും ചെയ്തു. സൈദും സൈനബിനെപ്പറ്റി സൈദിനോട് പരാതിപ്പെട്ടു. അവളുമായി ഇണങ്ങിക്കഴിയാൻ പ്രവാചകൻ സദാ സൈദിനെ ഉപദേശിച്ചു. ഇരുവർക്കുമിടയിൽ രഞ്ജിപ്പുണ്ടാക്കാനും അദ്ദേഹം ശ്രമിച്ചു.

പ്രവാചക കല്പന ശിരാസാവഹിക്കുക എന്ന ഉദ്ദേശ്യത്തോട് സൈനബ് സൈദിനെ വിവാഹം ചെയ്യാൻ സമ്മതിച്ചു. പക്ഷെ സൈനബ് തന്റെ ഹൃദയം സൈദിനു നൽകിയിരുന്നില്ല. സ്നേഹംകൊണ്ടു മാത്രം കീഴടക്കാൻ കഴിയുന്ന ഭൂമിയാണ് ഹൃദയം. അതിനാൽ എതിർദിശയിൽ നീങ്ങാൻ സൈനബ് അശക്തയായിരുന്നു.

വളരെ പണിപെട്ട് പ്രവാചകൻ വിളക്കിച്ചേർത്ത ബന്ധം നാൾ ചെല്ലും തോറും ഭംഗുരമായിത്തീർന്നു.സൈനബിന്റെ സഹനശക്തി ചോർന്നു പോവുകയായിരുന്നു. സാമൂഹികമായ ഒരത്യാവശ്യം നിറവേറ്റുന്നതിനുവേണ്ടി. ഭാരമായ ഒരു പാറക്കല്ല നെഞ്ചിലേറ്റുകയും ചില തത്വങ്ങളുടെ സംരക്ഷണാർത്ഥം കഴുത്തിനു ചുറ്റും പട്ടകൊണ്ടു വരിഞ്ഞു കെട്ടുകയും ചെയ്ത അവസ്ഥയായിരുന്നു സൈദുമൊത്തുള്ള ജീവിതം അവൾക്ക്.തൽ സമയം സൈദ് തന്നിൽനിന്ന് സദാ അകലം പാലിക്കുന്ന ഒരു പെണ്ണുമായുള്ള വൈവാഹിക ജീവിത്തിൽ പ്രയാസം അനുഭവിക്കുകയും. അന്യോന്യപ്പൊരുത്തമില്ലാത്ത ആ ദമ്പതികളുടെ ദാമ്പത്യം ദിനംപ്രതി നിറം കെടുകയും അരുചികരമാവുകയും ചെയ്തു. അവരുടെ കാരയത്തിൽ ആർക്കും ഒന്നും ചെയ്യാൻ പറ്റുമായിരുന്നില്ല.

ഷാൻഡെൽ പറഞ്ഞതുപോലെ "സ്നേഹം കൊതിക്കുകയും അത് ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഹൃദയം തീർച്ചയായും അതിന്റെ ഉടമയെ (അജ്ഞാതനായ) കാമുകനിലേക്കു പറഞ്ഞയയക്കുന്നു. സ്നേഹം കണ്ടെത്തുന്നതുവരെ അതിനു ശാന്തി ലഭിക്കുകയില്ല. ദൈവം, സ്വാതന്ത്ര്യം, വ്ജ്ഞാനം, കല, സൗന്ദര്യം, പ്രേമം എന്നിവയെല്ലാം ഓരോ നീർച്ചാലുകൾപോലെ അന്വേഷണത്തിന്റെ മരുഭൂമിയിൽ ഹൃദയത്തെ കാത്തുനിൽക്കുകയാണ്. ഏതരുവിയുടെ തെളിനീരാണ് ഒരാളുടെ പൊടിപുരണ്ടതും ശൂന്യവുമായ ഹൃദയ കുംഭത്തെ നിറയ്ക്കുക?[23]

സൈനബിന്റെ നയനങ്ങളുടെ അഗാധതയിൽ ഗുപ്തമായ മിന്നലാട്ടം പ്രവാചകനൊരിക്കൽ ശ്രദ്ധിച്ചു. അവളുടെ വികാരങ്ങൽ വെളിപ്പെടുന്നതായിരുന്നു അത്. സൈനബിന്റെ ഹൃദയത്തെ ജ്വലിപ്പിക്കുന്ന നിഗൂഢമായ ഈ ജ്വാല അവളുടെ കവിളുകളെ അരുണാഭമാക്കി. എന്നാൽ അവളുടെ ഹൃദയത്തെ മഥിക്കുന്ന അവിധേയത്വം പ്രവാചകസന്നിദ്ധിയിൽ മൗനം തുടരുക അവൾക്ക് ദുഷ്കരവും വേദനാജനകവുമാക്കി. സൈനബിന്റെ മിഴികളിലെ മിന്നൽ ആദ്യം കണ്ണിലുടക്കിയപ്പോൾ മുഹമ്മദ് ചിന്താമഗ്നനായി ധൃതിയിൽ വീട്ടിലേക്കു തിരിച്ചു. പക്ഷെ സൈനബ് എവിടെപ്പോകും? സൈദിനെ കാണുന്നത് അവളുടെ ക്ഷമ കെടുത്തുമായിരുന്നു. ആകാശം ശ്വാസതടസ്സമുണ്ടാക്കുന്ന വലിയൊരു ഭാര്യമായി നെഞ്ചിലമർന്നു. ആരുടെയെങ്കിലും മുഖം മാറുന്നതും വാക്കുകൾ കേൾക്കുന്നതും അവൾക്കസഹ്യമായി. തങ്ങളുടെ ഏകാന്തവും തണുത്തുറഞ്ഞതുമായ വീട്ടിൽ രണ്ടപരിചിതർ മൂകരായി ജീവിക്കുക, ശൂന്യതയ്ക്കുവേണ്ടിയിള്ള കാത്തിരിപ്പ്. സമയം കടന്നു പോവുന്നത് അവർകാണുന്നു. സൂര്യോദയത്തിന്റെയും അസ്തമയത്തിന്റെയും വിരസമായ ആവർത്തനം. പൊടുന്നനവെ ഒരഗ്നി ബാധയുണ്ടായാൽ അതാവീടിനെയാകെ

വിഴുങ്ങിക്കളയും. സൈനബിനോ സൈദിനോ തീയുടെ വ്രക്തത്തിൽനിന്ന് രക്ഷപ്പെടാനുള്ള മനക്കരുത്തുണ്ടായിരുന്നില്ല.

ദുഃഖം കടിച്ചമർത്താൻ കഴിയാതെ സൈദ് വീടുവിട്ടു മഹമ്മദിന്റെയടുത്ത് അഭയം തേടി. സഹനത്തിന്റെ നെല്ലിപ്പടിയും കടന്ന സ്ഥിതിക്ക് തങ്ങളെ വേർപെടുത്തിത്തരണമെന്ന് തന്നെ ദത്തെടുത്ത ദയാലുവായ പിതാവിനോട് അദ്ദേഹം താണുകേണപേക്ഷിച്ചു. മുഹമ്മദുമായ ഹർഷപുളകിതമായ സ്നേഹത്തിലായിരുന്നു സൈദ്. പ്രവാചകനോടുള്ള സ്നേഹവും ബഹുമാനവും സൈദിന്റെ ഹൃദയത്തിൽ നിറഞ്ഞു തുളുമ്പി. യോദ്ധാവായിരുന്നു അദ്ധേഹം. വിശ്വാസവും കൂറുമുള്ളവൻ. ഹൃദയം തനിക്കുവേണ്ടി തുടുക്കാത്ത ഒരു സ്ത്രീയുടെ ‘ജഡം’ ചുമലിലേറ്റുക അദ്ദേഹത്തിനു സാധ്യമായിരുന്നില്ല. ശക്തരായ ഖുറൈശികളുമായി ചർച്ച ലഭിക്കുന്നു എന്ന അഭിമാനമോ നിർജ്ജീവവും തണു്തതതുമായ ഒരു സൗന്ദര്യ‘ബിംബ’ത്തെ കയ്യിൽ കിട്ടുന്നു എന്ന ആഹ്ലാദമോ തന്നെയും സൈനബിനെയും ഒരു തടവറയിൽ ബന്ധിക്കാൻ സൈദിനെ അനുവദിച്ചില്ല. മുറിയുടെ മേൽക്കൂരയല്ലാതെ വിവാഹജീവിതത്തിൽ അവർക്കൊന്നും വിവാഹജീവിതത്തിൽ ഉണ്ടായിരുന്നില്ല. പ്രപഞ്ചത്തിൽ അവരെ ഒരുമിപ്പിച്ച ഏകഘടകം തങ്ങൾ ഇരിക്കുന്ന മുറി മാത്രമാണ്.

പ്രവാചകന്റെ ചിന്തകളെ അലട്ടിയ വലിയൊരു ദുരന്തമായിരുന്നു ഇത്. ഒരു പരിഹാരം കാണാൻ അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ സാധിച്ചില്ല.സൈനബിന്റെ നയനങ്ങളിൽ വായിച്ചത് സ്വന്തം ഹൃദയത്തിൽ അദ്ദേഹം കണ്ടുവോ? ജീവിതം മുഴുവനും, യൗവനവും മറ്റു സർവവും, ദൈവമാർഗത്തിലും ജനങ്ങൾക്കും വിശ്വാസത്തിനും പരിശുദ്ധിക്കുംകഷ്ടപ്പാടിനും ക്ലേശങ്ങൾക്കുമായി വ്യയം ചെയ്ത അദ്ദേഹത്തിന്റെ മഹാമനസ്ക്കത ഇപ്പോൾ തനിക്കുവേണ്ടി ത്രസിക്കുന്ന ഹൃദയത്തിനുനേരെ നിസ്സഹായമുവുകയാണോ?

അതോ സൈനബിന്റെ ഹൃദയത്തിൽ നിന്നുയർന്ന ജ്വാലയാൽ തപ്തമാവുകയാണോ?

ഈ ചോദ്യങ്ങൾക്ക് പല ഉത്തരങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ചിന്താബന്ധുരമായ കഥകളും അയാഥാർത്ഥമായ ഐതിഹ്യങ്ങളും അവയിൽനിന്നു നെയ്തെടുത്തിട്ടുണ്ട്. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം ഈ ചോദ്യങ്ങളെ വളർത്തുക എന്നതു തന്നെ അസംബന്ധമാണ്. ഉത്തരം കണ്ടുപിടിക്കാനുള്ള ശ്രമം നിരാസ്പദവും. കാരണം സ്നേഹത്തിന്റെ നിഗൂണ്ഡമായ വഴികൾ വസ്തു നിഷ്ഠമായി തെളിയിക്കാൻ ചരിത്രത്തിനോ ഗവേഷണത്തിനോ സാധ്യമല്ല. പ്രത്യേകിച്ചു പ്രവാചകന്റേതു പോലുള്ള ശക്തവും അഗാധവും അത്യുദാരവുമായ ഹൃദയത്തിലെ സ്നേഹത്തിന്റെ. ഒരു നോട്ടത്തിന്റെയോ മന്ദസ്മിത്തിന്റെയോ മൃദുവായ വിരൽസ്പർശമേൽക്കെ കരയുന്ന സാഗംഗിയെപ്പോലുള്ള കവിഹൃദയമല്ല പ്രവാചകന്റേത്. അസ്വസ്ഥതയിൽ അദ്ദേഹത്തിന്റെ മൗനത്തിന്റെയും ക്ഷമയുടെയും വസ്ത്രം പിഞ്ഞിപ്പോവുകയുമില്ല. സാഗരമാണ് ഹൃദയം. മേൽപ്പരപ്പിൽ കൊച്ചോളങ്ങളുണ്ടാക്കുന്ന പ്രഭാതത്തിലെ ഇളംതെന്നൽ സമുദ്രഹൃദയത്തെ അസ്വസ്ഥമാക്കാറുണ്ടോ? ആയിരത്തിനാനൂറ് സംവത്സരങ്ങലുടെ വിദൂരതയ്ക്കിപ്പുറം നിന്നുനോക്കുന്ന ആർക്കെങ്കിലും ആ സമുദ്രഹൃദയത്തിന്റെ വികാരങ്ങൾ പിടികിട്ടുമോ? മാത്രമല്ല, ഹൃദയങ്ങൾ എത്രയുണ്ടോ അത്രതന്നെ സ്നേഹങ്ങളും നിലനിൽക്കുന്നു. ഹൃദയങ്ങൾ എത്രവിചിത്രമാണോ അത്ര വിചിത്രമാണ് സ്നേഹങ്ങളും. കിഴക്ക് മനുഷെഹ്രിയുടെ[24] ഹൃദയത്തിലെ ഇരുണ്ട ഗർത്തങ്ങളും റൂമിയുടെ[25] ഹൃദയത്തിലെ ദിവ്യമണ്ഡല്ത്തിലും ദൃശ്യമാവുന്ന സ്നേഹത്തിന്റെ വ്യത്യാസം പടിഞ്ഞാറ് ബെലീറ്റിസിന്റെ ഹൃദയത്തിലെ അഴുകിദുഷിച്ചു ദുസ്സഹദുർഗന്ധം വമിക്കുന്ന ചളക്കുണ്ടു മുതൽ ദാന്തെയുടെ[26] ബിയാട്രിസിന്റെ ദൈവികവും പരിശുദ്ധവുമായ ഹൃദയരാജ്യം വരെയും നമുക്കു പരിചയമുണ്ട്.

മേല്പറഞ്ഞ സകലതരം സ്നേഹങ്ങളെയും ഒരൊറ്റ അച്ചിൽ വാർത്ത വാക്കിൽ കൊള്ളിക്കുന്നത് എത്ര അനുചിതമാണ്! ‘സ്നേഹം’ എന്ന അതിരുകളില്ലാത്ത വാക്കാണ് ആ

അച്ച് എങ്കിൽ തന്നെയും. മുഹമ്മദിന്റേതുപോലുള്ള ഉദാത്തമായ ഹൃദയത്തിന്റെ അഗാധ തല വികാരങ്ങളെ കഥയെഴുത്തുകാരുടെയും ഭാവകവികളുടെയും വികാരജീവികളായ യുവാക്കളുടെയും തൂലികയിൽ നിന്നു വാർന്നു വീഴുന്ന അശുദ്ധമായ ഭാഷകൊണ്ട് വ്യയവഹരിക്കുന്നത് ഒരു ഗ്ലാസ് നുരയ്ക്കുന്ന വെള്ളത്തിൽ ഗുളികയിടുമ്പോഴുണ്ടാവുന്ന കുമുളകളുടെ ശബ്ദത്തെ ഹൃദയത്തിന്റെ ആഴങ്ങളിൽ മൃദുവായി പടർന്നൊഴുകുന്ന നിഗൂഢമായ അരുവികളുടെ ദിവ്യഹർഷവുമായി താരതമ്യം ചെയ്യുന്നതിനു സമമാണ്.

മുഹമ്മദിന്റെ ഹൃദയത്തിൽ സ്നേഹം എങ്ങനെയായിരുന്നുവെന്നു നമുക്കു മനസ്സിലാക്കുക സാധ്യമല്ല. സ്വർഗത്തിൽ വേരോടിയ സ്നേഹവുമായി അടുത്തു പരിചയമുണ്ടായിരുന്നു അദ്ദേഹത്തിനെന്നു നമുക്കറിയാം.ഏതാദൃശ സ്നേഹത്താൽ ജ്വലിക്കുന്ന ഉലയായിരുന്നു അദ്ദേഹത്തിന്റെ ഹൃദയമെന്നും. അതേ സമയം ഒന്നു മറ്റൊന്നിനുവേണ്ടി തുടിക്കുന്ന മാനുഷികമായ സ്നേഹം അതിനപരിചിതവുമദയിരുന്നില്ല. ആത്മജ്ഞാനികൾ വർണിക്കുന്ന സൗന്ദര്യവും ദിവ്യചാരുതയും വഴിഞ്ഞൊഴുകുന്ന അദ്ദേഹത്തിന്റെ ശക്തമായ മൊഴി ഇതു വെളിവാക്കുന്നുണ്ട്. “പ്രണയത്തിൽ പതിക്കുകയും അതു ത്നനിൽതന്നെ ഒതുക്കിവെച്ചു (താലോലിച്ചു വളർത്തി) മരിക്കുകയും ചെയ്യുന്നവന് സ്വർഗപിരവേശം തീർച്ച.”

മഹമ്മദിന്റെ ഹൃദയത്തിൽ സ്നേഹം ഗംഭീരമായ കഥയാകേണ്ടതായിരുന്നു. ക്രൈസ്തവ പുരോഹിതൃന്മാരും ചർച്ചുമായും സാമ്രാജ്യത്വശക്തികളുമായും ബന്ധമുള്ള ഡോസി(Dozy)യെപ്പോലുള്ള ഓറിയന്റലിസ്റ്റുകളും കോൻഡെ(Conde)യെയും ബ്രാസി(Bras)നെയും പോലുള്ള കച്ചവട എഴുത്തുകാരും കെട്ടിച്ചമച്ചഹീനവും ദുഷിച്ചതും ശത്രുതാപരവും വിവരം കെട്ടതുമായ അഭിപ്രായങ്ങളുടെ ഏഴയലത്തുപോലും വരുന്നതാവില്ല അത്. സൈനബ് പ്രശ്നത്തെ സംബന്ധിച്ച് അവിരുലൊരാളെഴുതി: ‘......മുഹമ്മദിന്റെ സഖാവായ സൈദിന്റെ ഭാര്യ സുന്ദരി സൈനബിന്റെ കിടപ്പുമുറിയുടെ വുരു പെട്ടെന്നു വീശിയ ഒരുളംകാറ്റിൽ അകന്നുമാറി. പട്ടുകൊണ്ടുള്ള ആകർഷകമായ നിശാവസ്ത്രമണഞ്ഞു കിടക്കയിൽ കിടന്നുറങ്ങുകയായിരുന്ന സൈനബ് മുഹമ്മദിന്റെ മുമ്പിൽ എഴുന്നേറ്റുനിന്നു. അവളുടെ അർദ്ധനഗ്നമായ ശരീരം മുഹമ്മദിന്റെ കൺകൾക്കു മുന്നിൽ അനാവൃതമായി. മുഹമ്മതിന്റെ ഹൃദയം പെട്ടെന്നു താണു അതിന്റെ സമനില തെറ്റി.’[27] (അവരുടെ വീക്ഷണത്തിൽ) സൈനബിനു തന്റെ പ്രണയം രഹസ്യമാക്കി വെക്കാൻ സാധിച്ചില്ല. സൈദിനോട് അവരതു തുറന്ന് പറയുകയും തുടർന്നു പ്രവാചനു വിവാഹം ചെയ്യുന്നതിനുവേണ്ടി അവളെ വിവാഹമോചനം ചെയ്യുകയും ചെയ്തു.

മഠങ്ങളുടെ ഏകാന്തമായ സ്വകാര്യതകളിലും ചർച്ചിന്റെ സുഖകരമായ മൂലകളിലും കന്യാസ്ത്രീകളും പുരോഹിതന്മാരും പങ്കുവെയക്കുന്നതരം “സ്നേഹ”മാണ്- വിക്ടർ ഹ്യൂഗോ[28]യെപ്പോലുള്ള എഴുത്തുകാർ ഇതിനുഖണ്ഡിതമായി എമ്പാടും തെളിവുകൾ നൽകിയിട്ടുണ്ട്[29]- മുഹമ്മദിന്റെ സ്നേഹമെന്നാണ് ഇത്തരം എഴുത്തുകാർ വിചാരിക്കുന്നത്

പ്രവാചകൻ അങ്ങേയറ്റം അസ്വസ്ഥനും ദുഃഖിതനുമായിരുന്നു. രക്ഷപ്പെടാനാവാത്ത തെന്നു തോന്നുന്ന ഒരു വഴിത്തിരിവാണദ്ദേഹം. സൈദിനും സൈനബിനും ഒരുമിച്ചു പോവുക അസാധ്യം. വിവാഹം വേർപ്പെടുത്തുന്നതിലാണവർക്കു മോചനം. സർവോപരി സൈനബിന്റെ ഉത്തരാവദിത്തഭാരം പ്രവാചകന്റെ ചുമലുകളിലാണ്. അദ്ദേഹമാണ് സാമൂഹികമായ ഒരത്യാവശ്യത്തിനു വേണ്ടി തന്റെ ബന്ധു ഇങ്ങനെയൊരു കെണിവരുത്തിവെച്ചത്. സൈനബിനെ നിർദ്ദയം കാർന്നുതിന്നുന്ന വേദനയിൽ നിസ്സംഗത നടിക്കാൻ അവളുടെ ദുരിതങ്ങൾക്കെല്ലാം കാരണമായ പ്രവാചകനു സാധിക്കുമോ? സൈദു

മായുള്ള വിവാഹബന്ധം വേർപ്പെടുത്തിയ ശേഷം നിരാശ്രയവും വേദനാനിർഭരവുമായ അവളുടെ ജീവിതത്തെ ശ്രദ്ധിക്കാതിരിക്കാൻ അദ്ദേഹത്തിനാവുമോ?

മനുഷ്യരാശിയുടെ ഏറ്റവും യാഥാർത്ഥ്യ ബോധമുള്ള സാമൂഹ്യആത്മീയ നേതാവായ മുഹമ്മദിന്റ മുമ്പിൽ പിരിയുടഞ്ഞുനിന്ന മാനുഷിക യാഥാർത്ഥ്യങ്ങളാണിവ. യാഥാർത്ഥ്യത്തെ അവഗണിക്കുകയല്ല പ്രവാചകൻ. സാമൂഹിക യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുന്നു എന്നതാണ് ഇസ്‌ലാമിന്റെയും പ്രവാചകന്റെയും ഏറ്റവും തിളക്ക മാർന്ന സവിശേഷതതന്നെ. യുദ്ധം, ക്രോധം, പ്രതികാരം, ജീവിതത്തിന്റെ രസങ്ങൾ, സൗന്ദര്യം, വികാരം, ധനം, വിവാഹമോചനം, പുനർവിവാഹം, ഏകഭാര്യത്വത്തിൽനി ന്നുള്ള വ്യതിചലനം ഇവയെല്ലാം വ്യക്തികളും മനുഷ്യസമൂഹങ്ങളും നിരന്തരം നേരി ടുന്ന യാഥാർത്ഥ്യങ്ങളാണ്. പലതത്വചിന്തകളും ആത്മീയചിന്താസരണികളും അനേകം മതങ്ങളും ഇത്തരം യാഥാർത്ഥ്യങ്ങളെ അവഗണിക്കാനോ അടിച്ചമർത്താനോ ശ്രമിച്ചിട്ടു ണ്ട്. അവർ ഒരിക്കലും വിജയിച്ചിട്ടില്ല. കാരണം ഒരു യാഥാർത്ഥ്യത്തെ അടിച്ചമർ്തതു മ്പോൾ അത് കൂടുതൽ അപകടകാരിയായിത്തീരും. നാം യാഥാർത്ഥ്യത്തെ നേർ്കകു നേരം കണ്ണിൽ നോക്കുന്നില്ലെങ്കിൽ അത് നമ്മെ പിറകിലൂടെ കുത്തും. ചരിത്രാരംഭം മുതൽ ആവർത്തിക്കുന്ന വസ്തുതയാണിത്.

ഇസ്‌ലാം എപ്പോഴും യാഥാർത്ഥ്യങ്ങളെ മുഖാമുഖം അംഗീകരിക്കുകയും അവയെ നിയ ന്ത്രണവിധേയമാക്കുകയും ചെയ്യുന്നു. എന്നിട്ടവയെ അവയുടേതായ വഴിക്കു തിരിച്ചുവി ടുന്നു. കലാപം, നാശം, തകർച്ച എന്നിവയിൽനിന്നു രക്ഷിക്കുന്നു. ഇസ് ലാമിനറിയാം മനസ്സിലാക്കപ്പെടാതയും തിരിച്ചറിയപ്പെടാതയും ശേഷ്ക്കുന്ന യാഥാർത്ഥ്യങ്ങളാണ് സമൂ ഹത്തിന്റെ ഏറ്റം അപൽാക്കരിയായ ആന്തരിക ശത്രു എന്നു. വിശുദ്ധയുദ്ധം, വിവാഹ മോചനം, ബഹുഭാര്യത്വം, പുനർ വിവാഹം, പ്രതിക്രിയ, ഉടമസ്ഥത എന്നിവയുടെ യെല്ലാം നിയമങ്ങൾ ഇസിലാം ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രകൃതി വിഭവങ്ങളും ഭൗതികജീ വിതാഹ്ലാദങ്ങളും ഉപയേഗപ്പെടുത്താൻ ഇസ്‌ലാം അനുവദിക്കുന്നു. ഒഴിവാക്കാൻ പറ്റാ ത്തതും കാലാകാലമായി തുടർന്ന് വരുന്നതും പടർന്ന് പിടിക്കുന്നതുമായ ആപൽക്കര മായ യാഥാർത്ഥ്യങ്ങളെ കടിഞ്ഞാണിടുകയാണ് ഇതിന്റെ ഉദ്ദേശ്യം. അങ്ങനെയുള്ള് ഒരു യാഥാർത്ഥ്യമാണ ്സ്നേഹം. വെറുപ്പ്, പ്രതികാരം, യുദ്ധം എന്നിവയെപ്പോലെ വാതിലു കളുടെ പുറത്തുകടക്കാൻ അനുവദിച്ചില്ലെങ്കിൽചുമരു തകർക്കുന്ന യാഥാർത്ഥ്യം. ഇത്തരം യാഥാർത്ഥ്യങ്ങളെ മതിലുപൊളിക്കാൻ വിടുകയാണ് ക്രൈസ്തവത ചെയ്തത്.

ഇണക്കമുള്ള രണ്ടാത്മാവുകളെ പരസ്പരം ആകർശിക്കുന്ന നിഗൂഢവും അത്ഭുതകരവു മായ ശക്തി വിശേഷം എന്തെന്നറിയാത്തവർക്കും സ്നേഹത്തെ 'പ്രകൃതിയുടെ വിളി' പോലെയുള്ള ഒരുമുട്ടൽ മാത്രമായി കാണുന്നവർക്കും പണം, പ്രതാപം, ഭൗതികനേട്ട ങ്ങൾ എന്നിവക്കതീതമായ മനുഷ്യ ബന്ധത്തെ ഉൾക്കൊള്ളാൻ കഴിയാത്തവർക്കും ഞാൻ പറയുന്നത് മനസ്സിലാവുകയില്ല. തീയുതിർക്കുന്ന ദണ്ഡുകളെയും നരക സർപ്പ ങ്ങളെയും കുറിച്ച ഭയത്തിനും സ്വർഗത്തിലെ "കറുത്ത നയനങ്ങളും ഉറച്ച മാറിടങ്ങളുമു ള്ള" മാദകത്തിടമ്പുകളോടും ആൺ, പെൺ പരിചാരകരോടുമുള്ള കാമത്തിനുമപ്പുറം മനുഷ്യ-ദൈവബന്ധം നിരർത്ഥകവും അസാധ്യവുമാണെന്നു കരുതുന്നവർക്കെങ്ങനെ യാണ് എന്റെ സൂചന മനസ്സിലാവുക?

അപ്പോഴത് മുഹമ്മദിന്റെ വിഷമസ്തിഥിയായിരുന്നുവോ?താൻ സാക്ഷ്യം വഹിക്കുകയാ യിരുന്ന അപകടകരവും ശക്തവമായ യാഥാർത്ഥ്യം സംഭവിച്ചുകൊള്ളട്ടെ എന്നു വെക്കുന്നതിൽ അദ്ദേഹം അസ്വസ്തനായതെന്ത്കൊണ്ട്? സൈനബിനെയും സൈദി നെയും വരിഞ്ഞു കെട്ടിയ ചരട് അറുക്കാൻ അദ്ദേഹം എന്ത് കൊണ്ട് മടിച്ചു? സൈദും അതിനു വളരെ താൽപര്യപ്പെട്ടിട്ടും? മുറിവേററ പക്ഷി (വിവാഹ മുക്തയായ സൈനബ് )ക്കുവേണ്ടി സ്വന്തം (ഹൃദയത്തിന്റെ) കൂട് തുറന്ന് വെക്കാൻ അദ്ദേഹം സന്ദേഹിച്ചതെ ന്തിന്? ഭയവിഹ്വലയായ അവൾ അഭയമാഹ്രഹിച്ചു തിരു ഹൃദയവാതിലിൽ തുരുതുരാമു ട്ടിക്കൊണ്ടിരുന്നിട്ടും?

ഭയമെന്തെന്നറിഞ്ഞിട്ടില്ലാത്ത പ്രവാചക ഹൃദയം ഇപ്പോൾ ഭയചകിതമായി. രണ്ടുകാര്യങ്ങളായിരുന്നു അദ്ദേഹത്തിന്റെ പേടിക്കു നിമിത്തം. ഒന്ന, തെറ്റിദ്ധാരണയിൽ നിന്നുടലെടുക്കുന്ന ജനങ്ങളുടെ പ്രതികരണം അദ്ദേഹമതുവെറുത്തു. ജനങ്ങളുടെ അശുദ്ധവും അധമവുമായ മനസ്ഥിതി തന്റെ ഉതാത്തവികാരങ്ങളെ കളങ്കപ്പെടുത്തുമെന്നദ്ദേഹം ഭയന്നു. ദിവ്യ ചൈതന്യവുമായി ബന്ധം സ്ഥാപിച്ച പരിശുദ്ധവും ഉദാത്തവുമായ ആത്മാവിനെ സംബന്ധിച്ചിടത്തോളം അഴുചേറിലിഴയുന്ന സങ്കുചിത മനസ്കമായ മനുഷ്യ പ്പുഴുക്കളെക്കാൾ വൃത്തികെട്ട ശത്രു വെറെയില്ല.

പടിഞ്ഞാറൻ സാഹിത്യത്തിലും സിനിമയിലും നിറഞ്ഞ് നിൽക്കുന്നത്പോലെയുള്ള ചല ചിത്ര പ്രേമമാണ് മുഹമ്മദിന്റെതെന്ന് വിചാരിക്കുന്ന ഇക്കാലത്തെ ‘പരിഷ്കൃത’ യൂറോപ്യൻ എഴുത്തുകാർക്കുപോലും മനസ്സിലാക്കാനാവാത്തകാര്യം സ്നേഹത്തെക്കുറിച്ച് ഒട്ടകത്തിന്റെ ധാരണകൾ മാത്രമുള്ള ഹിജാസിലെയും നജ്ദിലെയും തിഹാമയിലെയും നാടോടി അറബികൾക്കെങ്ങനെ ഉൾക്കൊള്ളാനാവും? അഗോചരങ്ങളായ അനേകം അത്ഭുത അരുവികൾക്ക് ഉറവിടമായി ബവിച്ച അഭൗമികവും നിർമലവുമായ ഹൃദയ വികാരങ്ങളുടെ മേൽ എന്തെല്ലാം അഴുക്കുകളാണ് ജനങ്ങളുടെ അധമധാരണകൾ കുന്നു കൂട്ടുക?

ഇതിനു പുറമെ മുഹമ്മദിന്റെ വഴിയിൽ അതിർ വരമ്പുകൾ നുർണ്ണയിക്കാൻ ഏതു സമൂഹത്തിലും ഉണ്ടാവുന്നതു പോലെയുള്ള ഒരു ‘കലുചിഹ്നദണ്ഡ്’ ഉയർത്തപ്പെട്ടിരുന്നു. രാജിയാവാത്ത മുൻധാരണകളാൽ പരിരക്ഷിക്കപ്പെടുന്ന, ജനഹൃദയത്തിൽ അഴത്തിലിറങ്ങിയ പുരാതനവും പരുക്കനുമായ ഒരു സമ്പ്രദായം.

അടിമത്തത്തിനും സ്വാതന്ത്ര്യത്തിനുമിടയിലുള്ള ഒരു ഘട്ടമായിരുന്നു ഇസ്‌ലാമിന്റെ ആവിർഭാവകാത്ത് ദത്തെടുക്കൽ. അർധ സ്വതന്ത്രനായിരുന്നു ദത്തു പുത്രൻ. അവനെ മറഅറുള്ളവരിൽ നിന്നു വേർതിരിക്കുന്ന നിയമപരമായ സവിഷേശത ഇപ്പോൾ പിതാവെന്നറിയപ്പെടുന്നഅവന്റെ മുൻ യജമാനന് അവൻ മൊഴി ചൊല്ലിയ പെണ്ണിനെ വിവാഹം ചെയ്ത് കൂടാ എന്നതാണ് . കാരണം അറബികൾ അതൊരു വലിയ അപമാന മായാണു കണ്ടത്.

പക്ഷെ, എന്തുകൊണ്ടാണത് അപമാനമാകുന്നത്? ഒരു വിമോചിത അടിമയെ ഒരിക്കൽ വിവാഹം ചെയ്തു എന്ന കുറ്റത്തിന് എല്ലാ സ്ത്രികൾക്കുമുള്ള അവകാശം അവൾക്കുമാത്രമായി നിഷേധിക്കുന്നതെന്തിന്? ‘സ്വതന്ത്രനാക്കപ്പെട്ട’ വ്യക്തി ‘സ്വതന്ത്രനു’ തുല്യനല്ലെന്നുണ്ടോ?

അന്ധ വിശ്വാസത്തിൽ അധിഷ്ഠിതവും മനുഷ്യത്വരഹിതവുമായ ഒരാചാരവും അടിമത്തത്തിന്റെ അവശിഷ്ടവുമായിരുന്നു ഈ സമ്പ്രദായം.സ്ത്രിയെയും അവളുടെ ഭർത്താവിനെയും അവരുമായി ബന്ധപ്പെട്ടവരെയും സംബന്ധിച്ചിടത്തോളം പ്രസ്തുത സമ്പ്രദായം പുരുഷനു തൻരെ ദുശ്ശകുനം നിറഞ്ഞ അടിമത്ത കാലത്തിന്റെ ഓർമ്മപ്പെടുത്തലും സ്ത്രിക്കു അയാളുടെ ഭാര്യയായിരുന്നതിലുള്ള അപമാനവും മാത്രമാണ് നൽകുന്നത്. സ്വതന്ത്രനായ വ്യക്തിയെയും അയാളുടെ ഭാര്യയെയും അടിമത്തവുമായി കണ്ണിടേർക്കുന്നതും സ്വതന്ത്ര മനുഷ്യരിൽ നിന്നകറ്റന്നതുമായ ബന്ധനത്തിൽ നിന്നു മോചിപ്പിക്കുന്നതിന് ഈ സ്പ്രദായം നിശ്ശേഷം പൊളിച്ചെഴുതുകതന്നെ വേണം.

അങ്ങനെയിരിക്കെ, പൊടുന്നനെ ഒരു ദൈവിക വെളിപാട, സാമൂഹികമായ അനിവാര്യത ആവശ്യപ്പെടുന്ന മറ്റു സന്ദർഭങ്ങളിൽ സംഭവിക്കാറുള്ളതു പൊലെ, ഈ അനഭിലഷണീയ സമ്പ്രദായത്തിനു വിരാമമിട്ടു: “അല്ലാഹു ഒരു മനുഷ്യനും അവന്റെ ശരീരത്തിൽ രണ്ട് ഹൃദയങ്ങൾ ഉണ്ടാക്കിയിട്ടില്ല. നിങ്ങൾ ‘ ളിഹാർ’ചെയ്യുന്ന ഭാര്യമാരെ നിങ്ങളുടെ

മാതാക്കളാക്കിയിട്ടില്ല[30] നിങ്ങൾ ദത്തെടുത്തവരെ നിങ്ങളുടെ മക്കളുമാക്കിയിട്ടില്ല. അതൊക്കെ നിങ്ങളുടെ വായകൊണ്ടുള്ള പറച്ചിൽ മാത്രമാണ്. പക്ഷെ അല്ലാഹു സത്യം പറയുന്നു. അവനാകുന്നു നേർമാർഗത്തിലേക്കുള്ള വഴി കാണിക്കുന്നതും "

ഈ വെളിപാടിനുശേഷം സൈനബ് സാമൂഹികാവശ്യാർത്ഥം തന്നെ സൈദുമായി കൂട്ടിക്കെട്ടിയ വിവാഹബന്ധനത്തിൽ നിന്നു മോചിതനായി . ഒററപ്പെടലിന്റെ അജ്ഞാതമായ മറ തങ്ങൾക്കിടയിൽ വലിച്ചിട്ട, സൈനബുമായുള്ള വിവാഹം മൂലം സംജാതമായ കഷ്ട പ്പാടിൽ നിന്ന് സൈദും മുക്തി നേടി. പക്ഷെ വിവാഹമോചനാനന്തരം തന്റെ ദുരിത ങ്ങളെ ക്കുറിച്ചുകയ്ക്കുന്ന ഓർമകളല്ലാതെ സൈനബിന് മറ്റൊന്നും തുണയുണ്ടായിരുന്നില്ല. മാത്രമല്ല പുതുതായ് ലഭിച്ച സ്വാന്ത്രം അവളെ തനിക്കുപ്രിയപ്പെട്ടവനും വിശാലമന സ്ക്കനുമായ പിതൃവ്യ പുത്രനിൽ (പ്രവാചകൻ) അഭയം നേടാൻ ത്വരിപ്പിക്കുകയും ചെയ്തു പക്ഷെ മുഹമ്മദ് സന്ദിഗ്ദ്ധാവസ്ഥയിലായിരുന്നു. ജനമെന്തു പറയും? അവരെങ്ങനെയാണിതെടുക്കുക? സുപ്രഭാതം പൊലെ വിശുദ്ധമായ തന്റെ വികാരങ്ങൾ ജനങ്ങളുടെ പകർച്ചവ്യാധിപൊലെ പടരുന്ന അഭിപ്രായപ്രകടനങ്ങളിൽനിന്ന് സുരക്ഷിതമായിരുക്കുമോ?

ഭയവും സന്ദേഹവും പ്രവാചകനെ ഭരിച്ചു. അദ്ദേഹത്തെയത് വേദനയുടെയും പീഢനത്തിന്റെയും അഗ്നികുണ്ടത്തിലാഴ്ത്തി. ഇരുണ്ട പകലുകളുംവേദനാജനകവും അസ്വസ്ഥഭരിതവുമായ രാവുകളും കടന്ന് പോയി. ജനങ്ങളുടെ വക്രിച്ചതും സംശയം നിറഞ്ഞതുമായ കണ്ണുകളിൽ നിന്ന് മറഞ്ഞു നിൽക്കുന്നസജീവമായ ജ്വാലക്കുതുല്ല്യമായ ഒരു രഹസ്യം അദ്ദേഹം താലോലിച്ചുകൊണ്ടിരുന്നു. ഈ വികലിപ്പത്തിൽപ്പെട്ടു അദ്ദേഹം മൗനിയായി. അങ്ങനെയിരിക്കെ പെട്ടന്ന് നബിയെ കുറ്റപ്പെടുത്തുന്ന പരുക്കൻ ഭാഷയിൽ ഒരു വെളിപാട് സ്വർഗ്ഗകവാടം തുറന്നെത്തി:"അല്ലാഹു വെളിപ്പെടുത്താനിരുന്നതെന്തോ അതു നീ മനസ്സിൽ മറച്ചു. നീ ജനങ്ങളെ ഭയപ്പെടുകയും ചെയ്തു."[31]

മുഹമ്മദ് ഉള്ളിൽവെച്ച കാര്യം ദൈവംവെളിപ്പെടുത്തി. അങ്ങനെ ബഹുജനപ്രതികരണത്തെക്കുറിച്ച ഭയം അസ്ഥാനത്തായി. അടിച്ചേൽപിക്കപ്പെട്ട വിവാഹക്കുരുക്കിൽ അകപ്പെട്ട് പരസ്പരം ഇണങ്ങാതെ കഴിയുന്ന രണ്ടാത്മാക്കളുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഇത്തരമൊരു പ്രശ്നത്തിൽമാനസികമായി പ്രാകൃതമൂല്യങ്ങളാലും യുക്തി ഹീനമായ സമ്പ്രദായങ്ങളാലും ഉരുവം പ്രാപിച്ച ജനങ്ങളുടെ അഭിപ്രായത്തിന് എന്തു പ്രസക്തി വൃത്തികെട്ട ഈ സമ്പ്രദായത്തിന്റെ നിർമാർജനം ഒന്നിച്ചുകഴിയുക എന്നദുരന്തത്തിൽനിന്നു ആ ദമ്പതികളെ രക്ഷിക്കും. പരസ്പരമകലുന്നതിന്റെ സന്തോശം അവർക്കാസ്വദക്കാനാവും. തന്റെ ജീവിതസാക്ഷാതാകാരത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു പുരുഷനോടൊപ്പമാവുക എന്നുമാത്രമാഗ്രഹിക്കുന്ന ഒരു സ്വതന്ത്ര സ്ത്രീയുടെ സ്നേഹത്തിന്റെ വിജയമായിരിക്കുമത്. അതേസമയം, പുരുഷന്റെ അടിമത്തത്തിന്റെയും അപമാനത്തിന്റെയും സ്ത്രീയുടെ തരംതാഴ്ത്തലിന്റെയും നിന്ദ്യതയുടെയും സ്മരണകളുയർത്തുന്ന അയുക്തികവും അനഭിലാഷണീയവുമായ സമ്പ്രദായത്തിന്റെ പരാജയം.

ഇങ്ങനെയൊക്കെയാണെങ്കിലും തന്റെ ദത്തുപുത്രന്റെ മുൻ ഭാര്യയെ വിവാഹം ചെയ്യുക എന്നത് ഏറെ പ്രയാസകരമായിത്തന്നെ നിന്നു പ്രവാചകന്, നിയമം അതിനനുകൂലമായിട്ടും. അത്തരമൊരു സമൂഹത്തിൽ ആർക്കാണതിനു ധൈര്യം വരിക? ആരാണാദ്യത്തെ ചുവടുവെയ്ക്കുക-അങ്ങനെ മനുഷ്യവിരുദ്ധമായ ഈ പ്രകൃതസംവിധായത്തിനിട്ടൊരു ചവട്ടു കൊടുക്കുക? നിർണ്ണായകമായ ആ ഉത്തരവാദിത്തം നിർവഹിക്കാൻ ദൈവം തന്റെ ദൂതനെ തന്നെ തിരഞ്ഞെടുത്തു: "നോക്കുക! അല്ലാഹു അനുഗ്രഹിച്ച, നീയും അനുഗ്രഹിച്ച ഒരുവനോടു നീ പറഞ്ഞു: 'നിന്റെ ഭാര്യയെ നീ നിലനിർത്തുകയും അല്ലാഹുവിനെ നിലനിർത്തുകയും ചെയ്യുക.' നീ നിന്റെ മനസ്സിൽ ഒരു കാര്യം മറച്ചു വച്ചു. അല്ലാഹു അത് വെളിപ്പെടുത്താനുദ്ദേശിച്ചു. നീ ജനങ്ങളെ ഭയപ്പെടുകയും ചെയ്തു. നീ ഏറ്റവും ഭയപ്പെടേണ്ടത് അല്ലാഹുവിനെയാണ്. അങ്ങനെ സൈദ് അവളെ

(നിശ്ചിതരൂപേണ) കാര്യം തീർത്തപ്പോൾ, അവളെ നിനക്കു നാം വിവാഹം ചെയ്തു തന്നു-തങ്ങളും ദത്തുപുത്രൻമാരുടെ മൊഴിചൊല്ലിയഭാര്യമാരുടെ കാര്യത്തിൽ സത്യവിശ്വാസികൾക്ക് വിഷമം നേരിടാതിരിക്കാൻ അല്ലാഹുവിന്റെ കൽപന നടപ്പാവുന്നതത്രെ."[32]

പ്രവാചകന്റെ ജീവചരിത്രവിവരണങ്ങളുടെയും, മുഹമ്മദ്-സൈനബ് കഥ പരാമർശിച്ച ഖുർആൻ വാക്യങ്ങൾ വ്യാഖ്യാനിച്ചെഴുതപ്പെട്ട ഗ്രന്ഥങ്ങളുടെയും പാരമ്പര്യങ്ങളുടെയും സമാഹാരങ്ങൾ മുൻവിധി കൂടാതെ ഒരു സ്വതന്ത്രമനസ്സിന് എത്താൻ കഴിഞ്ഞ വസ്തുതയാണിത്. ഈ ഘത്തട്ടിലും ഒറു ജിജ്ഞാസുവിന് ഇങ്ങനെ ചോദക്കാം: യഥാർത്ഥത്തിൽ മുഹമ്മദ് സൈനബിനോട് പ്രണയത്തിലായിരുന്നുവോ? മുഹമ്മദിന്റെ ദൃഷ്ടികൾ സൈനബുമായിടഞ്ഞ ദിവസം അദ്ദേഹം അവളുടെ കൺകളിൽ പ്രണയത്തിന്റെ നിഗൂഢമായ തെളിച്ചം ദർശിക്കുകയും അതദ്ദേഹത്തിന്റെ ഹൃദയത്തെ മഥിക്കുകയും എന്നിട്ടദ്ദേഹം 'ഓ, പരിശുദ്ധനും ഹൃദയങ്ങളെ ചലിപ്പിക്കുന്നവനുമായ ദൈവമേ' എന്ന് പറയുകയും ചെയ്തിരിക്കുക സംഭവ്യമാണോ? പ്രവാചകൻ സൈദിന്റെ വീട്ടിൽ ചെന്നപ്പോൾ സൈനബ് യാദൃശ്ചികമയ പുറത്ത്വരികയും അങ്ങനെ അദ്ദേഹത്തിന്റെ ദൃഷ്ടികൾ അവളുടെ ദേഹത്തിലും ഉടലിലും പതിയുകയും അതുമുതൽ അദ്ദേഹത്തിന്റെ മനസ്സിൽ അവളുടെ സൗന്ദര്യം കുടിയേറുകയും ചെയ്തുവെന്ന് പറയുന്നത് വാസ്തവമാണോ? ഈ പ്രണയം നിമിത്തം മുഹമ്മദ് തന്റെ ഹൃദയം സൈനബിന് കൊടുത്തു എന്ന് മനസ്സിലാക്കിയ സൈദ് തന്റെ ഭാര്യയുടെ നിരുന്മേഷത്തെ ഒരു നിമിത്തമാക്കി മുഹമ്മദിനു വേണ്ടി വിവാഹമോചനം ചെയ്തതാണോ?

മുഹമ്മദ്, സൈദ്, സൈനബ് എന്നിരുടെ ഹൃദയത്തിൽ അഗാധമായ മുറികളിൽ പതഞ്ഞുനിന്ന സംഘർഷങ്ങൾ എന്തായിരുന്നുവെന്ന് ആർക്ക്തീരുമാനിക്കാനാവും? നാമൊക്കെ അവരുടെ സമകാലികരും മദീനയിൽ അവരുടെ തൊട്ടടുത്ത അയൽവാസികളും ആയിരുന്നുവെങ്കിൽകൂടി നമ്മുടേതുമാത്രമായ സാഹരചര്യാവലോകനം, വികാരങ്ങൾ, ശീലം, പ്രവാചകനിലുള്ള നമ്മുടെ വിശ്വാസത്തിന്റെ സ്വഭാവം എന്നിവയെ അടിസ്ഥാനമാക്കിയേ ഇക്കാര്യത്തിൽ നാമെന്തും പറയുമായുന്നുള്ളൂ.മഹമ്മദിന്റെ ഹൃദയത്തിൽ കുടികൊണ്ട സ്നേഹം എന്തെന്നും എങ്ങനെയുള്ളതെന്നും വായിച്ചറിയാനും കൃത്യമായി കാണാനും സാധിക്കുന്നതാർക്ക്.?

പക്ഷെ ഒരാളുടെ ചിന്തയെ കഠിനമായ പ്രഹരിക്കുന്നതും, ഈ സംഭവത്തെ ഇരുണ്ട ഏടുകളിൽ ഒളിപ്പിച്ചു വെച്ചതും ചരിത്രത്തിന്റെ ദുർജ്ജേജയ ദുർഗ്ഗതതിലേക്കു പ്രകാശം വീഴ്ത്തുന്നതും പ്രവാചകജീവിതത്തെ സംബന്ധിച്ച ഈ കഥയുമായി ബന്ധപ്പെട്ട, ഏതാനും തുണ്ടംവിവരങ്ങൾ മാത്രമാണ്. അവുടെ പഴുതുകളിലൂടെ നമുക്കു നടവഴികൾ കാണാറാകും. അവ നമ്മെ ദുർഗത്തിന്റെ അകത്തേക്കു നയിക്കും. അങ്ങനെ നമുക്കു നമ്മുടെ ബുദ്ധിയുടെയും നിരീക്ഷണ പാടവത്തോടെയും സംഭവത്തിന്റെ യാഥാർത്ഥ്യം കണ്ടുപിടിക്കാം.

-ഈ സംഭവത്തിനുശേഷമാണ് (ഖന്തക് യുദ്ധം[33] കഴിഞ്ഞ് അഞ്ചുവർഷത്തിന് ശേഷം) പർദ്ദയുടെ കൽപനവന്നത്. അതിനിടയ്ക്ക് ഓരോ പ്രദേശത്തെയും സ്ത്രീകളുടെയും ഉടൽ, മുഖം, ശിരസ്സ് എന്നിവയെക്കുറിച്ചൊരു ധാരണ പുരഷന്മാരുടെ മനസ്സിൽ പതിഞ്ഞിരിക്കും.

-പ്രവാചകന്റെ അമ്മാവിയുടെ പുത്രിയാണ് സൈനബ്. അതിനാൽ ചംറുപ്പകാലം മുതലേ പ്രവാചകനവളെ അറിയാം.

-സൈദിനു ഭാര്യയായി സൈനബിനെ തെരഞ്ഞെടുത്തത് പ്രവാചകൻ തന്നെയാണ്. പ്രവാചകന്റെ നിർബന്ധത്തിനു വഴങ്ങിയാണ് അവളാ വിവാഹത്തിനു സ്മമതിച്ചത്. മുഹമ്മദന്റെ ഹൃദയത്തെ സൈനബിന്റെ സൗന്ദര്യം എപ്പോഴെങ്കിലും ആകർഷിച്ചിരുന്നെ

ങ്കിൽ അവൾ കന്യകയും കൂടുതൽ അഴകാർന്നവളുമായിരിക്കെ അദ്ദേഹത്തിനവളെ നിശ്പ്രയാസം വിവാഹം ചെയ്യാമായിരുന്നു. ഈ തർക്കങ്ങളും അപവാദവും സംഘർഷവും വികൽപവുമെല്ലാം അങ്ങനെ ഒഴിവാക്കുകയും ആവാമായിരുന്നു.

തന്റെ പത്നിയുടെ സ്നേഹമില്ലായ്മയെക്കുറിച്ച സൈനബിന്റെ പരാതി അസാധാരണ മായി പരിഗണക്കപ്പെടേണ്ട പുതിയ വിഷയമല്ല. ആലോചനയുടെ വേളയിൽതന്നെ സൈനബും കുടുംബവും പ്രസ്തുതവിവാഹത്തിനെതിരായിരുന്നുവെന്ന് നമുക്കറിയാം. പ്രവാചകന്റെ പ്രേരണകൾപോലും സൈനബിനെ ബോധ്യപ്പെടുത്താനുതകിയില്ല. സാമൂഹികമായ ഒരാവശ്യ പൂർത്തീകരണത്തിനുവേണ്ടി ബാധ്യതയായിത്തീർന്ന വിവാഹത്തിനു സമ്മതിക്കാൻ ദൈവികവെളിപാടുമൂലം നിർബന്ധിതയാവുകയായിരുന്നു അവൾ.

-വിവാഹശേഷം സൈനബ് പ്രവാചകനുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. കാരണം അവൾ അദ്ദേഹത്തിന്റെ ബന്ധുവാണ്. മാത്രവുമല്ല, ഇപ്പോഴവൾ തന്റെ വളർത്തുപുത്രന്റെ ഭാര്യയുമായിരിക്കുന്നു. സൈദാകട്ടെ പ്രവാചകകുടുംബത്തിലെ ഒരു പ്രധാന അംഗവുമാണ്. അതിനാൽ സൈദിന്റെ ഭാര്യക്ക് നബിയുടെ മരുമകളുടെ സ്ഥാനമാണുള്ളത്.

-(സൈനബിനെ വിവാഹം ചെയ്യാനുള്ള) പ്രവാചകന്റെ തീരുമാനം അദ്ദേഹത്തെ ദൈവദൂതനായും സൈനബുമായുള്ള തന്റെ വിവാഹത്തിനു മുൻകയ്യെടുത്ത വളർത്തുപിതാവായും ഗണിക്കുന്ന സൈദിന്റെ ഹൃദയത്തിൽ അനഭിലാണീയമായ തോന്നലുകളൊന്നും ഉണ്ടാക്കുകയില്ലേ? സൈദിന്റെ കാഴ്ചയിൽ തന്റെ ഭാര്യ വളർത്തച്ഛന്റെ മരുമകളാണ്. കൊച്ചു ഉസാമ(സൈദിന്റെ മകൻ)യുടെയും മുമ്പിൽ മുഹമ്മദ് മോശക്കാരനാവല്ലേ? നിസ്സംശയം, സൈനബിനോടുള്ള മുഹമ്മദിന്റെ "ആഗ്രഹം" സൈദിലും ഉസാമയിലും വെറുപ്പുളവാക്കും-പ്രവാചകൻ എന്ന പ്രതിഛായതന്നെ തകരും. പക്ഷെ, മുഹമ്മദിന്റെ ജീവിതകഥ വായിക്കുന്നവരെ സ്തബ്ധരാക്കുന്നത് സൈദും ഉസാമയും തങ്ങളുടെ ജീവിതകാലും മുഴിവൻ അദ്ദേഹത്തോട കാണിക്കുന്ന സ്നേഹവും സമർപ്പണവും വിശ്വാസവും ബഹുമാനവുമാണ്.

പ്രവാചകന് ആയിഷയോടുള്ള ഊഷ്മളമായ ഇഷ്ടം സർവ്വർക്കുമറിയാവുന്ന ഒരു വസ്തുതയായിനിലനിൽക്കുന്ന സമയത്താണ് സൈനബിന്റെ കഥ ഉയർന്നു വരുന്നത്. സൈദും സാനബും തമ്മിലുള്ള ഇടിച്ചിൽ, താനനുഭവിച്ച ദുഃഖവും ഭയവും സന്ദിഗ്ധാവസ്ഥയും, സൈനബിന്റെ വിവാഹമോചനം, സൈനബുമായുള്ള പരിണമം- ഇവയ്ക്കിടയിലൊന്നും പ്രവാചകൻ തന്റെ ഹുറൈറാ[34]യുമായി സ്നേഹത്തില്ലലാതായിട്ടില്ല. സൈനബിന്റെ സംഭവം തന്റെ താത്പര്യങ്ങളേയോ വികാരങ്ങളേയോ വെല്ലുവിളിക്കുന്ന സംഗതിയായി ആയിശ കണക്കിലെടുത്തിട്ടേയില്ല. ബുദ്ധിമതിയും ലോലപ്രകൃതയും അസൂയയുള്ളവളും സാഹസികയുമായ സ്ത്രീയായിരുന്നു ആയിശ.[35] അവർക്കെങ്ങനെ പ്രവാചകൻ മറ്റൊരു സ്ത്രീയുമായി പ്രേമത്തിലായത് നിശ്ശബ്ദം സഹിക്കാനായി? ഇബ്രാഹം എന്ന് സന്താനത്തെ സമ്മാനിച്ച മരിയ എന്ന ഭാര്യയുമായി നബികാണിച്ച നിസ്സഹായമായ അടുപ്പക്കൂടുതൽപോലും സഹിക്കാനാവാതെ പൊട്ടിത്തെറിയിലേക്കും അപവാദത്തിലേക്കും നയിച്ച ഗൂഢപദ്ധതി ആവിഷ്കരിച്ചിരുന്നു ആയിശ.[36] നബിയെ കുറ്റപ്പെടുത്താൻ മാത്രം അസൂയയാൽ ക്ഷോപിച്ചിരുന്നു അവർ. എന്നിട്ടുമെന്തേ, മുഹമ്മദിനു മറ്റൊരുത്തിയോട് അതും തന്റെ ദത്തുപുത്രന്റെ മുൻഭാര്യയോട് - അക്കാരണത്താൽ തികച്ചും അപമാനകരവുമായ - "വികാരോഷ്മളവും പെട്ടെന്നുളവായതുമായ പ്രണയ"ത്തിനെടിരേ ആയിശ എള്ളോളം പ്രതികരണം കാണിക്കുകയോ അതിൽ ഉത്കണ്ഠപ്പെടുകപോലും ചെയ്തില്ല? അല്ലെങ്കിൽ ഡോസി, കാൻഡെമുതലായ ക്രൈസ്തവ പാതിരിമാരും യൂറോപ്യൻ ഓറിയന്റലിസ്റ്റുകളും സൈനബിന്റെ നിശാവസ്ത്രവും സൈദിന്റെ പ്രശാന്തമായ ഗൃഹത്തിൽവെച്ച് തന്റെ അമ്മാവിയുടെ മകളെ ഒറ്റയ്ക്കുകണ്ടപ്പോൾ പ്രേമവികാരപാരവശ്യം കൊണ്ട് മുഹമ്മദ് മൊഴിഞ്ഞവാക്കുകളും വളരെവിശദ

മായി കണ്ടുപിടിച്ച ഈ "പ്രേമക്കാര്യ"ത്തെപ്പറ്റി പ്രവാചകന്റെ ഇതരഭാര്യമാർ-ആയിശ പോലും ഒന്നുമറിഞ്ഞില്ല എന്നു നാം ധരിക്കണം!

- യൗവനം പൂത്തുലയുന്ന ഘട്ടത്തിൽപ്രേമം അന്യമായിരുന്ന മുഹമ്മദ്, അദ്ദേഹത്തിന്റെ എതിരാളികൾ പറയുന്നതനുസരിച്ച്, അറുപതോടടുക്കുന്ന ഇപ്പോഴാണ് തന്റെ അമ്മാവി യുടെ മകളെ ഒരു നോക്കുകാണുമ്പോഴേക്ക് പ്രേമം മൂലം തലകീഴ് മറിയുന്നത്. എന്തതിശയം!

സൈനബ്-മുഹമ്മദ് പ്രേമകഥയെ സംശയിക്കാനും അതൊരു കെട്ടുകഥയാണെന്നു കാണാനും സൈനബുമായുള്ള പ്രവാചകന്റെ വിവാഹം അദ്ദേഹത്തിന്റെ മിക്കവിവാഹ ങ്ങളെയും പോലെ സാമൂഹികമായ ആവശ്യങ്ങളും ആകസ്മികതയും വിശ്വാസത്തോ ടുള്ള പ്രതിബദ്ധതയും നിമിത്തം സംഭവിച്ചതാണെന്നുറപ്പിക്കാനും ഗവേഷകരെ ശക്ത മായി ഉത്സുകപ്പെടുത്തുന്നത് "വികാരാവേശത്താൽ നടന്ന" പ്രസ്തുത വിവാഹത്തിനു ശേഷം അവർക്കിടയിൽ അങ്ങനെയുള്ള യാതൊരു വികാരവായ്പോ പ്രേമമോ കണ്ടെ ത്താൻ കഴിയുന്നില്ല എന്ന വസ്തുതയാണത്. പ്രവാചകനെ വിവാഹം ചെയ്തുടനെ സൈനബ് മറ്റ് പ്രവാചകപത്നിമാരുടെ കൂട്ടത്തിൽ ഒരുവൾമാത്രമായിത്തീർന്നു. ആയിശ യുടെ പ്രഭയിൽ അവരുടെ പകിട്ടത്രയും മുങ്ങിപ്പോയി. പ്രവാചകജീവിതത്തിൽ സൈന ബിനേക്കാൾ ഹഫ്സയുടെയും ഉമ്മുസൽമയുടെയും പേരുകളാണ് അധികം പരാമർശി ക്കപ്പെടുന്നത്.

- വാനലോകം വരെയെത്തുകയും ജിബ്രീൽ ഇടപെടുകയും ചെയ്ത മുഹമ്മദിനും സൈനബിനുമിടയക്കുള്ള ഇത്തരമൊരു വികാരോഷ്മളസ്നേഹം (ഓറിയന്റലിസ്റ്റുകൾ പറയുന്നതനുസരിച്ച്) ആയിശ അറിഞ്ഞില്ലെന്നു തന്നെ നാം ശഠ്യപൂർവ്വം വിശ്വസിച്ചാ ലും മുഹമ്മദ് പ്രേമപാശം കൊണ്ട് തന്റെ ദത്തുപുത്രന്റെ ഭാര്യയെ അവരുടെ കുടി ലിൽനിന്നും കൊളുത്തിവലിച്ചുകൊണ്ടുവന്നു സ്വന്തം ഭവനത്തിൽ പാർപ്പിച്ചിട്ടും ആയിശ അതേക്കുറിച്ചറിഞ്ഞില്ല എന്നംഗീകരിക്കുക അസാധ്യം. സൈനബുമായുള്ള അത്യധികമാ യ സ്നേഹം തീർച്ചയായും പ്രവാചകന് തന്റെ ഹുമൈറയോടുള്ള സ്നേഹത്തിൽ കുറ വുരുത്തിയിരിക്കണം, എന്നിട്ടും ആയിശ അതറിയുന്നില്ലെന്നോ? പ്രവാചകഹൃദയത്ത ആഴങ്ങളിൽനിന്നുയരുന്ന സ്നേഹവാത്സല്യങ്ങളുടെ എത്ര നിസ്സാരമായ ആന്ദോളനവും നൂറിരട്ടി വലുതാക്കി പ്രതിഫലിപ്പിക്കുന്ന അതിലോലമായ കണ്ണാടിയാണ്, എന്റെ അഭി പ്രായത്തിൽ ആയിശയുടെ ഹൃദയം. എന്നിട്ടും സൈനബ് ബന്ധത്തെക്കുറിച്ചവർ പൂർണ്ണ മൗനിയാണ്. പ്രവാചകനെ സംബന്ധിച്ചിടത്തോളം സൈനബിന്റെ കഥ മുഹമ്മദ് -ഹുമൈറാ കഥയ്ക്ക് സമാനമേയല്ല, ഒട്ടും.

പ്രവാചകനെതിരേ ആഞ്ഞെറിയപ്പെട്ട ആരോപണങ്ങളിൽനിന്ന് അദ്ദേഹത്തെ രക്ഷപ്പെടു ത്തുക എന്ന പ്രതിജ്ഞാബദ്ധത ഈ ഗവേഷണത്തിന്റെ ആരംഭത്തിൽ എനിക്കുണ്ടായി രുന്നില്ല. സ്നേഹവികാരത്തിനധീനനാണദ്ധേഹമന്ന മുൻധാരണയും എനിക്കുണ്ടായിരു ന്നില്ല. എന്നിട്ടും ഹ്രസ്വമായ ഈ ഗവേഷണത്തിനും പരചിന്തനത്തിനും ശേഷം എനി ക്കു തോന്നുന്നു, മുഹമ്മദിന്റെയും സൈനബിന്റെയും കഥ സത്യത്തിനുവേണ്ടി സ്വന്തം അന്തസ്സിനെ നിസ്സാർത്ഥമായി ബലികഴിച്ച നേതാവിന്റെ ആത്മീയ ഔന്നിത്യത്തിന്റെ ഏറ്റ വും ഉജ്ജ്വലമായ പ്രകനമാണെന്ന് എത്രയോ നേതാക്കന്മാർ ജനതയ്ക്കുവേണ്ടി തങ്ങ ളുടെ വിശ്വാസങ്ങളും ഉദാരമായി ദാനം നൽകിയിട്ടുണ്ട്. പക്ഷെ പ്രതിഫലമായി അവർ ആദരവും യശ്ശസും നേടി. എന്നാൽ വിശ്വാസത്തിനും ജനതയ്ക്കും വേണ്ടിസ്വന്തം പ്രശ സ്തിയേയും ബഹുമാന്യതയെയും ആഹുതിചെയ്യാൻ ഏറ്റവും ഉന്നതമായ ആത്മാർത്ഥ തയും സ്വയം സമർപ്പണവും ആവശ്യമാണ് ശാരീരികാർപ്പണത്തിന്റെ നിമ്ന വിതാനത്തി നപ്പുറം പോവാൻ കഴിയാത്തവർക്ക് ഈ പ്രശ്നത്തിന്റെ ആഴമിയാൻ കഴിയുകയില്ല.

******

# ബഹുഭാര്യത്വം[37]

മനുഷ്യനെ സംബന്ധിക്കുന്ന പല പ്രശ്നങ്ങളുടെയും അർത്ഥത്തിൽ ചരിത്രം വ്യത്യാസം വരുത്തിയിട്ടുണ്ട്. വാക്കുകൾക്ക് മാറ്റം സംഭവിക്കുന്നത് പോലെ സാമൂഹികവും ധാർമി കവുമായ വിഷയങ്ങളും മാറുന്നു. കാലവും ചുറ്റുപാടുമാണു വാക്കുകളുടെ ഉച്ചാരണ ത്തിലും അർത്ഥത്തിലും മാറ്റം വരുത്തുന്നത്. 'ശൂഖ്' എന്ന പാർസി പദം ഉദാഹരണമാ യെടുക്കാം. മുഷിഞ്ഞത് എന്നായിരുന്നു പണ്ട് ഇതിനർത്ഥം. എന്നാൽ ഇന്നതിന്റെ അർത്ഥം കാമിതാക്കളുടെ പ്രേമം പൊഴിയുന്ന ആർദ്രനോട്ടം എന്നാണ്. എത്ര കാവ്യാത്മ കമായ വാക്യങ്ങൾ കൊണ്ടും വ്യവഹരിക്കാൻ സാധിക്കാത്ത മൃദുലതയെ സൂചി്പപി ക്കുന്നു അത്.

'ബർകത്' (അനുഗ്രഹം) എന്ന പദമാണ് മറ്റൊരുദാഹരണം. മണ്ണും വൈക്കോൽതു രുമ്പും കലർന്ന ഒട്ടകച്ചാണകം എന്നായിരുന്നി മുമ്പിതിനർത്ഥം. ഇന്നാകട്ടെ, മനുഷ്യന്റെ യുക്തിജ്ഞാനത്തിനും വികാരങ്ങൾക്കുമതീതമായ ദിവ്യാനുഗ്രഹമാണ് അതിന്റെ സൂച ന. ചിലപ്പോഴത് ദൈവത്തിന്റെ ഒരു ഗുണവിശേഷമായും പറയാറുണ്ട്!

വാക്കുകൾക്കും ജനനവും മരണവുമുണ്ട്. ശൈശവവും കൗമാരവും വാർധക്യവും മര ണവും ബാധകമായ ജീവികൾ. ഭാഷയുടെ സവശേഷതയായ ഈ സുപ്രധാന തത്വത്തെ ക്കുറിച്ചജ്ഞരായ അർധഹൃദയരായ നമ്മുടെ എഴുത്തുകാർ വാക്കുകളുടെ രൂപഘടന യ്ക്കുസംഭവിക്കുന്ന വികാസപരിണാമങ്ങളെച്ചൊല്ലി വിലപിക്കുന്നു. ഇന്നപദത്തിന്റെ ഉച്ചാരണം ഇങ്ങനെയാണെന്നും അർത്ഥം ഇതാണെന്നും ചിലപ്പോഴവർ 'പണ്ഡിതോചി തമായി' വിധി പ്രസ്താവിച്ചുകളയും. അല്ലെങ്കിൽ അവർ പറയുക ഇന്നമാതിരിയുള്ള സ്ഖലിതങ്ങൾ സർവ്വസാധാരണമാണെന്നോ ഒരു പ്രത്യേകവാക്ക് എന്നവിധത്തിലേ എഴുതുകയോ വായിക്കുകയോ ചെയ്യാവൂ എന്നോ ആയിരിക്കും. ഗദാ മാറിക്കൊണ്ടിരി ക്കുന്ന സചേതനപദങ്ങളുടെ സഞ്ചയമാണ് ഭാഷയെന്നും ബൈഹഖിയുടേയോ ഫിർദൗ സിയുടേയോ നസ്റുല്ലാ മുൻഷിയുടേയോ[38] കാലത്ത് നിലനിന്ന അർത്ഥ സന്ദർഭ ത്തിലോ ഭാഷാഘടനയിലോ അതുറച്ചുനിന്നുകൊള്ളണമെന്നില്ല എന്നും അവർ മനസ്സി ലാക്കുന്നില്ല.

വിവിധ സാമൂഹിക, മാനസിക, ധാർമിക പ്രശ്നങ്ങളെയും ഇതേപരിവർത്തനപ്രക്രിയ ബാധിക്കുന്നു. ഓരോ തലമുറയും ഈ പ്രശ്നങ്ങൾക്കു വ്യത്യയസ്തമായ അർത്ഥവും സത്തയും ധർമ്മവും കൽപിക്കുന്നു. സ്ഥലവും സാഹചര്യവും അതിൽ രൂപപരിണാമം വരുത്തും. എത്രത്തോളമെന്നാൽ മൂലാർത്ഥത്തിൽനിന്നു ഭിന്നമോ വിരുദ്ധമോ ആയ അർത്ഥമാവും ചിലപ്പോൾ കാലങ്ങളിൽ വന്നുചേരുക.

ബഹുഭാര്യത്വം ഇതുപോലുള്ള ഒരു വിഷയമമണ്. ഗതകാല ഗോത്ര-നാടോടി-പിതൃ കേന്ദ്രീകൃത സമൂഹങ്ങളിൽ നടപ്പുണ്ടായിരുന്നതും ആധുനിക സങ്കീർണ്ണ ബൂർഷ്വാ നാഗ രികതകളിലും ഏകപത്നീഗൃഹങ്ങളിലും അത്ര പരിചയമില്ലാത്തതുമായ ഈ പ്രശ്നത്തെ യൂറോപ്പിലെ ആധുനിക നാഗരികസമൂഹത്തിന്റെ അളവുകോലുകളും പരി പ്രേക്ഷ്യവും ഉപയോഗിച്ചു വിലയിരുത്തുകയാണെങ്കിൽ തീർച്ചയായും നാമതിനെ തിര സ്കരിക്കുകയും അപലപിക്കുകയും ചെയ്യും. നവീനമൂല്യങ്ങളുടെ വെളിച്ചത്തിൽ പഴയ സമ്പ്രദായങ്ങൾ പരിശോധിക്കുന്ന അപഗ്രഥനരീതി വലിയപ്രചാരവേലയക്കും ഉദ്വേ ത്തിനും കാരണമാവുന്ന അളവിൽതന്നെ ഗവേഷണ പഠനങ്ങളുടെ ശാസ്ത്രീയതയ്ക്ക് ഹാനികരവുമാണ്. കാര്യങ്ങൾ യഥാർത്ഥം കാണാതിരിക്കുമാറ് ഗവേഷകന്റെ ദൃഷ്ടിയെ അത് തമസ്സണിയിക്കും.

ബഹുഭാര്യത്വം മാത്രമല്ല വിവാഹം തന്നെയും ഇന്നത്തേതിൽനിന്നും വളരെ വ്യത്യസ്ത മായ രീതിയിലാണ് ഗതകാലത്ത് കൈകാര്യം ചെയ്തിരുന്നത്. വളരെ അപൂർവ്വമായെ

വിവാഹം സ്നേഹത്തിന്റെയും വികാരത്തിന്റെയും പ്രകടനമായിരുന്നുള്ളു അന്ന്. ഒരു ബന്ധമോ കരാറോ സ്ഥാപിക്കാനുള്ള സാമൂഹികമായ ഒരാചാരം മാത്രമായിരുന്നു അക്കാലത്ത് വിവാഹം പലപ്പോഴും.

രാഷ്ട്രീയമോ സാമൂഹികമോ സാമ്പത്തികമോ ധാർമികമോ ആയ താത്പര്യങ്ങളാണ സ്നേഹത്തേടോ ലൈംഗികതയേയോക്കാൾ ഉപരിയായി കണക്കിലെടുത്തിരുന്നത്. പ്രാചീനഗ്രീസിൽ പരിഷ്കൃതമായ ഒരു നാഗരികത ഉണ്ടായിട്ടുകൂടി വിവാഹം പ്രത്യുൽപാദനതിനുള്ള ഒരുപാധിയും ഭാര്യകുട്ടികളുടെ 'അമ്മ' മാത്രമായിരുന്നു. ലൈംഗികപങ്കാളി എന്ന പരിഗണനപോലും അവൾക്കുണ്ടായിരുന്നില്ല. വീട്ടിനു പുറത്താ യിരുന്നു അധികപക്ഷവും വികാരനിവൃത്തി. സ്ത്രീകൾ പൊതുവേ അക്കാലത്ത് കേവലം പ്രസവിക്കുന്ന യന്ത്രങ്ങൾ മാത്രമായിരുന്നു. "ഗ്രഹനടത്തിപ്പിനായിരുന്നു വീട്ടിൽ സ്ത്രീകളുടെ ആവശ്യം. ലൈംഗികാസ്വാധനത്തിനായിരുന്നില്ല." (ഖാബൂസ്നാ മ.പേ.78). ഭർത്താക്കന്മാർ വീട്ടിനുവെളിയിൽ ആൺകിടാങ്ങൾക്കൊപ്പം രമിച്ചു.

വേദ പുസ്തകങ്ങളിലും(ലത്തൂൻ കഥ) സാഹിത്യകൃതികളിലും(പേർഷ്യൻ ഭാവകവിക ളിലേതുപോലെ) മാത്രമല്ല സോക്രട്ടീസിനെപ്പോലുള്ള വലിയമനുഷ്യന്മാരുടെ ജീവിത ത്തിലും ഇത്തരം കഥകൾ നാം കണ്ടെത്തുന്നു. ഗ്രീസിലെ ദേശീയ, സൈനിക പ്രമു ഖനും തന്റെ ശിഷ്യന്മാരിലൊരാളുമായ അൾസിയാബയഡീസുമായിട്ടായിരുന്നു സോക്ട്ടീസിനു ബന്ധം. പരസ്യമായി സമ്മതിക്കാൻ ഇരുവർക്കും മടിയില്ലാത്തവിധം സാധാരണമായ ഒരു ബന്ധമായിട്ടാണ് അത് ഗണിക്കപ്പെട്ടത്. തത്വചിന്തകന്റെ നിരുത്സാ ഹത്തിൽ പരിതപിച്ച അൾസിയാബയഡീസിനോട് സോക്രട്ടീസ് അസന്ദിഗ്ധം പറഞ്ഞു: "നിന്റെ നല്ലകാലം നീ കഴിച്ചിരിക്കുന്നു".[39]

പേർഷ്യൻ സഹിത്യത്തിൽ മത-ഐഹികപരിഷ്കർത്താവായി അിറയപ്പെടുന്ന (മുസ്ലിഹുദ്ദീനി വദ്ദുൻയാ)ധർമ്മഗുരുവും ആത്മജ്ഞാനിയും പ്രബോധകനും ഗ്രന്ഥകാ രനുമായ സഅദിയാണ് നല്ല ഉദാഹരണം. ധാർമികതയെയും അച്ചടക്കത്തെയും സംബന്ധിച്ച സ്വന്തം കൃതിയിൽ അദ്ദേഹം തന്റെ തന്നെ ഇടപാടിനെക്കുറിച്ചും ഒരു ഹമ ധാനീ ന്യായാധിപനു കരുവനുമായോ കശാപ്പുകാരനായ ബാലനുമായോ ഉണ്ടായിരുന്ന ബന്ധത്തെക്കുറിച്ചും പറയുന്നു. പേരെടുത്ത മത-ശാസ്ത്ര-സാഹിത്യ സാഹിത്യവ്യ ക്തിത്വം എന്ന നിലയിൽ കശ്ഗർവലിയ പള്ളിയിൽ താൻ പ്രവേശിച്ചതിനെയും അവിടെ കിതാബോതുകയായിരുന്ന ഒരു ബാലനെ വിളിച്ചു ചുംബിക്കുകയും ഓമനിക്കാൻ തുട ങ്ങുകയും ചെയ്തതിനെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. അതേഗ്രന്ഥത്തിൽ തന്റെ യൊരു പഴയ വത്സൻ ആശ്ലേഷവും വാത്സല്യവും പ്രതീക്ഷിച്ചിട്ടു നൽകാതെ താൻ അകന്നുനിന്നതും അദ്ദേഹം വിവരിക്കുന്നു. ആ ചെറുപ്പക്കാരനോടദ്ദേഹം പറഞ്ഞത് അവന്റെ ശബ്ദസൗകുമാര്യവും ശരീരസൗന്ദര്യവും നഷ്ടപ്പെടുകയും മുഖത്തുമുഴിവൻ താടി രോമങ്ങൾ വളരുകയും ബാല്യത്തിന്റെ മിനുപ്പുകൾ അപ്രത്യക്ഷമാവുകയും ചെയ്തിട്ടുണ്ട് , അതിനാൽ പഴയതുപോലെ ബന്ധം സാധ്യമല്ലെന്നാണ്.[40]

ഒരഛൻ മകനു നൽകുന്ന ഉപദേശങ്ങളടങ്ങിയ ധാർമികതത്വ ഗ്രന്തമായ ഖാബൂസ് നാമ[41]യിൽ അതിന്റെ കർത്താവ് ചെറു ബാല്യക്കാരനെ പച്ചയ്ക്ക് ഉപദേശിക്കുന്നു. "നിന്റെ അഭിലാഷം സ്ത്രീകളിലോ ആൺവേലക്കാരിലോ പെട്ട ഒരു വിഭാഗത്തിൽ മാത്രമായി ചുരുക്കാതിരിക്കുക. രണ്ട് കൂട്ടത്തിൽനിന്നും നിനക്ക് തൃപ്തിയടയാം ഒരു വിഭാഗത്തെയും നിനക്ക് പിണക്കേണ്ടിയും വരില്ല." (പേ.67).

എല്ലാ ദേശങ്ങളുടെയും ചരിത്രത്തിലും സാഹിത്യത്തിലും സമാനകഥകൾ ധാരാളം കാണാം. ഇന്നു നാം വിചിത്രമോ അവിശ്വസനീയമോ ആയി കണക്കാക്കുന്ന ഗതകാല ത്തുനിലനിന്ന വിവാഹസങ്കൽപ്പം യാഥാർത്ഥങ്ങളെ അവയുടെ വ്യത്യസ്തമായ സ്വഭാവ വിഷേശങ്ങളോടെ ശരിയായ വിധത്തിൽ വിലയിരുത്താൻ നമ്മെ സഹായിക്കുന്നു.

പ്രവാചകജീവിത്തിലെ ബഹുഭാര്യത്വം ഇതുപോലെ വ്യത്യസ്തമായി മനസ്സിലാക്കപ്പെടേണ്ട ഒരു യാഥാർത്ഥ്യമാണ്. അുഹമ്മദ് യഥാർത്ഥത്തിൽ മറ്റൊരു ഡോൺ ജുവാൻ ആയിരുന്നോ? ഒരാള സ്ത്രീ ലമ്പടനായി ചിത്രീകരിക്കാൻ മുതരുന്നവർ പ്രസ്തുതവ്യക്തിയുടെ യൗവനകാലത്തെക്കുറിച്ചന്വേഷിക്കണം. കാരണം യുവാവായിരിക്കുമ്പോഴാണല്ലോ കാമവും ലൈംഗികാഭിലാഷവും പരകോടിയിലെത്തുക. പക്ഷെ ഭാര്യമാരുമായുള്ള പ്രവാചകന്റെ തമാശകളും നേരമ്പോക്കുകളും വരെ രേഖപ്പെടുത്തിവെച്ച ചരിത്രം യുവാവായ മുഹമ്മദിന്റെ കാമ തുരത്വത്തെക്കുറിച്ച് ഒരക്ഷരം കുറിച്ചിട്ടില്ല. ഇരുപത്തഞ്ചാം വയസ്സുവരെ അനാഥത്വവും ദാരിദ്രവും കഷ്ടപ്പാടുകളും അജപാലനവുമാണ് മുഹമ്മദിനുകൂട്ട്. യൗവനത്തിന്റെ സ്ഫോടകാവസ്ഥയിൽ അദ്ദേഹം വിവാഹം ചെയ്ത പ്രഥമ ഖദീജനാൽപതു നാൽപത്തഞ്ചു വയസ്സുള്ള ഒരു വിധവയായിരുന്നു. നേരത്തെ രണ്ട് തവണ അവർവിവാഹിതയായിരുന്നു. മുഹമ്മദിന്റെ പ്രായമുള്ള കുട്ടികളുണ്ടായിരുന്നു അവർക്ക്. തന്റെ യുവത്വകാലം മുഴുവൻ ഖദീജയോടൊപ്പമാണ് അദ്ദേഹം ചിലവഴിച്ചത്. അവരുടെ ഇരുപത്തെട്ട് വർഷത്തെ ദാമ്പത്യയത്തിനിടയ്ക്ക് മറ്റൊരുഭാര്യയെ അദ്ദേഹം സ്വീകരിച്ചിട്ടില്ല. മറ്റേതൊരു ഖുറൈഷി യുവാവിനെയും പോലെയുള്ള യുവാവായിരുന്നു മുഹമ്മദ് ഈ വർഷങ്ങളിൽ എന്നോർക്കണം. സമൂ◌ൂഹത്തിൽ പ്രത്യേകമായ പദവിയോ ധാർമ്മികമായ ഭാരങ്ങളോ എടുത്തുപറയാവുന്ന രാഷ്ട്രീയ-സൈനിക ഉത്തരവാദിത്തങ്ങളോ അക്കാലങ്ങളിൽ മുഹമ്മദിന് ബാധിച്ചിരുന്നില്ല. പിൽക്കാലത്താണ് അവ അദ്ദേഹത്തിന് വന്ന് ചേരുന്നത്. സർവോപരി പ്രവാചക ദൗത്യം അദ്ദേഹത്തിനു സിദ്ധിച്ചിരുന്നില്ല. പ്രായാധിക്യത്തിന്റെ അവശതകളും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഈ നിലയിൽ അഭിലാഷങ്ങൾ ശമിപ്പിക്കുന്നവരിൽനിന്ന് അദ്ദേഹത്തെ ഒന്നും തടയാനുണ്ടായിരുന്നില്ല. എന്നിട്ടും വിവാഹബാഹ്യബന്ധങ്ങൾ മുഹമ്മദ് തേടിപ്പോയിരുന്നില്ല. അബ്ദുല്ലയുടെ പുത്രനായ ആ യുവാവ് തനിക്ക് പ്രത്യേകിച്ച് ഉത്തരവാദിത്തങ്ങളൊന്നുമില്ലാതിരുന്നിട്ടും തന്റെ ജീവിതത്തിലെ പ്രധാനമായ കാലയളവ് നാൽപതോ നാൽപത്തഞ്ചോ വയസ്സുള്ള ഒരു വിധവയുമായോടൊപ്പം, എഴുപതാം വയസ്സിലെ അവരുടെ നിര്യാണം വരെ, മറ്റൊരു സ്ത്രീയെക്കുറിച്ചു ചിന്തിക്കാതെ ചെലവഴിച്ചു എന്താണത്ഭുതം. ഏറ്റവുമധികം മുൻധാരണകൾ വെച്ചുപുലർത്തുന്ന ക്രിസ്ത്യൻ മിഷനറിമാർപോലും മുഹമ്മദിന്റെ മക്കയിലെ ദിനങ്ങളിൽ സുഖവാദ സമീപനം ആരോപിക്കാനാവില്ല എന്നു സമ്മതിക്കുന്നു. പിന്നെയെങ്ങെനെയാണ് തന്റെ 53-ാമത്തെ വയസ്സിൽ ദൈവികദൗത്യവും രാഷ്ട്രീയ, സാമൂഹിക, സൈനിക ഉത്തരവാദിത്തങ്ങളും പേറി, സമൂഹത്തിൽ അത്യുന്നതമായ സ്ഥാനത്തിന്റെ ഉടമയായി, ജനങ്ങൾക്കുള്ള വിശ്വാസം, ഭക്തി, ക്ഷമ, സമർപ്പണം, കഠിനാധ്വാനം, സഹനം എന്നിവയിക്കുള്ള പ്രചോദനമായി മദീനയിലേക്കു പാലായനം ചെയ്ത സമയത്ത് ഓറന്റിയലിസ്റ്റുകൾ പറയുന്നതുപോലെ, വികാരത്തിന്റെ നാളം പെട്ടെന്നദ്ദേഹത്തെ പിടികൂടുകയും കാമമോഹങ്ങൾ അധീനപ്പെടുത്തുകയും ചെയ്യുക?

ഡോൺ ജുവാൻ യുവത്വം പിന്നിട്ടപ്പോൾ സ്ത്രീകളെ ഭർസിക്കുകയും ആഗ്രഹങ്ങൾ വെടിയുകയും നന്മയുടെയും സമർപ്പണത്തിന്റെയുമായ ജീവിതം നയിക്കുകയും ചെയ്തുവെന്നറിയാം നമുക്ക്. പിന്നെയെങ്ങനെയാണ് ഇരുപത്തിഅഞ്ചാം വയസ്സിൽ തന്നെക്കാൾ ഇരുപത്തഞ്ച് വയസ്സ് അധികമുള്ള ഒരു വിധവയെ വിവാഹം ചെയ്തു തന്റെ53-മത്തെയും അവളുടെ 73-ാമത്തെയും വയസുവരെയും ജീവിച്ച് വാർധക്യത്തിലെത്തുകയും നിരന്തരമായ സൈനിക രാഷ്ട്രീയ സംഘർഷങ്ങൾക്കു കാരണമായ പ്രവാചകത്വപദവി നേടുകയും ചെയ്ത സന്ദർഭത്തിൽ മുഹമ്മദ് ഡോൺ ജുവാനായി മാറുക.?

പ്രവാചകൻ കുറേ സ്ത്രീകളെ വിവാഹം ചെയ്ത മദീനയിലെ ജീവിതരീതിയാണ് ക്രിസ്ത്യൻ പ്രചാരകന്മാർ വലിയ പ്രചാരണകോലഹലങ്ങളോടെ വിമർശിച്ചത്. എന്നാൽ ശ്രദ്ധിക്കപ്പെടാതെ പോയത് സ്ത്രീകളുടെ എണ്ണമല്ല സൗന്ദര്യമാണ് പുരുഷന്റെ മനം നിറയ്ക്കുക എന്നതാണ്. ശൃംഗാരികളും വിലാസവതികളുമായ പെൺകുട്ടികളെയാണ്

സ്ത്രീലമ്പടന്മാർ അന്വേഷിക്കുക; വിധവകളെയോ കുട്ടികളുള്ള വയസ്സത്തിയെയോ ഉമറിന്റെ മകൾ ഹഫ്സയെപ്പോലുള്ള അസുന്ദരികളേയോ അല്ല. ഭർത്താക്കന്മാരുടെ മരണത്തോടെ സൗന്ദര്യമ വാർന്നുപോയവരുടെയും കന്യാകത്വത്തിന്റെ പച്ചത്തുടിപ്പുകൾ നഷ്ടപ്പെട്ടവരുടെയും യൗവനത്തിന്റെ വികാരവും അഭിലാഷത്തള്ളിച്ചയും വഴിമാറി വാർധക്യത്തിന്റെ ചുളിവുകളും മൂപ്പിന്റെ ജഢതയും മര്യാദയുടെ ഗൗരവവും പകരം ലഭിച്ചവരുടെയും പിറകെയല്ല വിഷയാസക്തർ പോവുക.

ഭാഗ്യവശാൽ മുഹമ്മദിന്റെ 'അന്തപുരത്തി'ലെ ശിഖണ്ഢി ചരിത്രമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ മുഴുവൻ സ്ത്രീകളെയും അവരെങ്ങനെ അദ്ദേഹത്തിന്റെ പത്നിപദത്തിൽ വന്നുവെന്നും അദ്ദേഹത്തിന്റെ ഭവനത്തിൽ അവരെങ്ങനെ ജീവിച്ചുവെന്നും അതിനറിയാം. ക്രിസ്ത്യൻ പാതിരിമാരെക്കാളും യൂറോപ്യൻ ഓറന്റിയലിസ്റ്റുകളെക്കാളും നന്നായി പ്രവാചകന്റെ ഭാര്യമാരെക്കുറിച്ചറിയുക ചരിത്രത്തിനാണെന്നു തീർച്ച!

******

# പ്രവാചക പത്നിമാർ

## ആയിശ

പ്രവാചകന്റെ പ്രഥമ ഭാര്യ ഖദീജ തന്റെ എഴുപതാമത്തെ വയസ്സിൽ അന്തരിച്ചു. പ്രവാചകനപ്പോൾ വയസ്സ് അമ്പത് കഴിഞ്ഞിരുന്നു. മക്കാജീവിതഘട്ടത്തിൽ പ്രവാചകന് ഏറ്റവുമധികം പ്രയാസം നേരിട്ട സമയവുമായിരുന്നു അത്. തന്റെ അനുയായികളിൽ ധാരാളം പേർ ഹബ്സീനിയയിലേക്കു പാലായനം ചെയ്തു ശത്രുക്കൾ നിറഞ്ഞ നഗരത്തിൽ പ്രവാചകനും ഏതാനും അനുയായികളും ഏതാനും ബന്ദികളെപ്പോലെ കഴിയേണ്ടസ്ഥിതി. നാട്ടിൽ സ്വാധീനമുള്ളയാളും തന്റെ സംരക്ഷകനുമായ അബൂത്വാലിബും അതേ വർഷം തന്നെ മരിച്ചു. മുഹമ്മദ് ഒറ്റയ്ക്കായി. വീട്ടിനു പുറത്ത് ശത്രുതതും പീഡനവും മാത്രം. അകത്ത് കൊച്ചുഫാത്വിമയും മരിച്ചുപോയ അവളുടെ മാതാവിനെക്കുറിച്ച തപ്ത സ്മരണകളും, സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ അവസ്ഥയിൽ ദുഃഖം പൂണ്ടു. പുനർവിവാഹം ചെയ്യാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു.

മരണം തനിക്കു മനസ്സിൽ താലോലിച്ചു കൊണ്ടു നട്കകാൻ മാത്രമുള്ള ഖദീജയോടുള്ള സ്നേഹവും, പ്രയാസങ്ങളും, ദുരിതങ്ങളും അപകടങ്ങളും നിറഞ്ഞ രാഷ്ട്രീയ ജീവിതവും പുനർവിവാഹത്തെക്കുറിച്ചും ചിന്തിക്കുന്നതിൽ നിന്നദ്ദേഹത്തെ തടഞ്ഞു.

ഇസ്ലാമിൽ ജനിച്ച ആദ്യത്തെ പെൺതരിയാണ് അബൂബക്കറിന്റെ മകൾ ആയിശ. ജാഹിലിയ്യാ യുഗത്തിന്റെ സ്മരണകളില്ലാത്ത അവൾ പ്രവാചകന്റെ ഭാര്യയാവട്ടെ എന്ന് അദ്ദേഹത്തിന്റെ അനുചരന്മാരും സുഹൃത്തുക്കളും നിർദ്ദേശിച്ചു. മൃദുലമായ ഹൃദയത്തിനേ ഈ ആശയത്തിന്റെ സൗന്ദര്യവും സുഭഗതയും ഉൾക്കൊള്ളാനാവൂ. ആുക്തിയും തർക്കവുമല്ല അതിനുവേണ്ടത്. പുതുതായി നട്ടുവളർത്തിയ പൂന്തോപ്പിലെ പ്രഥമ പുഷ്പം അല്ലേങ്കിൽ തോട്ടത്തിൽ ആദ്യമായി പഴുക്കുന്ന കനി തോട്ടക്കാരന്റെ അധ്വാനത്തിനള്ള സ്മരണയാണ്. ആദ്യപുഷ്പം അഥവാ ഫലം തോട്ടക്കാരനുള്ളതത്രെ. തോട്ടക്കാരനു മാത്രമാണതിന്റെ അവകാശം.

ലോലവികാരങ്ങളുള്ള വ്യക്തിയായിരുന്നു അബൂബക്കർ. പ്രവാചകനിലുള്ള വ്യത്യാസ്തതിനു പുറമെ പ്രവാചകസ്നേഹം കരകവിഞ്ഞൊഴുകുന്ന ഹൃദയത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. തന്റെ മകളെ പ്രവാചകൻ വിവാഹം കഴിക്കട്ടെ എന്നദ്ദേഹം

നിർദ്ദേശിച്ചു. എന്നാൽ ആ സമയത്ത് ആയിശയ്ക്ക് ഏഴും പ്രവാചകന് അമ്പതിലധിക വുമായിരുന്നു പ്രായം. അദ്ദേഹത്തിന്റെ വീട്ടിൽ മാതൃശ്രദ്ധയാവശ്യമുള്ള ഫാത്വിമയും ഉണ്ടായിരുന്നു. വീട്ടിന് പുറത്ത് അബൂജഹലിനെ[43]പ്പോലുള്ള ശത്രുക്കളും. ജീവിതമാകെ ക്ലേശങ്ങളും ദുരിതങ്ങളും അപകടങ്ങളും അക്രമങ്ങളും ചൂഴ്ന്നു നിൽക്കുന്നു. ഒരു താങ്ങ് സഹായഹസ്തം ആയിരുന്നു അദ്ദേഹത്തിനേറ്റം ആവശ്യം. അബൂബക്കറിന്റെ ഏഴുവയസ്സായമകൾ ആ സമയത്ത് അദ്ദേഹത്തിനു ചേർന്ന തുണയാകുമായിരുന്നില്ല. അതിനാൽ അപ്പോൾ നിശ്ചയമുറച്ചു(പിന്നീട് രണ്ട് വർഷം കഴിഞ്ഞാണ് അവർ ഒരുമിച്ചു ജീവിതമാരംഭിച്ചത്). ഇങ്ങനെ ഇസാലാമിക യുഗത്തിൽ പിറന്ന ഒന്നാമത്തെ പെൺകു ട്ടിയും പ്രഥമമുസ്ലിം തലമുറയുടെ മുന്നണി നായികയുമായ ആയിശ പ്രവാചകന്റെ ജീവിത പങ്കാളിയായി. അാത്രമല്ല ഈ ബന്ധം പ്രവാചകനെയും അദ്ദേഹത്തിന്റെ സഹ ചാരിയും സുഹൃത്തുമായ അബൂബക്കറിനെയും ബന്ധുക്കളുമാക്കി. അന്നത്തെ പരിത സ്ഥിതിയിൽ രണ്ട് കൂട്ടിയിണക്കുന്ന ഏറ്റവും ശക്തമായ പാശം കുടുംബബന്ധമാണെന്ന് ബദവീഗോത്രവർഗ്ഗ സാമൂഹ്യശാസ്ത്രം സാക്ഷ്യപ്പെടുത്തുന്നു.

പ്രവാചകൻ വിവാഹം ചെയ്ത ഏക കന്യക ആയിശയാണ്. ദ്ദേഹത്തിന്റെ ഹൃദയത്തി ലേക്ക് ചെറുപ്പവും സൗന്ദര്യവുമായി കടന്നുവന്ന ഏക വനിതയും അവർ മാത്രം. പക്ഷെ സൗന്ദര്യമായിരുന്നില്ല അവരുടെ ചേർച്ചയ്ക്കാധാരം. ടകാച്ചുബാലികയുടെ മുഖലാ വണ്യം അമ്പതുകാരന്റെ വികാരങ്ങളെ ഉദ്ദീപിപ്പിക്കുന്നില്ല. ന്യായബദ്ദമായ പ്രയാജനപര തയിൽ ഊന്നിയ പ്രതീകാമ്തകമായ വിവാഹമായിരുന്നു അവരുടേത്. പ്രണയമോ വികാരമോ ഈ വിവാഹത്തിന്റെ ഹേതുവായി കാണുന്നത് നിരർത്ഥകമത്രെ. ആയിശ മക്കയിൽ നബിയോടൊപ്പം ജീവിച്ചിട്ടില്ല. ഇണ്ട് വർഷം കഴിഞ്ഞ് മദീനയിൽവച്ചാണ് അവരൊന്നിച്ചു ജീവിതമാരംഭിച്ചത്.

“മുഹമ്മദിനു ആയിശയോടുള്ള സ്നേഹം”, ഈജിപ്ഷ്യൻ എഴുത്തുകാരനായ മുഹമ്മദ് ഹുസൈൻ ഹൈക്കൽ പറയുന്നതുപോലെ, “അവരുടെ വിവാഹംശേഷമാണാരംഭിച്ചത്, അതിനുമുമ്പല്ല. പ്രണയം വഴിയാണദ്ദേഹം ആയിശയെ വിവാഹം കഴിച്ചത് എന്നുപറ യാൻ പറ്റില്ല.... ഒരേവുവയസ്സുകാരിയോട് പ്രവാചകൻ വിവാഹത്തിലായി എന്നു വിശ്വ സിക്കുക അസാദ്ധ്യം”(അബ്ബാസ് മഹ്മൂദ് അഖ്ഖാദ്, ഹഖായിഖുൽ ഇസ്ലാം വ അബാ ത്വിലുൽ ഖുസമ പേ.12). മറ്റുവാക്കുകളിൽ, തന്റെ ഭാര്യമാരിൽ കന്യകയും സുന്ദരിയും ചെറുപ്പക്കാരിയുമായ ഒരേയൊരുത്തിയും താൻ പിന്നീട് അതിരറ്റ് സ്നേഹിച്ചവളുമായ ആയിശയോടുള്ള വിവാഹം പ്രണയത്തിൽ നിന്നുണ്ടായിരുന്നതല്ല. മറിച്ച് സാമൂഹി കവും രാഷ്ട്രീയവുമായ പ്രയാജനപരതയുടെ ഫലമായിരുന്നു.

ഇനി അദ്ദേഹത്തിന്റെ മറ്റു വിവാഹങ്ങളെക്കുറിച്ചും ഹസ്രമായി പരിചിന്തിക്കാം.

### സൗദ

സമാഇഹിന്റെ മകൾ സൗദ തന്റെ മാലുത പുത്രനായ സുക്റാൻ ഇബ്നു അംറിന്റെ ഭാര്യയായിരുന്നു. ഇസ്ലാമിന്റെ ഭയാനകവും ഇരുണ്ടതുമായ ആദ്യഘട്ടത്തിൽതന്നെ ഭർത്താവൊന്നിച്ച് അവർ ഇസ്ലാം ആശ്ലേഷിച്ചു. വിശ്വാസനത്തിന്റെ പേരിൽ പീഡനങ്ങൾക്കിരയായ അവർ അബ്സീനിയയിലേക്കു പാലായനം ചെയ്തു. മടങ്ങി വരുമ്പോൾ ഭർത്താവ് ജീവിച്ചിരിപ്പുണ്ടായിരുന്നില്ല. തുണയില്ലാതെ സൗദ ഒറ്റപ്പെട്ടു. വറു തിയും ദുരിതവും മാത്രമായിരുന്നില്ല ആ വിധവയെ വരവേൽക്കാനുണ്ടായിരുന്നത്. ഒന്നുകുലവൾക്ക് താൻ കയ്യൊഴിഞ്ഞ മതവിശ്വാസങ്ങൾ വച്ചുപുലർത്തുന്ന തന്റെ കുടും ബക്കാരോടൊപ്പം ചേരാം. അല്ലെങ്കിൽ താൻ വളരെയേറെ ത്യാഗങ്ങൾ സഹിച്ചു സംര ക്ഷിച്ചു പോന്ന വിശ്വാസം കൈവെടിഞ്ഞ് വിഗ്രഹാരാധനയിലേക്കു മടങ്ങിപ്പോവാം. അതുമല്ലെങ്കിൽ തനിക്കു സ്നേഹിക്കാൻ കഴിയാത്ത ആരുടെയെങ്കിലും കൂടെ പൊറു ക്കാം. ഇസ്ലാമിനുവേണ്ടി കടുത്തപരീക്ഷണങ്ങൾ സഹിച്ചതിനു ശേഷം ജീവിതം

തകർന്നുപോയ ധീരയും ചാരിത്രവതിയുമായ ഈ സ്ത്രീയെ പ്രവാചകൻ വിവാഹം ചെയ്തു സംരക്ഷണഭാരം ഏറ്റെടുത്തു. ഖദീജയുടെ മരണത്തിനു ശേഷം പ്രവാചകഭവനത്തിൽ ഉണ്ടായിരുന്ന ശൂന്യത സൗദ നികത്തി

## ഹിന്ദ് (ഉമ്മുസൽമ)

അബൂ ഉമയ്യയുടെ പുത്രിയും ബദ്ർ, ഉഹ്ദ് യുദ്ധങ്ങളിൽ മുറിവുപറ്റിയ മഹാനായ പോരാളി അബൂ സലമ(അബ്ദുല്ലാ മഖ്സുമി)യുടെ പത്നിയുമായിരുന്നു ഹിന്ദ്. അസദ് ഗേത്രക്കാരുമായുള്ള വിജയകരമായ ഒരു യുദ്ധം കഴിഞ്ഞു മടങ്ങവെ അബൂ സലമയുടെ ദേഹത്തെ മുറിവ് വീണ്ടും തുറക്കുകയും അതദ്ദേഹത്തിന്റെ മരണത്തിനു കാരണമാവുകയും ചെയ്തു ദൈവമാർഗ്ഗത്തിൽ സർവം സമർപ്പിച്ച തന്റെ സുഹൃത്തിനെ പ്രവാചകൻ രോഗശയ്യയിൽ സന്ദർഷിക്കുകയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അദ്ദേഹം നിര്യാതനായപ്പോൾ പ്രാവാചകൻ അങ്ങേയറ്റം ദുഃഖിക്കുകയും വല്ലാതെ തേങ്ങിക്കരയുകയും ചെയ്തു. അബ്ദുല്ലയുടെ വിധവ ഉമ്മുസലമ ക്ഷീണിച്ച ഒരു സ്ത്രീയായിരുന്നു. ബാല്യത്തിലും കൗമാരത്തിലുമെത്തിനിൽക്കുന്ന കുറേ മക്കളുണ്ടായിരുന്നു അവർക്ക്.

ഭർത്താവിന്റെ മരണശേഷം നാലു മാസം ഉമ്മുസലമ ദുഃഖവും ദുരിതവുമായി കഴിച്ചുകൂട്ടി. സ്നേഹസമ്പന്നനും കുലീനനുമായ തന്റെ ഭർത്താവിനെക്കുറിച്ച സ്മരണകൾ പതുക്കെ മങ്ങിവന്നു. സംരക്ഷണമില്ലാതെ വളർന്നുകൊണ്ടിരിക്കുന്ന അനാഥസന്താനങ്ങളോടൊപ്പമുള്ള പ്രതീക്ഷാ രഹിതമായ ജീവിതത്തെക്കുറിച്ച ചിന്തകൾ ഓർമ്മകളുടെ തീരോഭാവത്തിനു വേഗം കൂട്ടി.

രക്തസാക്ഷിയായ തങ്ങളുടെ സഹോദരന്റെ കുടുംബത്തിനു നേർക്ക് പ്രമുഖരായ മുസ്ലിം നേതാക്കൾക്ക് ഉത്തരവാദിത്ത ബോധമുണ്ടായി. ഉമ്മു സലമയെ വിവാഹം ടിയ്യാൻ അബൂബക്കർ തയ്യാറായി. പക്ഷെ അവർക്കതു സമ്മതമായില്ല. തന്റെ യൗവനം കഴിഞ്ഞ് പോയിരിക്കുന്നു. എന്നും കുറെ കുട്ടികളുണ്ട് എന്നുമാണ് അവർ പറഞ്ഞ തടസ്സം. ഉമറും വിവാഹ നിർദേശം മുന്നോട്ട് വെച്ചെങ്കിലും അതേ മറുപടി തന്നെയാണ് അവർ നൽകിയത്. പിന്നീട് പ്രവാചകൻ അവരെ സന്ദർശിച്ചു. അദ്ദേഹം പറഞ്ഞു. "നിന്റെ കഷ്ടപ്പാടുകൾക്ക് അല്ലാഹുവിനോട് പ്രതിഫലം ചോദിക്കുക. മുൻ ഭർത്താവിനേക്കാളും നല്ല ഒരാളെ നീ നിന്നെ ഏൽപ്പിക്കുകയും ടിയ്യുക" ദുഃഖേത്താടെ അവർ പ്രതിവജിച്ചു: " അബു സലമയെക്കാൾ നല്ലവൻ ആരാണെനിക്ക്?" അവരെ ഏറ്റെടുക്കാൻ പ്രവാചകൻ സ്വയം സന്നദ്ധനായി. പക്ഷെ അബൂബക്കറിനും ഉമറിനും നൽകി അതേ മറുപടി തന്നെയാണ് പ്രവാചകനോടും അവർ പറഞ്ഞത്. പ്രവാചകൻ തന്റെ നിർദേശത്തിൽ ഉറച്ചു നിന്നു. ഒടുവിൽ അവരുടെ മൂത്ത മകൻ സലമയുടെ മുൻ കയ്യാൽ വിവാഹം നടന്നു. രക്തസാക്ഷിത്വം വരിച്ച തന്റെ അനുചരന്റെ വിധവയെ യും അനാഥകുട്ടികളെയും നബി ഏറ്റെടുക്കുകയും പരമാവധി സ്നേഹവും ആദരവും അവർക്ക് നൽകുകയും ചെയ്തു. ഹിന്ദിന്റെ സാന്നിദ്ധ്യം പ്രവാചകനിൽ സദാ ഖദീജയെ കുറിച്ച സ്മരണ ഉണർത്തി. കാരണം ബുദ്ധി ശക്തിയിലും കുലീനമായ വ്യക്തിത്വത്തിലും മാത്രമല്ല പൊരുമാറ്റ രീതിയിലും പരിചരണത്തിലും ഖദീജയോട് വളരെയേറെ സാദൃശ്യമുണ്ടായിരുന്നു അവർക്ക്. പ്രവാചക പത്നിമാരിൽ ഹിന്ദ് മാത്രമാണ് ഇവ്വിധം ഖദീജയെ അനുസ്മരിപ്പിച്ചത്.

## റംല (ഉമ്മുഹബീബ)

അബു സുഫ്യാന്റെ പുത്രി റംല ഇസ്ലാമിനു വേണ്ടി ത്യാഗംഅനുഷ്ടിച്ചിട്ടുണ്ട് . മക്കയിൽ തന്റെ പിതാവായ അബു സുഫ്യാനുമായ ുള്ള പ്രവാചകന്റെ സംഘർഷം കൊടുമ്പിരി ക്കൊണ്ട സന്ദർഭത്തിലാണ് റംല സ്വഭർത്താവായ ഉബൈദുല്ലാഹിബ്നു ജഹ്ശുൽ അസദിയോടൊപ്പം ഇസ്ലാം ആശ്ലേഷിച്ചതും അബ് സീനിയയിലേക്ക് പാലായനം

ചെയ്തതും. അബ്സീനിയയിലെ ചുറ്റുപാടുകൾ ഉബൈദുല്ലയെ സ്വാധീനിക്കുകയും അയാൾ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്തു. എന്നാൽ റംല തന്റെ വിശ്വാസത്തിൽ അചഞ്ചലം ഉറച്ചുനിന്നു. ആ അപരിചിത നാട്ടിൽ അവൾ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടു. ഒരു സംരക്ഷണമില്ലാതെ എത്യോപ്യയിൽ തങ്ങുവാനോ പ്രവാചകനും സഖാക്കളും ഇതിനകം മദീനയിലേക്കു പാലായനം ചെയ്തു കഴിഞ്ഞതിനാൽസ്വദേശമായ മക്കയിലേക്ക്മടങ്ങുവാനോ നിവൃത്തിയുണ്ടയിരുന്നില്ല. അവൾക്ക്. വിശ്വാസം പരിത്യജിച്ചാൽ അവളെ സ്വീകരിക്കാൻ അബു സുഫ്യാൻ ഒടുക്കമായി രുന്നു. പക്ഷെ ആ അപമാനത്തിനു വഴങ്ങാൻ അവളോരുനിലക്കും സന്നദ്ധയായിരുന്നില്ല.

ഈ ത്യാഗത്തിനു പ്രതിഫലമായി ബഹുമാന്യയായ ഒരുമഹിളയെ പ്രയാസങ്ങളിൽ നിന്നു രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയും തന്റെ കൊടിയ ശത്രുവിന്റെ മകളെ അയാളോടുള്ള ശത്രുതയുടെ മൂർധന്യാവസ്ഥയിൽ വിവാഹം ചെയ്യുന്നതിനും പ്രവാചകൻ അവരുടെ മുമ്പാകെ വിവാഹ നിർദേശം ആദരപുരസ്സരം സ്വീകരിക്കപ്പെട്ടു. നേഗസ് രാജാവ് [44] നബിയെ പ്രതിനിധീകരിക്കുകയും വിവാഹമൂല്യം നൽകുകയും ചെയ്തു. വിവാഹം നടന്നു.

## ജുവൈരിയ

ബനുൽ മുസ്തലിഖ് വംശത്തലവനായ ഹാരിസിന്റെ പുത്രിയായിരുന്നു ജുവൈരിയ .ബനുൽ മുസ്തലിഖുമായുള്ള യുദ്ധത്തിൽ[45] ജുവൈരിയ യെ സാബിതുബ്നു ഖയ്സിനു യുദ്ധസമ്പത്തായി ലഭിച്ചു. മോചനദ്രവ്യമായി[46] സാബിത് തനിക്കു നൽകാനാവാത്ത വല്യ സംഖ്യ ചോദിക്കുന്നുവെന്ന് ജുവൈരിയ പ്രവാചകനോടു ചെന്ന് പറഞ്ഞു. തനിക്കു വേണ്ടി മോചനം ദ്രവ്യം നൽകാനും പ്രവാചകനോടാവശ്യപ്പെട്ടു പ്രവാചകൻ ചോദിച്ചു: “അതിനേക്കാൾ മികച്ച വല്ലതും നിനക്കാവശ്യമുണ്ടോ?” “എന്താണത്?” ജുവൈരിയ ചോദിച്ചു. മോചന ദ്രവ്യം കൊടുത്ത അവളെ വിവാഹം ചെയ്തു കൊള്ളാമെന്ന് പ്രവാചകൻ പറഞ്ഞു. അവർ ആഹ്ലാദത്തോടെ പ്രസ്തുത നിർദേശം സ്വീകരിച്ചു. മോചനദ്രവ്യം നൽകി അദ്ദേഹമവളെ വിവാഹം ചെയ്തു. ബുദ്ധിപൂർവമായ ഈ തീരുമാനം വഴി ബനുൽ മുസ്തലിഖിന്റെ, പ്രത്യേകിച്ച് അവരുടെ നേതാവിന്റെ ക്രോധം അകറ്റി ബഹുമാനം ആർജിക്കാൻ പ്രവാചകനു സാധിച്ചു. ഈ വിവാഹത്തോടെ മുസ്തല്ഖ് ഗോത്രം പ്രവാചകന്റെ ബന്ധുക്കളാവുകയും ശത്രുത അവസാനിപ്പിക്കുകയും ചെയ്തു. പ്രവാചകന്റെ ഏറ്റവും അപകടകാരികളായ ശത്രുക്കളായിരുന്നു ബനുൽ മുല്തലിഖ്. അവരിപ്പോൾ അവിടുത്തെ ബന്ധുക്കളായി. ഹാരിസ് പന്നീട് തന്റെ മകളെ കാണാൻ വന്നു. തന്നോടൊപ്പം സ്വഗോത്രത്തിലേക്ക് മടങ്ങുന്നോ അതോ മുഹമ്മദിനോടൊപ്പം താമസിക്കുന്നോ എന്നദ്ദേഹം മകളോടു ചോദിച്ചു. ബന്ധനത്തിനു മുമ്പ് അവൾ തന്റെ മാതുല പുത്രൻ അബ്ദുല്ലയുടെ ഭാര്യയായിരുന്നു.

## സഫിയ

ഖുറൈസ്[47] ഗോത്രതലവന്റെ മകളായിരുന്നു സഫിയ. അവരുമായുള്ള യുദ്ധത്തിൽ സഫിയ പ്രവാചകന്റെ യുദ്ധവിഹിതമായി. പ്രവാചകൻ അവൾക്കു രണ്ട് സൗകര്യങ്ങൾ അനുവദിച്ചു. ഒന്ന് കുടുംബത്തിലേക്ക് മടങ്ങുക. അല്ലെങ്കിൽസ്വതന്ത്രയായി തന്റെ ഭാര്യയാവുക.സഫിയ രണ്ടാമത്തേതു സ്വീകരിച്ചു.[48]

## മൈമൂന

അബ്ബാസ്ബ്നു[49]അബ്ദിൽ മുത്തലിബിന്റെ ഭാര്യ ഉമ്മുൽ ഫസ്ലിന്റെ സഹോദരിയായിരുന്നു മൈമൂന. ഹുബൈദിയാസന്ധി[50] യുടെഒരു വർഷത്തിനു ശേഷം പ്രവാചകൻ

തീർഥാടനാർഥം മക്കയിലേക്കു പോയി. കരാർ വ്യവസ്ഥയനുസരുച്ചു മൂന്നു ദിവസത്തി ലധികം അദ്ദേഹത്തിനവിടെ താമസിക്കാൻ പറ്റുമായിരുന്നില്ല. മക്കയിൽ ചെലവഴിച്ച ഈ ഹൃസ്വമായ സമയം തന്റെ സ്നേഹം, വാത്സല്ല്യം , ഔദാര്യം, സഹോദരനിർവിശേഷ മായ പൊരുമാറ്റം,മാപ്പ്,എന്നിവയിലൂടെ മക്കക്കാരുടെ ഹൃദയം കീഴടക്കാൻ അദ്ദേഹം ഉപയോഗിച്ചു. അങ്ങനെ ജനഹൃദയത്തിൽ അവിശ്വസികളുടെ നേതാക്കൾ ഉൽപ്പാദിപ്പിച്ച ദേഷ്യവും മുൻധാരണകളും ദുരീകരിക്കാൻ അദ്ദേഹം ശ്രമിച്ചു. ജനഹ്ങളെ ശാന്ത ചിത്തരാക്കാനും അവരുമായി ബന്ധം നിലനിർത്താനുമുള്ള അവസരം കൂടുതൽ കിട്ടു ന്നതിനായി മക്കയിലെ താമസം ദീർഘിപ്പിക്കാനുള്ള വഴികൾ അദ്ദേഹം ആരാഞ്ഞു.

ഈ സമയത്താണ് അപ്പോഴും അവിശ്വാസികളുടെ കൂട്ടത്തിലാണെന്നു കണക്കാക്കപ്പെ ട്ടിരുന്ന അബ്ബാസ് മൈമൂനയെ നബിക്കു പരിചയപ്പെടുത്തുന്നത്. മുസ്ലിംകളുടെ സ്വഭാവവിശേഷങ്ങൾ മൈമൂനയെ ഗാഢമായി ആകർശിച്ചിരുന്നു. തന്മൂലം ഇസ്ലാം ആശ്ലേഷിക്കാനുള്ള ആഗ്രഹവും അവർക്കുണ്ടായി. അബ്ബാസിന്റെ സഹോദരഭാര്യയും ഉഹ്ദ് യുദ്ധത്തിൽ ഖുറൈശികളുടെ വീരപോരാളിയായിരുന്ന ഖാലിദ്ബ്നു വലീദിന്റെ അമ്മായിയായിരുന്നു മൈമൂന. പ്രവാചകന്റെ രൂപവും സ്വഭാവവും ആത്മീയഗരിമയും ഈ ഹൃസ്വ നേരം കൊണ്ട് ഖണ്ടറിഞ്ഞ മൈമുന വികാരഭരിതയും ആഹ്ലാദചിത്തയു മായി അവളുടെ ഹൃദയത്തിൽ തീവ്രമായ പ്രണയത്തിന്റെ കനലുകൾ എരിഞ്ഞു. വാന ലോകം വരെ അതിന്റെ പ്രതിധ്വനിയെത്തി. ജൈവദൂതനോട് അവൾക്കുള്ള പ്രേമ ത്തിൻരെ പരിശുദ്ധിയെ വാഴ്ത്തുന്ന ദിവ്യ വെളിപാടുപോലുമുണ്ടായി.

തന്റെ സഹോദരിക്ക് ഒരു ഭർത്താവിനെ കണ്ടെത്താൻ അബ്ബാസ്ബ്നു അബ്ദുൽ മുത്ത ലിബിനെ അദ്ദേഹത്തിന്റെ ഭാര്യ ചുമതലപ്പെടുത്തി. അദ്ദേഹം അവൾക്ക് പ്രവാചകനെ നിർദേശിച്ചു. മൈമുനക്ക് ഇസ്ലാമിനോടുള്ള താൽപര്യവും ഉഹ്ദ്യുദ്ധത്തിന്റെ ഗതി മുസ്ലിംകൾക്കെതിരായും ഖുറൈശികൾക്കനുകൂലമായും തിരിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ച ഖാലിദുബ്നു വലീതുമായി അവൾക്കുള്ള കുടുംബബന്ധവും പ്രമുഖ ഖുറൈശീ കുടുംബങ്ങളുമായുള്ള അഴളുടെ ചർച്ചയും കണക്കിലെടുത്ത് പ്രവാചകൻ മൈമുനയെ വിവാഹം ചെയ്യാൻ സമ്മതിച്ചു. മാത്രമല്ല ഈ അവസരം തന്റെ ലക്ഷ്യസാ ധ്യത്തിനായി ഉപയോഗിക്കാനും അദ്ദേഹം ആഗ്രഹിച്ചു. അതിനാൽ മക്കയിലെ തൻരെ താമസത്തിന്റെ മൂന്നമത്തേതും അവസാനത്തേതുമായ ദിവസത്തേക്കാണ് വിവാഹത്തീ യതികുറിച്ചത്. വിവാഹ സദ്ധ്യക്ക് ഖുറൈശികുടുംബങ്ങളെ മുഴുവൻ ക്ഷണിക്കാനായി രുന്നു ഉദ്ദേശ്യം മൈമൂനയുടെ ഇസ്ലാമശ്ലേഷം പരസ്യമാക്കിയിരുന്നില്ല. അവിശ്വാസിക ളുടെ കൂട്ടത്തിലാണ് അവർ എണ്ണപ്പെട്ടിരുന്നത്. ബദറിലും ഉഹ്ദിലും അന്യേന്യം വാൾ വീശിയവർ അങ്ങനെ സദ്ധ്യവട്ടത്തിൽ ഒരുമിച്ച് കൂടാൻ അവസരമൊരുങ്ങും . ഇരുകൂ ട്ടർക്കുമിടയിലുള്ള രാഷ്ട്രിയവൈരവും അന്യത്വവും ഇല്ലാതാക്കാൻ ഈ ഒരുമിച്ച് കുടൽ ഉതകും എന്നായിരുന്നു പ്രതീക്ഷ. വിവാഹത്തോടെ മക്കയിലെ തന്റെ താമസം ദീർഘി ക്കുകയും ഹുബൈദിയാ സന്ധിയിൽ വിഭാവന ചെയ്തതിനേക്കാളധികം പ്രയോജനമു ണ്ടാക്കാൻ അതുമൂലം അവസരം ലഭിക്കുകയും ഇസ്ലാമിക പ്രബോധനത്തിന്റെ അടി ത്തറ ഭദ്രമാവുകയും ചെയ്യും എന്ന പ്രവാചകൻ ചിന്തിച്ചു.

ഖുറൈശി നേതാക്കൾ പക്ഷെ ജാഗരൂകരായിരുന്നു. അവർ പ്രവാചകന്റെ ആശയം അസന്ധ്ഗ്ധം തള്ളി. അങ്ങനെ വിവാഹം മദീനയിലേക്കുള്ള യാത്രാ മധ്യെ നിർവഹി ക്കാൻ പ്രവാചകൻ നിർബന്ധിതനായി. എന്നിരുന്നാലും മൈമൂനയുമായുള്ള വിവാഹം അദ്ദേഹത്തെ പല ഖുറൈശീ പ്രമുഖരുടെയും ബന്ധുവാക്കി. ഖാതിദ്, അംറ്ബ്നു ആസി, ഉസ്മാനുബ്നു തൽഹ തുടങ്ങിയവർ ഏറെത്താമസിയാതെ മദീനയിലേക്ക് യാത്ര തിരിച്ചു(ഇസ്ലാമാശ്ലേഷിക്കാൻ)

## ഹഫ്സ

ഉമറ്ബ്നു ഖത്താബിന്റെ മകളായിരുന്നു ഹഫ്സ. ഭർതൃവിയോഗത്തിനു ശേഷം[5 1] ആരു മവർക്ക് വിവാഹാലോചനയുമായി വന്നില്ല; ഉമറിന്റെ മകളായിരുന്നിട്ടും. ഒടുവിൽഉമർ തന്നെ ഇക്കാര്യത്തിൽ ഇടപെടേണ്ടിവന്നു. ആദ്യമദ്ദേഹം അബൂബക്കറിനെ സമീപിച്ചു. തന്റെ മകളെ വിവാഹം ചെയ്ത് തരാമെന്ന് പറഞ്ഞു. തന്റെ പഴയ സുഹൃത്തെന്ന നിലയ്ക്ക് ഹഫ്സയെ വിവാഹം ചെയ്യാൻ അദ്ദേഹം തയാറാറാവുമെന്ന പ്രതീക്ഷയി ലാണ് ചെന്നത്. പക്ഷെ അബൂബക്കറ് ഒന്നും പറഞ്ഞില്ല. പിന്നീടദ്ദേഹം ഉസ്മാനെ സമീ പിച്ചു. അദ്ദേഹവും മൗനം പാലിച്ചു. ഉമർ അത്യധികം നിരാശനായി. രണ്ട് ആത്മമിത്രങ്ങ ളുടെ നിരാസം അദ്ദേഹത്തെ വേദനിപ്പിച്ചു. അദ്ദേഹം പ്രവാചകരെ ചെന്നുകണ്ടു തന്റെ സങ്കടം അറിയിച്ചു ഉമറിനെ സ്വാന്തനിപ്പിക്കാനായി അദ്ദേഹം പറഞ്ഞു അബൂബക്കറിനെ ഉസ്മാനേക്കാൾ നല്ലരാൾ ഹഫ്സയെ വിവാഹം ചെയ്യുമെന്ന്. തന്നെക്കുറിച്ച് തന്നെയാ ണദ്ദേഹം സൂചനനൽകിയത്. ഇപ്രകാരം ഇസ് ലാമിന്റെ വ്യക്തിത്വങ്ങളിൽ ശക്തിയും സ്ഥാധീനവുമുള്ള ഉമറിനും തനിക്കുമെതിരെയുള്ള ബന്ധം അദ്ദേഹം ഒന്നുകൂടി ദൃഢമാ ക്കി. നേരത്തെ ആയിശയെ വിവാഹം ചെയ്ത അബൂബക്കറുമായും മക്കളെ വിവാഹം ചെയ്തുകൊടുത്ത് ഉസ്മാൻ, അലി എന്നിവരുമായി ബന്ധം സുദൃഢമാക്കിയതുപോലെ.

മകൾക്കു വരനെ കണ്ടെത്താൻ ഉമർ സഹിച്ച പ്രയാസവും അബൂബക്കറും ഉസ്മാനും ഒഴിഞ്ഞുമാറിയതും ഹഫ്സയുടെ "സൗന്ദര്യ"ക്കുറിച്ച് നമുക്കൊരു ധാരണ നൽകുന്നു ണ്ട്. സ്ത്രീലമ്പനും സ്ത്രീകളുടെ സൗന്ദര്യത്തിനു പിറകെ ഭ്രാന്ത് പിടിച്ച് ഓടിയവനു മെന്ന് ക്രിസ്ത്യൻ മിഷനറിമാർ ചിത്രീകരിക്കുന്ന മുഹമ്മദ് തന്റെ അധികാരത്തിന്റെയും സ്വാധീനത്തിന്റെയും ഉച്ചിയിലെത്തിനിൽക്കെ വിവാഹം ചെയ്തത് ആരും സ്വീകരി ക്കാൻ കൂട്ടാക്കാതിരുന്ന ഒരു സ്ത്രീയെ. വധുവിന്റെ പിതാവിന്റെ തന്നെ വാക്കുകൾ കേട്ടാൽ മുഹമ്മദിനെ ശരിക്കു മനസ്സിലാവും. സുന്ദരിയും യുവതിയുമായ ആയിശയോ ടൊപ്പം നബിയെ കുറ്റപ്പെടുത്താൻ ഗൂഢാലോചന നടത്തുകയും നബിയോടുള്ള പെരു മാറ്റത്തിൽ ആയിശയെ അനുകരിക്കുകയും ചെയ്ത സ്വന്തം മകളെ ഉമർ രോഷാകുല നായി ശാസിച്ചു: "തന്റെ സൗന്ദര്യം കൊണ്ടും പ്രവാചകന്റെ പ്രത്യേകസ്നേഹം കൊണ്ടും സുരക്ഷിതയായ ഇവളെ(ആയിശയെ)പ്പോലെ നീയും തുള്ളുന്നുവോ? നീനിന്നെ അവളുമായി സാദൃശ്യപ്പെടുത്തരുത് അല്ലാഹുവാണേ, ഞാൻ സത്യം ചെയ്തു പറയുന്നു, പ്രവാചകൻ നിന്നെ സ്നേഹിക്കുകയുല്ല. എന്നെ ഓർത്തെങ്കിൽ നിന്നെയ ദ്ദേഹം ഈ നിമിഷം മൊഴിചൊല്ലുമായിരുന്നു."

## സൈനബ്

ഖുസൈമയുടെ മകൾ സൈനബ് ബദർ യുദ്ധത്തിൽ സാക്ഷിയായ ഉബൈദത്തുബ്നു ഹാരിസയുടെ ഭാര്യയായിരുന്നു. ആ സമയത്തവർ ദുർബലയും വൃദ്ധയും വളരെ വിനീ തയുമായ ഒരു സ്ത്രീയായിരുന്നു. തന്റെ അന്ത്യനാളുകളിൽ എത്തിക്കൊണ്ടിരിക്കുകയാ യിരുന്ന ഈ സ്ത്രീയെ പ്രവാചകൻ വിവാഹം ചെയ്തത് മഹാനായ ഒരു യോദ്ധാവിന്റെ ഭാര്യ  സംരക്ഷണമില്ലാതെ അന്ത്യശ്വാസം വലിക്കാനിടയാവരുത് എന്നാഗ്രഹിച്ചതിനാലാ ണ്. നബിയുമായുള്ള വിവാഹത്തിനുശേഷം രണ്ട് വർഷത്തിലധികം അവർ ജീവിച്ചില്ല. ഖദീദയെക്കൂടാതെ പ്രവാചകന്റെ മുമ്പയായി മരിച്ച ഏകഭാര്യയും അവരത്രെ.

ജീവിതം മുഴുവൻ അനാഥരെയും അഗതികളെയും ഉഴിഞ്ഞുവെച്ച ഉദാരയും ത്യാഗിയു മായിരുന്നു സൈനബ്. ഉമ്മുൽ മിസ്കീൻ(ദരിദ്രനാരായണന്മാരുടെ ഉമ്മ)എന്ന അപരാഭി ധാനം ലഭിക്കുമാറ് കിടയറ്റ സമർപ്പണമായിരുന്നു അവരുടേത്.

മുഹമ്മദിന്റെ 'അന്തപുരത്തി'ലെ സ്ത്രീകളെ ക്കുറിച്ചാണ് നാമിതുവരെ പറഞ്ഞത്!

ചർച്ച സമാപിച്ചുകൊണ്ടും ഏതാനും ചില കാര്യങ്ങൾ ഓർക്കാൻ ഞാനാഗ്രഹിക്കുന്നു. ഒരു മുസ്ലിം വിവാഹം ചെയ്യുന്ന ഭാര്യമാരുടെ എണ്ണം നാലായി പരിമിതപ്പെടുത്തുന്ന

ഖുർആനികവിധി ഹിജ്റ എട്ടാം അബ്ദത്തിലാണുണ്ടായത്. അതിനാൽ ദിവ്യ വെളിപാടിനു ശേഷം നാലു ഭാര്യമാരെ നിലനിർത്തി ബാക്കിയുള്ള പ്രവാചകന് ഒഴിവാക്കാമായിരുന്നു എന്നു പറയുന്നതിൽ ഒരു യുക്തിയുമില്ല.[52]

പലപ്പോഴും മനസ്സിൽനിന്ന് വഴുതുപ്പോകുന്ന ഒരു സംഗതി ഇസ്ലാം ബഹുഭാര്യത്വത്തെ നിയമമാക്കിയിട്ടില്ല എന്നതാണ്. ഇസ്ലാമിനുമിമ്പ് ഒരാൾക്ക് എത്ര സ്ത്രീകളെ വേണമെങ്കിലും വേൾക്കാമായിരുന്നു. "ഭാര്യമാരുടെ എണ്ണത്തിൽ പരിധി" ഏർപ്പെടുത്തുകയാണ് ഇസ്ലാം ചെയ്തത്. ഒരുവൻ നാലുകെട്ടണം എന്നല്ല അതിന്റെ താത്പര്യം. നാലിലധികം കെട്ടരുത് എന്നാണ്. ഈ രണ്ടു പ്രസ്താവനകളും വ്യത്യസ്തങ്ങളാണ്.

ഭാര്യമാരുടെ എണ്ണത്തെക്കുറിക്കുന്ന ഖുർആനികസൂക്തത്തിന്റെ സൂക്ഷ്മാവലോകനം അതിന്റെ പിന്നിലെ തത്വമെന്തെന്നും അതിനു നിസ്ചയിച്ച ഉപാധികളെന്തെന്നും വ്യക്തമാക്കും.

സ്ത്രീകളോടു നല്ലനിലയിൽ വർത്തിക്കാൻ ഖുർആൻ ആദ്യം പുരുഷന്മാരെ ഉൽബോധിപ്പിക്കുന്നു. തുടർന്നു പറയുന്നു "ഭാര്യമാർക്കിടയിൽ തുല്യനീതിപുലർത്താൻ നിങ്ങൾക്കു സാധ്യമല്ല നിങ്ങൾക്കു നീതിചെയ്യാൻ കഴിയുകയില്ലെന്നു നിങ്ങൾ ഭയപ്പെടുന്ന പക്ഷം ഒരുത്തിയെ മാത്രം(വിവാഹം ചെയ്യുക)"[53]

വിസ്മയാവഹവും കലാചാരുതയാർന്നതുമായ ഈ വാക്യങ്ങൾ ഖുർആന്റെ ചൈതന്യം അറിയുന്നവരും സ്വന്തം താൽപര്യങ്ങളുള്ള വ്യാഖ്യാതാക്കളുടെ സങ്കീർണ്ണമായ അലക്ഷ്യഭാഷ്യങ്ങൾ അറിയാത്തവരും ബഹുപത്നി ജീവിതത്തോടു ആഗ്രഹം കാണിക്കാത്തവരുമായ സാഹിത്യവിദഗ്ധരെ അനായാസം ബോധ്യപ്പെടുത്തും, പ്രയാസകരമായ നിബന്ധനകൾ ഇസ്ലാം നിശ്ചയിച്ചത് സാമൂഹികവും വൈയക്തികവുമായ അസാധാരണ സാഹചര്യങ്ങളുടെ അനിവാര്യതകളിൽ പ്രയോഗിക്കാൻ വേണ്ടിയാണെന്ന്.

ഇവ്വിഷയകമായി വ്യക്തികളെ ബാധിക്കുന്ന കാര്യങ്ങൾ ഖുർആനിൽനിന്ന് പെറുക്കിയെടുക്കാൻ കഴിയും. അനാഥരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നിചത്താണ് ബഹുഭാര്യത്വ പ്രശ്നം ഖുർആനീ സൂക്തങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് "അനാഥകളുടെ കാര്യത്തിൽ നിങ്ങൾ നീതിപാലിക്കുകയില്ലെന്നു ഭയപ്പെടുന്നപക്ഷം നിങ്ങൾ ഇഷ്ടപ്പെടുന്ന സ്ത്രീകളെ[54] രണ്ടോ മൂന്നോ നാലോ വിവാഹം ചെയ്യുക." (4:2) വികസിതരൂപത്തിലുള്ള ഭരണക്രമമോ സാമൂഹികഘടനയോ ഇല്ലാത്ത ഇസ്ലാമിനു മുമ്പുണ്ടായതു പോലെയുള്ള ക്ഷയോന്മുഖ സമൂഹങ്ങളിൽ വിധവകളെയും അനാഥരെയും ദയാശൂന്യരും ദുർനിമിത്തകവുമായ വിധിക്കു വിട്ടുകൊടുത്ത സ്ഥിതിയയായിരുന്നു.

വ്യക്തികൾക്കു നിയമപരവും സാമ്പത്തികവും മനശ്ശാസ്ത്രപരവുമായ സ്വാതന്ത്ര്യങ്ങളുള്ള നമ്മുടെ കാലഘട്ടത്തിലെ പരിഷ്കൃതലോകത്തെ വികസിതസമൂഹങ്ങളിൽ പ്രത്യേകിച്ചും സ്ത്രീകൾ സ്വന്തമായ വ്യക്തിത്വം നേടിയെടുക്കുകയും പുരുഷന്മാരോടു തുല്യത ആർജിക്കുകയും ചെയ്തസാഹചര്യത്തിൽ ബഹുഭാര്യത്വത്തിനു അതിന്റേതായ സാമൂഹികധർമ്മമുണ്ട്.

രണ്ടാം ലോകയുദ്ധത്തിനു ശേഷം, ദശലക്ഷക്കണക്കിനു പുരുഷന്മാരുടെ നിഷ്കാസനത്തെ തുടർന്ന് യൂറോപ്പിൽ വിശേഷിച്ച് ജർമ്മനിയിലും ആസ്ട്രിയയിലും പോളണ്ടിലും ഗുരുതരമായ പ്രതിസന്ധി രൂപപ്പെട്ടു. വേശ്യയാപ്രവൃത്തിയും ധാനർമ്മികാധപ്പതനവും മനോവിഭ്രാന്തിയും എവിടെയും വ്യാപിച്ചു. വിധവകളെയും അനാഥരെയും ദുരിതം വിഴുങ്ങി. യൂറോപ്യൻ സമൂഹങ്ങളുടെ ആത്മാവിനും ധാർമ്മികതയക്കും മാരകമായ ക്ഷതെ ഏൽപിക്കും വിധം തീക്ഷണതരമായി ഈ പ്രശ്നം. ഗുരുതരമായ ധർമഭ്രംശത്തിനു കാരണമായി. ബഹുഭാര്യത്വവും പുനർവിവാഹവും വിലക്കുന്ന കത്തോലിക്കാ

വിശ്വാസത്തിനെതിരെ സ്ത്രീകൾ നിരന്തരം തെരുവിൽ പ്രകടനം നടത്തി. ഈ പ്രകടനങ്ങൾ ബഹുഭാര്യത്വം കേവലം ലൈംഗിക വികാരശമനത്തിനുള്ള മാർഗമാണെന്നു കരുതുന്ന വിശ്വാസികളെയും അതിനെ മനുഷ്യവിരുദ്ധമായി പരിഗണിക്കുന്ന ബുദ്ധിജീവികളെയും പ്രസ്തുത ഇസ്ലാമിക നിയമത്തിനു സാമൂഹികമായ നീതികരണവും അനിവാര്യതയും അർത്ഥവും ബോധ്യപ്പെടുത്തുന്നതായിരുന്നു.

1958ൽ അൾജീരിയൻ ദേശീയ വിമോചന മുന്നണി മുജാഹിദുകൾ തങ്ങളുടെ രക്തസാക്ഷികളായ സഹോദരൻമാരുടെ കടുംബങ്ങളുടെ സുരക്ഷാകാര്യം ശ്രദ്ധിക്കണമെന്ന് അംഗങ്ങളോടു നിർദേശിച്ചു.[55] യുദ്ധത്തിൽ ഭർത്താക്കൻമാർ നഷ്ടപ്പെട്ട സ്ത്രികളെ വിവാഹം ചെയ്തു അവരെ ദുരിതത്തിൽ നിന്നു കരകയറ്റണമെന്നും രക്തസാക്ഷികളുടെ കടുംബം ദാരിദ്യത്തിലും ധാർമികാധപ്പതനത്തിലും വീണുപോവുന്നതു തടയണമെന്നും നിർദേശിക്കപ്പെട്ടു.[56]

പ്രാക്തന സമൂഹങ്ങളിലെ ബഹുഭാര്യത്വ പ്രശ്നത്തെ ഇന്നത്തെ സാഹചര്യത്തിൽ കാണരുതെന്നും സമകാലീന പരിസരത്തിൽ നിന്നുകൊണ്ട് വിമർശിക്കരുതെന്നുമാണ് ഞാൻ സമർത്ഥിക്കാൻ ശ്രമിക്കുന്നത്.

ആയിശ ഒഴികെയുള്ള ഭാര്യമാരെല്ലാം തങ്ങളുടെ മുൻ ഭർത്താക്കൻമാർക്ക് കുട്ടികളെ നൽകിയവിധവകളായിരുന്നുട്ടുംമദീനയിലെ ജീവിതകാലത്ത് നബിക്ക് അവരിൽ ഒരു സന്താനവും ജനിച്ചില്ല എന്ന വസതുതയും അദ്ദേഹത്തിന്റെ സ്വകാര്യ ജീവിതത്തെക്കുറിച്ചു പറയുമ്പോൾ നാം ശ്രദ്ധിക്കണം.മുഹമ്മ്ദിന്റെ ജീവിതത്തിലെ അത്ഭുതങ്ങളിലോന്നാണിത്!

ഇനിയും, പ്രവാചകന്റെ ബഹുപത്നീ ജീവിതത്തെ ക്കുറിച്ചു പഠിക്കുമ്പോൾ മറ്റൊരു കാര്യം കൂടി സ്പഷ്ടമാവുന്നു. ഏതൊരു മനുഷ്യനെയും പോലെ മുഹമ്മദിനും പ്രത്യേകിച്ചും തന്റെ ജീവിതത്തിന്റെ രണ്ടാം പാതയിൽ ഒരു കുട്ടി ഉണ്ടായിക്കാണാനുള്ള സ്വാഭാവികമായ ആഗ്രഹം ഉണ്ടായിരുന്നു എന്നതാണത്. ജീവിത സായാഹ്നത്തിൽ മാരിയായിൽ ഒരാൺ കുട്ടിയാണ് അദ്ദേഹത്തിനുണ്ടായത്. അവൻ പക്ഷെ ജനിച്ച ഉടനെ തന്നെ മരിച്ചു. പ്രസ്തുത കുട്ടിയുടെ നിര്യാണത്തിൽ പ്രവാചകനുണ്ടായ അടക്കാനാവാത്ത ദുഃഖം[57] കുട്ടിയുണ്ടാവാനുള്ള അദ്ദേഹത്തിന്റെ തീവ്രമായ അഭിലാഷത്തെ സൂചിപ്പിക്കുന്നു.പക്ഷെ, സന്താനങ്ങളുണ്ടാവുന്നത് അഭിമാനമായി ഗണിച്ചിരുന്ന അറബികളുടെ മഹാനായ നായകന് വിധി ഒരു സന്താനത്തെ മാത്രമെ നിർത്തിയുള്ളു. അതൊരു പെൺകുട്ടിയായിരുന്നു. വിധി മുഹമ്മദിനെ കഠിനമായി വേദനിപ്പിച്ചിരുന്നുവെങ്കിലും അതെത്ര ശുഭം!

******

## മുഹമ്മദിന്റെ “ അന്തഃപുരം”

പക്ഷെ മുഹമ്മദിന്റെ ‘അന്തപ്പുര’ ത്തെക്കുറിച്ചെന്തു പറയാനുണ്ട് ? മദീനയിലെ പള്ളിയോടു ചേർന്ന് മൺക്കട്ടകൾക്കൊണ്ടുപടുത്തുയർത്തി ഈത്തപ്പനയോലകളും തണ്ടുകളും മേൽകൂരയായി പാകിയ ഏതാനും കുടിലുകളായിരുന്നു അത്. ‘തന്റെ അന്തഃപുരത്തിലെ ഇഷ്ടസഖികളു’ടെ മുറികളിൽ നിലം പകുതി പരുക്കൻ മൃഗത്തോലുകൊണ്ടും ബാക്കി പകുതി മണൽ കൊണ്ടും ‘അലങ്കരിച്ചതായിരുന്നു’ .എരിയുന്ന ഈത്തപ്പനക്കമ്പുകളായിരുന്നുപ്രസ്തുത കൊട്ടാരത്തിലെ ‘ദീപാലങ്കാരങ്ങൾ’..

അടുക്കളയും ആഹാരവും എങ്ങനെ യുള്ളതായിരുന്നുവെന്നല്ലേ? അബുഹുറയ്റ[58] വിവരിക്കുന്നു: “മരണം വരെ നബി ഒരിക്കലും മതിയാവോളം ഭക്ഷിച്ചിട്ടില്ല. തന്റെ നിത്യ ഭക്ഷണമായ ബാർലിപ്പത്തിരിപൊലും. ചിലപ്പോൾ മാസങ്ങളോളം അദ്ദേഹത്തിന്റെ വീട്ടിൽ തീ പുകയുകയില്ല. പച്ചവെള്ളവും കാരക്കയും മാത്രമായിരിക്കും അന്നേരം അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ഭക്ഷണം. ചിലപ്പോൾ വിശപ്പിന്റെ കാഠിന്യം നിമിത്തം വയറിനു ചുറ്റും കല്ലുകൾ ബന്ധിക്കും.......”

പ്രവാചകന്റെ ജീവിതത്തെയും ഗൃഹത്തെയും കുറിച്ചാലോചിക്കുമ്പോൾ, തന്റെ യുവത്വം അമ്പത് വയസ്സുള്ള ഒരു വിധവ (ഖദീജ) യോടൊപ്പം അദ്ദേഹം എങ്ങനെ ചെലവഴിച്ചു എന്നോർക്കുമ്പോൾ, ഉമ്മു സലമയെയും പാവങ്ങളുടെ മാതാവായ സൈനബ് ബിന്തു ഖുസൈമയെയും  ഹഫ്സയെയും പോലുള്ള പ്രായാധിക്യത്തിന്റെ ക്ശീണം ബാധിച്ച, കുട്ടികളുള്ള വിധവകൾക്കു വേണ്ടി സ്വയം ഭക്ഷണം കഴിക്കാതെയും ഉള്ളതു ഭാഗിച്ചു കൊടുത്തും അദ്ദേഹം തന്റെ വാർദ്ധക്യം ഹോമിച്ചതിനെ കുറിച്ചാലോചിക്കുമ്പോൾ അദ്ദേഹത്തിനു കുറെ കൂടി നല്ല ജീവിതം നയിക്കാൻ സാധിക്കുമായിരുന്നു എന്നും ഞാൻ സങ്കടപ്പെടാറുണ്ട്. മുഹമ്മദിന്റെ ‘ വികാര’ത്തെയും ‘അന്ത പുര’ത്തെയും കുറിച്ചു ചില എഴുത്തുകാർ എഴുതിപ്പിടിപ്പിച്ചു വാഴിക്കുമ്പോഴൊക്കെ ചരിത്രത്തിന്റെ നിധിയും മാനവികതയുടെ അഭിമാനവുമായ ആ സത്യത്തിന്റെ സുന്ദരമായ മുഖം  അഴുക്കാക്കാൻ ഈ മനുഷ്യർ  (എഴുത്തുകാർ) നികൃഷ്ടതയുടെ ഗർത്തത്തിലേക്കു പൂണ്ടിറങ്ങുന്നതിൽ ഞാൻ ലജ്ജിച്ചു വേദനിക്കുന്നു!

******

## കുറിപ്പുകൾ

1. ഇറാനിൽ ഇസ്‌ലാമിക വിപ്ലവം വിജയിച്ചതിനു (1979) ശേഷം പർദ്ദ നഗരങ്ങളിലും ഗ്രാമങ്ങളിലും സാർവ്വത്രികമായിരിക്കുന്നു. അവിടെയത് സ്ത്രീക്ക് അന്തസ്സുളള വേഷമാണ്. മതപരമായ അനുശാസനമെന്ന നിലയിൽ മറ്റുളളവരും അതിഷ്ടപ്പെടുന്നു.
2. ഇറാനിയൻ പണ്ഡിതനായ മുർത്തസാ മുതഹ്ഹരി (1919-1979) യുടെ 'ഇസ്ലാമിൽ സ്ത്രീയുടെ അവകാശങ്ങൾ' (നിസാമെ ഹുഖൂഖെ സൻ ദർ ഇസ് ലാം ) ഈ വിശയത്തിൽ ഒരൊന്നാതരം രേഖാഗ്രന്ഥമാണ്. 'ദറൈറ്റ്സ് ഓഫ് വിമൻ ഇൻ ഇസ്‌ലാം' എന്നപേരിൽ അത് ഇംഗ്ലിഷിൽ ലഭ്യമാണ്.400 പുറങ്ങളുണ്ട്.
3. പ്രവാചകന്റെ ആഗമനകാലത്ത് ലോകത്ത് നിലവിലിരുന്ന സാമുഹ്യപരിതഃസ്ഥിതികളിൽ സ്ത്രീ അനുഭവിച്ചിരുന്ന അനീതിയും അവകാശരാഹിത്യവും നാം കാണണം. പെൺ കുട്ടി ജനിച്ചാൽ ജീവനോടെ കുഴിച്ചു മൂടുന്ന ഭീകരതയായിരുന്നുഅറേബ്യയിൽ. ലോകത്തിൻരെ ഇതര ഭാഗങ്ങളിലെ സ്ഥിയുംസ്ത്രീയെ സംബന്ധിച്ചിടത്തോളം മെച്ചമായിരുന്നില്ല. പ്രവാചകൻ തന്റെ ജീവിത കാലത്തു തന്നെഈ സ്തിഥിമാറ്റി. ആരാണ് ഉത്തമൻ എന്ന ചോദ്യത്തിന്റെ ഉത്തരം സ്ത്രീകളോട് ഉത്തമമായി പൊരുമാറുന്നവൻ എന്ന്അദ്ദേഹം ഒരിക്കൽ പഠിപ്പിച്ചു. താൻ വരുത്തിയ മാറ്റം ശാശ്വതമാകേണ്ടതിന് തന്റെ വിടവാങ്ങൽ പ്രസംഗത്തിലും അദ്ദേഹം സ്ത്രീകളുടെ കാര്യത്തിന് പ്രത്യേകം ഊന്നൽ നൽകി. പ്രവാചകനു ശേഷം സ്ത്രീ വിമോചനവുമായി ബന്ധപ്പെട്ട് ലോകത്തുണ്ടായിട്ടുളളഎല്ലാ നല്ല സംരംഭങ്ങൾക്കും പ്രവാചകന്റെ പ്രവർത്തനഭ്ഭളോടുും പാഠങ്ങളോടും കടപ്പാടുണ്ട്.
4. പ്രസിദ്ധ ചരിത്രകാരനായ ഇബ്നുസഅദ്(ഹി.വ.230) തന്റെ ത്വബക്കാത്തിൽ പ്രവാചകന്റെ സ്ത്രീസഖാക്കളുടെ ഒരു പട്ടിക പ്രത്യേകം കൊടുത്തിരിക്കുന്നു(ത്വബക്കാത്ത് വാ. 8).
5. "അവരിലൊരാൾക്ക് പെൺകുട്ടി ജനിച്ചതായി സന്തോഷവാർത്ത ലഭിച്ചാൽ കഠിനദുഃഖം കടിച്ചിറക്കിക്കൊണ്ട് അയാളുടെ മുഖം കറുത്തിരുണ്ടു പോകുന്നു. അയാൾ ജനങ്ങളിൽനിന്നൊളിച്ചു നിടക്കുന്നു. ഈ ചീത്തവർത്തമാനം ലഭിച്ചതിനുശേഷം ആരെയും കാണാതിരുക്കാൻ വേണ്ടി: അപമാനം സഹിച്ച് ആ കുഞ്ഞിനെ വെച്ചിരിക്കണമോ, അതോ മണ്ണിൽ കുഴിച്ചുമൂടണമോ? അറിയുക, എത്ര ചീത്തയായ തീരുമാനമണ് അവർ എടുക്കുന്നത്!" (വി.ഖു. 16:58,59)
6. ഫാത്വിമ മൗനം ഭജിച്ചു അത് സമ്മതമായിരുന്നു. ഹി. രണ്ടാം വർഷത്തിലാണ് അലിയും ഫാത്വിമയും തമ്മിലുള്ള വിവാഹം നടന്നത്.
7. പത്നിമാർ തങ്ങലുടെ സാമ്പത്തികാവശ്യങ്ങളുന്നയിച്ച് പ്രവാചകനെ പ്രയാസപ്പെടുത്തിയതിനെ തുടർന്നായിരുന്നു ഇത്.
8. പള്ളിയിൽ പോകാതിരുന്നത് ഒരു ദിവസം ഒരു നേരം മാത്രമാണ്. ഇത് പ്രവാചകന്റെ അനുയായികളെ ഉത്കണ്ഠാകുലരാക്കി.
9. പ്രവാചകന്റെ പരിചാരകൻ റബാഹ് വഴിയാണ് ഉമർ സന്ദേശം നൽകിയത്.
10. ഉമറിന്റെ പുത്രിയായിരുന്നു പ്രവാചകന്റെ പത്നി ഹഫ്സ.

11. തന്റെ പത്നിമാരുടെ കാര്യം അവരുടെ പിതാക്കളുമായി സംസാരിച്ച് ഒത്തുതീർപ്പിലെത്തിക്കാനുള്ള താൽപര്യം പോലം നഷ്ടപ്പെടാൻ മാത്രം പ്രവാചകൻ അവരുമായി പിണങ്ങിയിരുന്നുവെന്നാണ് ഉമറിന് ആദ്യം അദ്ദേഹം പ്രവേശനാനുമതി നൽകാതിരുന്നതിൽനിന്ന് മനസ്സിലാകുന്നത്.

12. അൽ അഹ്ബാസൂറ 28,29 സൂക്തങ്ങളാണിത്. ഇതിന്റെ അവതരണത്തെത്തുടർന്നു പിണക്കം തീർന്നു. നിങ്ങൾക്ക് ആർഭാടപൂർണമായ ലൗകികജീവിതം വേണോ, അതോ അല്ലാഹുവും പ്രവാചകനും പാരത്രികജീവിതവും മതിയോ എന്ന ചോദ്യം ഉയർത്തപ്പെട്ടപ്പോൾ 'ഞങ്ങൾക്ക് അല്ലാഹുവും പ്രവാചകനും പാരത്രികജീവിതവും മതി' എന്ന് പറഞ്ഞ് പത്നിമാർ പ്രവാചകനെ കെട്ടിപ്പുണർന്നു.

13. ഈജിപ്ഷ്യൻ എഴുത്തുകാരനായ മുഹമ്മദ് ഹൈക്കലിന്റെ 'മുഹമ്മദിന്റെ ജീവിതം'(ഹയാത്തു മുഹമ്മദ്) കാണുക. ഇത് മലയാളത്തിലും ലഭ്യമാണ്.

14. സ്ത്രീ സ്നേഹിക്കപ്പെടേണ്ടവളും ആദരിക്കപ്പെടേണ്ടവളുമെന്ന പാഠം തന്റെ കാലഘട്ടത്തിലെ പരുക്കൻ മനസ്സുകളെ പ്രത്യേകമായി പഠിപ്പിക്കുന്ന ഈ വാക്യത്തെ, പ്രവാചകനിൽ അമിതമായ സ്ത്രീ പ്രേമം ആരോപിക്കാനാണ് വക്രബുദ്ധികൾ തെളിവാക്കിയിരിക്കുന്നത്.

15. ഇംഗ്ലീഷ് കവിയും ഉപദേശിയുമായിരുന്ന ഡോൺ (1573-1631) യുവത്വത്തിൽ സ്ത്രീലമ്പടനും ആഢംബരപ്രിയനുമായിട്ടാണ് ജീവിച്ചിരുന്നത്. ഗർവ് നിറഞ്ഞ വരികളായിരുന്നു അയാളുടെ കവിതകൾ. പിന്നീട് മനസ്സാന്തരപ്പെട്ട് മത ജീവിതം നയിക്കുകയും വാചാലമായി മതപ്രഭാഷണം നടത്തുകയും ചെയ്തെങ്കിലും ഡോണിന്റെ ആദ്യകാലജീവിതം ചരിത്രത്തിൽ മിക്കവാറും പ്രസിദ്ധമായി.

16. അബ്ബാസ് മഹ്മൂദ് അഖ്ദാദ്, ഹഖായിഖുൽ ഇസ്ലാം വ അബാത്വീലുൽ ഖുസമ( ഇസ്ലാമിന്റെ യാഥാർത്ഥ്യവും ശത്രുക്കളും ജല്പനവും), ബൈറൂത്ത്, പേജ് 255.

17. അൽ അഹ്സാബ് 4-ാം വാക്യം അവതരിച്ചതോടുകൂടി, ഇനി മേലിൽ സൈദിനെ മുഹമ്മദിന്റെ പുത്രൻ എന്ന് വിളിക്കരുത്, ഹാരിസയുടെ പുത്രൻ സൈദ് എന്നു തന്നെ വിളിക്കണമെന്ന് പ്രവാചകൻ ജനങ്ങളെ അറിയിച്ചു. വളർത്തുപുത്രനെ യഥാർത്ഥപുത്രനായി വിശേഷിപ്പിക്കുന്നത് നിരുത്സാഹപ്പെടുതത്തുന്നതാണ് പ്രസ്തുതവാക്യം.

18. പ്രവാചകൻ കുർസുബ്നു ജാബിർ അൽഫിഹരിയെ പിന്തുടർന്ന് സഫ്വാനിലോലം പോയ ഒന്നാം ബദർ എന്നറിയപ്പെടുന്ന പടനീക്കത്തിന്റെ സൈദിനെ മദീനയുടെ ഭരണച്ചുമതല ഏൽപിച്ചിരുന്നു.

19. ഹി. 8-ാം വർഷം ജമാദുൽ അവ്വൽ മാസത്തിൽ നടന്ന മുഅത്ത യുദ്ധമാണിവിടെ ഉദ്ദേശ്യം. സൈദ് ഈ യുദ്ധത്തിൽ രക്തകാക്ഷിയായി.

20. പ്രവാചക പത്നി ഹസ്രത്ത് ആയിശയുടെ പേരിൽ അവരെ കളങ്കപ്പെടുത്താനും അങ്ങനെ പ്രവാചകനെ വിഷമിപ്പിക്കാനും വേണ്ടി മദീനയിലെ കപടവിശ്വാസികൾ ഒരു അപവാദക്കഥ കെട്ടിച്ചമച്ച് പ്രചരിപ്പിക്കുകയുണ്ടായി. മുസ്ലിംകളിൽ പലരെയും അത് ആശയക്കുഴപ്പത്തിലാക്കി, തൽക്കാലത്തേക്കാണെങ്കിലും. അതാണിവിടെ വിവക്ഷിതം.

21. മുതിർന്ന മുഹാജിറുകളും അൻസാറുകളുമുണ്ടായിരിക്കെ ചെറുപ്പക്കാരനായ ഉസാമയെ സൈനികനേതൃത്വം ഏൽപിച്ചതിൽനിന്ന് ജനങ്ങൾക്കിടയിൽനിന്ന് മുറുമുറുപ്പുയർന്നു. പ്രവാചകൻ രോഗശയ്യയിലായിരുന്നു. അദ്ദേഹം എഴുന്നേറ്റ് പര സഹായത്തോടെ പള്ളിയിലെത്തി പ്രാർത്ഥനയ്ക്ക് ശേഷം ജനങ്ങളോട് സംസാ രിച്ചുകൊണ്ടുപറഞ്ഞു: “ഉസാമയുടെ നേതൃത്വത്തിൽ സൈനികസജ്ജീകരണം പൂർത്തിയാക്കുക. ഉസായെക്കുറിച്ച് നിങ്ങളുന്നയിക്കുന്ന പരാതി അവന്റെ പിതാ വിനെക്കുറിച്ചും നിങ്ങളുന്നയിച്ചിട്ടുള്ളതാണ്. എന്നാൽ പിതാവിനെപ്പോലെ ഉസാ മയും യോഗ്യനാണ്.'

22. സൈദുമായി വിവാഹബന്ധത്തിലേർപ്പെടാൻ സൈനബ് വിസമ്മതിച്ചതാണ് ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലമെന്ന് ഇബ്നു അബ്ബാസ് പറഞ്ഞത് ഇബ്നുകസീർ രേഖപ്പെടുത്തിയിരിക്കുന്നു.

23. Shnandel, Les Couseries de la Solitude, P.190

24 ഒരു പാരസിക കവി.

25. മൗലവി എന്ന ജലാലുദ്ദീൻ റൂമി (ക്രി. വ. 1207–1273) ലോകപ്രസിദ്ധ പാരസിക സൂഫി കവിയും തത്വചിന്തകനുമാണ്. ഇദ്ദേഹത്തിന്റെ സൂഫി മാർഗത്തിന് 'മൗല വിയ്യ'എന്നാണ് പേർ. 'മസ്നവി' എന്ന സൂഫി കാവ്യത്തിന്റെ കർത്താവ് റൂമി യാണ്.

26. ദാന്തെ അലിഗറി (ക്രി.വ. 1265–1321) ഇറ്റാലിയൻ മഹാകവിയാണ്. ഇദ്ദേഹത്തിന്റെ 'ഡിവൈൻ കോമഡി' ലോകപ്രസിദ്ധമാണ്. ആത്മീയജീവിതമാണ് ഉള്ളടക്കം.

27. Conde, Mahomet, Ses Femnes Et Ses Amours, P.181.

28. ഫ്രഞ്ച് നോവൽക്കാരനും കവിയും നാടകരചയിതാവുമാണ് വിക്ടർ യൂഗോ (ക്രി. വ. 1802–1805). പാവങ്ങൾ നേത്രദാവിലെ കൂനൻ എന്നീക്ലാസിക്കുകൾ ഇദ്ദേ ഹത്തിന്റെ നോവലുകളാണ്. പരിഹസകൃതികളും രാഷ്ട്രീയ വിമർശനങ്ങളും എഴുതിയിട്ടുണ്ട്.

29. Oeuvert. Refer to “Art of Rehetorics” by foroughi, Essey by Victor Hugp and his complete works quoted in several placecs.

30. അൽ അഹ്സാബ് സൂറ 4-ാംം വാക്യമാണിത്. ഭർത്താവ് ഭാര്യയോട് നീ എനിക്ക് എന്റെ ഉമ്മയുടെ മുതുക് പോലെയാണ് എന്നു പറയുന്ന സമ്പ്രദായത്തി നാണ് 'ളിഹാർ എന്നു പറയുന്നത് ഉമ്മയും മകനും ത്മമിൽ ഭാര്യഭർതൃബന്ധം ഇല്ലാത്തതു പോലെ ഞാനും നീയും തമ്മിൽ ബന്ധമില്ല എന്നാണ് അപ്പറയുന്ന തിന്റെ അർത്ഥം.

31. അൽ അഹ്സാബ് മുപ്പത്തേഴാം വാക്യമാണിത്. സൈദും സൈനബും തമ്മിലുള്ള വിവാഹം അവരെ ഒന്നിപ്പിച്ചിട്ടില്ലെന്നും അവർ ഒത്തുപോകാൻ ഒരു വഴിയുമി ല്ലെന്നും അവർ തമ്മിലുള്ള ബന്ധം വേർപിരിയുമെന്നും അങ്ങനെ സംഭവിച്ചാൽ താൻ സൈനബിനെ വിവാഹം ചെയ്യുമെന്നുമുള്ള കാര്യം പ്രവാചകന്റെ മനസ്സി ലുണ്ടായിരുന്നു. പക്ഷെ, അതദ്ദേഹം മനസ്സിൽ തന്നെ മറച്ചുവെച്ചു. അതാണീ വാക്യത്തിൽ പറഞ്ഞകാര്യം.

32. വളർത്തുമക്കളെ യഥാർത്ഥമക്കളായി ഗണിക്കുന്നതു കാരണം അവർ വിവാഹം ചെയ്തൊഴിവാക്കിയ സ്ത്രീകളെ വളർത്തുപിതാക്കൾക്കു ഒരു കാലത്തും വിവാഹം ചെയ്തുകൂടാ എന്നായിരുന്നു അറേബ്യായിൽ നിലനിന്നിരുന്ന നിയമം. ഈ സമ്പ്രദായം ഇല്ലാതാക്കുക എന്നതു സൈനബിനെ സൈദ് മൊഴി ചെല്ലിയ ശേഷം പ്രവാചകൻ വിവാഹം ചെയ്തതിന്റെ ഉദ്ദേശ്യമായിരുന്നു.

33. ഹി. 5-ാം വർഷം ജൂതന്മാരും ബഹുദൈവവാദികളും ചേർന്ന് സജ്ജമാക്കിയ മഹാസഖ്യസേന മുസ്‌ലിംകളെ ആക്രമിക്കാനൊരുങ്ങുകയും മുസ്‌ലിംകൾ അവരെ കിടങ്ങുകുഴിച്ചു നേരിട്ടതുമായ സംഭവം. ഖൻദഖ് എന്നാൽ കിടങ്ങ്. ഈ യുദ്ധത്തിന് അഹ്സാബ് എന്നും പേരുണ്ട്.

34 പ്രവാചകൻ ആയിശയ്ക്കു നൽകിയ കളിപ്പേര്.

35. പ്രവാചക പത്നിമാർ വിശ്വാസികളുടെ മാതാക്കളും മാതൃകകളുമാണ്. സ്ത്രീ സഹജമായ പെരുമാറ്റങ്ങൾ അവർക്ക് അന്യമാകാൻ തരമില്ല. അവയെ അവർ അതിജയിക്കുകയും യഥാർത്ഥഭക്തന്മാരുടെ മാർഗത്തിലൂടെ നീങ്ങുന്നതും വിശ്വാസികൾക്കു പാഠമാകണം. പ്രവാചകൻ തന്റെ ആദ്യ പത്നിയുടെ കുട്ടി യുടെ മാതാവായ ഖദീജയെ അനുസ്മരിക്കുമ്പോൾ ‘എന്താ അവരിലും നല്ലത് ഇപ്പോഴില്ലേ’ എന്ന് ആയിശ ചോദിച്ചിരുന്നുവത്രെ.

36. ഈജിപ്തിലെ മുഖൗവിസ് രാജാവി മരിയ, അവളുടെ സഹോദരി സീരീൻ എന്നീ യുവതികളെ തന്റെ സമ്മാനമെന്ന നിലയിൽ പ്രവാചകന് അയച്ചുകൊടുത്തു. മരി യയെ പ്രവാചകനും സീരീനെ പ്രസിദ്ധകവി ഹസ്സാനും വിവാഹ് കഴിച്ചു. മരിയ ഇബ്രാഹീമിനെ പ്രസവിച്ചപ്പോൾ അവരുടെ വിശുദ്ധിയിൽ സംശയം തോന്നിക്കു വാൻ കുഞ്ഞിന് പ്രവാചകന് കുഞ്ഞിനോടുള്ള രൂപസാമ്യം ആയിശ നിഷേധിച്ചു. (ഹൈക്കലിന്റെ ‘മുഹമ്മദിന്റെ ജീവിതം’ കാണുക).

37. ബഹുഭാര്യത്വത്തിന് ഇംഗ്ലീഷിൽ സാധാരണ Polygamy എന്ന പദമുപയോ ഗിക്കുന്നു. ഈ കൃതിയുടെ ഇംഗ്ലീഷ് വിവർത്തകൻ Polygyny എന്ന പദമാണുപ യോഗിച്ചിരിക്കുന്നത്. വെബ്സ്റ്ററുടെ പ്രസ്ദ്ധ നിഘണ്ടു പ്രകാരം സ്ത്രീക്കോ പുരുഷനോ ഒരേസമയം ഒന്നിലേറെ ഇണകളുണ്ടാവുന്നതാണ് Polygamy. പുരു ഷന് ഒരേ സമയം ഒന്നിലധികം ഭാര്യമാരുണ്ടായിരുക്കുന്നത് Polygynyയും . ആദ്യ പദം ബഹുഭതൃത്വത്തെയും ഉൾക്കൊള്ളുന്നു. ഇസ്‌ലാം ബഹുഭാര്യത്വമേ ഉനുവദി ക്കൂ. ബഹുഭതൃത്വം അനുവദിക്കുന്നില്ല. അതിനാൽ ഇസ്‌ലാമിന്റെ ഉദ്ദിഷ്ട ആശയം ധ്വനിപ്പിക്കാനുള്ള കൃത്യമായ പദം Polygyny ആണ്.

38. ഇറാനിൽ ജിവിച്ചിരുന്ന പണ്ഢിതന്മാരാണിവർ. ബൈഹഖി (ക്രി. വ. 996- 1077) ചരിത്രകാരനാണ്. ‘ജാമിഉത്തവാരീഖ്’ എന്ന ഇദ്ദേഹത്തിന്റെ ഗ്രന്ഥം 30 വാല്യമു ണ്ട്. ഫിർദൗസി (940-1020) ലോകക്ലാസിക്കായ ‘ഷനാമ’യുടെ കർ്തതാവാണ്. 6000 ഈരടികളുള്ള ഈ ഗ്രന്ഥത്തിൽ ബി. സി. 3600നും എ. ഡി. 651നുമിട യ്ക്കുള്ള പേഴ്സ്യൻ രാജാക്കന്മാരുടെ ചരിത്രമുണ്ട്.

39. ഡോ. കാവിയാനി പേഴ്സ്യൻ ഭാഷയിലേക്ക് തർജമചെയ്ത ‘പ്ലേറ്റോയുടെ പര്യ ടന’ത്തെ ആധാരമാക്കിയാണ് ഗ്രന്ഥകർത്താവ് സോക്രട്ടീസിനെക്കുറിച്ച് ഇക്കഥ ഉദ്ദരിച്ചിരിക്കുന്നത്. ബി. സി. 470-380 ആണ് സോക്രട്ടീസിന്റെ ജീവിതകാലം. വളരെ വൈകിയാണ് ഇദ്ദേഹം സാന്തിപ്പയെ വിവാഹം കഴിച്ചത്. എങ്കിലും പ്രവാ ചകനെന്നുപോലും സംശയിക്കപ്പെടുന്ന മഹാനായ ഈ തത്വജ്ഞാനിയുടെ

ജീവിതത്തിൽ  ഇത്തരമൊരസാന്മാർഗികതയക്കുള്ള സ്ഥാനമെന്ത് എന്ന ചോദ്യം പ്രധാനമാണ്. സ്വവർഗ്ഗരതി അസാന്മാർഗികമായി ഗണിക്കപ്പെടാത്ത ഒരു കാലമായിരുന്നു. അതെന്നു പറഞ്ഞുകൂട. ലൂത്തിന്റെ ചരിത്രം അദ്ദേഹത്തിന്റെ വളരെ മുമ്പാണ്. ഗ്രീക്ക് സമൂഹത്തിൽ ശരീഅത്തി പറയുന്ന അവസ്ഥ പൊതുവെ നില നിന്നിരുന്നെങ്കിലും സോക്രട്ടീസ് അതിനപവാദമാകാനെ തരമുള്ളൂ.

40. ക്രി. വ. 1194നും 1292നുമിടയ്ക്കാണ് സഅദീ ശിറാസിയുടെ ജീവിതം. ഗുലിസ്താൻ(മലർവാടി), ബുസ്താൻ(ഉദ്യാനം) എന്നിവ അദ്ദേഹത്തിന്റെ അനേകം കൃതികളിൽ കൂടുതൽ പ്രചാരണം നേടിവയാണ്. ഗൊയ്ഥെ, എമേഴ്സൺ മുതലായ പാശ്ചാത്യൻ ചിന്തകർ സഅദിയെ ധാരാളം ഉദ്ദരിച്ചിട്ടുണ്ട്. തന്റെ കൃതികളിൽ തന്നെ പാത്രമാക്കി സഅദി പറയുന്ന കഥകൾ മുഴുവനും അദ്ദേഹം നേരിട്ടു കക്ഷിയായ സംഭവങ്ങളാണെന്ന തെറ്റായ ധാരണ ശരീഅത്തിയെ പിടിപെട്ടതായി തോന്നുന്നു. വ്യക്തിജീവിതത്തിന്റെയും പൊതുജീവിതത്തിന്റെയും സംബന്ധിക്കുന്ന എമ്പാടും കഥകളും നീതിവാക്യങ്ങളും അടങ്ങുന്ന കാവ്യമാണ് ഗുലിസ്താൻ. ധാർമികഗുരുവും സൂഫിയുമായ സദാചാരവും നീതിസാരവും പഠിപ്പ പിക്കാനെഴുതിയ ഗ്രന്ഥത്തിൽതന്നെ സ്വന്തം ജീവിതത്തിന്റെ ദുഷിച്ച വശങ്ങൾ തുറന്നെഴുതിയാൽ അദ്ദേഹത്തിന്റെ പാഠങ്ങൾക്ക് ആർ കൽപിക്കും? സഅദിയുടെ സ്ഥലവും കാലവും വ്യത്യമായിരുന്നുവെന്നും പറയാൻ വയ്യ. സ്വവർഗ്ഗരതിയെ അനാശാസ്യവും ശിക്ഷാർഹവുമായി വിധിച്ച ഇസ് ലാമിക സമൂഹത്തിലെ ഒരംഗം മാത്രമല്ല, ഒരു ഗുരുകൂടിയാണ് സഅദി. പ്രസംഗമല്ല പ്രവർത്തനമാണു കാര്യമെന്നു സഅദി തന്റെ ഒരു കാവ്യത്തിൽ പറയുന്നുമുണ്ട്.

41. ക്രി. വ. 1049നും 1069നുമിടയ്ക്കാണ് ജുർജാന്റെ തബറിസ്ഥാന്റെയുംരാജാവായ ഖാബൂസ് ഇബനു ഇസ്ക്കന്തർ രചിച്ച ഗ്രന്ഥം.

42. ശിഖണ്ഡിയെയാണ് അന്തഃപുര കാവൽക്കാരനായി നിയമിക്കുക പതിവ്. കാവൽക്കാരൻ സ്ത്രീകളുമായി ബന്ധപ്പെടാതിരിക്കാനായിരുന്നു ഇത്. അന്തഃപുരരഹസ്യങ്ങളെല്ലാം അവർക്ക് അറിയാൻ പറ്റുമായിരുന്നു.

43. പ്രവാചകന്റെയും ഇസ് ലാമിന്റെയും കഠിനശത്രുവായിരുന്നു. മഖ്സൂം വംശക്കാരനായിരുന്ന അംറുബ്നുഹിശാം എന്ന അബൂജഹൽ. ബദർ യുദ്ധത്തിൽ കൊല്ലപ്പെട്ടു.

44. എത്യോപ്യൻ ചക്രവർത്തിയായിരുന്നു നേഗസ്. 400 ദീനാറാണാ വിവാഹമൂല്യ നൽകിയത്. പ്രവാചകനു വേണ്ടി നേഗസ് അത് ഉമ്മു ഹബീബയുടെ ബന്ധുവായ ഖാലിദ് ഇബ്നു സഈദിനെ ഏൽപിച്ചു. കൊട്ടാരത്തിൽ  വെച്ചായിരുന്നു വിവാഹവും സദ്യയും.

45. ഹി. വർഷം അഞ്ചിലാണിത് നടന്നത്.

46. അടിമതന്നെ മോചിപ്പിക്കാൻ യജമാനനു നൽകുന്ന സംഖ്യ.

47. മദീനയിലുണ്ടായിരുന്ന ഒരു പ്രമുഖ ജൂതഗോത്രമാണ് ബനൂഖുറൈസ. ഇവർ പ്രവാചകനോടു ചെയ്ത സംഖ്യം ലംഘിച്ച് അഹ്സാബ് യുദ്ധത്തിൽ മക്കയിലെ ബഹുദൈവവാദികളോടൊപ്പം ചേർന്നു.

48. പ്രവാചകൻ വിവാഹം കഴിക്കുമ്പോൾ സഫിയ്യക്ക് 17 വയസ്സേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും അവൾ മുമ്പ് രണ്ട് പേരുടെ ഭാര്യയായിരുന്നിട്ടുണ്ട്. ആദ്യ ഭർത്താവ് യോദ്ധാവും കവിയുമായിരുന്ന സലാമുബ്നുമശ്ക്കം ആയിരുന്നു. വിവാഹം

കഴിഞ്ഞ് അധികം കഴിയാതെ അവർതമ്മിൽ പിണങ്ങിപ്പിരിഞ്ഞു. പിന്നീട് കിനാന ഇബ്നു അബിൽ ഹുഖൈഖാണ് സഫിയ്യയെ വരിച്ചത്. ഇദ്ദേഹം ഖൈബർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. ജൂതമതത്തിലായിരുന്നപ്പോൾ സഫിയ്യയുടെ പേർ സൈനബ് എന്നായിരുന്നു. ഇസ്ലാമിൽ വന്നപ്പോൾ അത് സഫിയ്യ എന്നാക്കി. ഹി. 50ലാണ് സഫിയ്യ അന്തരിച്ചത്.

49. പ്രവാചകന്റെ പിതൃവ്യൻ അബ്ബാസ്.

50. ഹി. 6-ാം വർഷമൊടുവിൽ പ്രവാചകനും മക്കക്കാരായ ബഹുദൈവവാദികളും തമ്മിൽ മക്കയ്ക്കടുത്തുള്ള ഹുദൈബിയ്യാ താഴ്വരയിൽ വെച്ചുണ്ടാക്കിയ പ്രസിദ്ധസന്ധി.

51. ഹഫ്സയുടെ ആദ്യ ഭർത്താവ് ഖുനൈസുബ്നു ഹുദാഫയായിരുന്നു. ബദർ യുദ്ധത്തിൽ പങ്കെടുത്ത് പരിക്കുപറ്റിയ ഇദ്ദേഹം മദീനയിൽവെച്ച് നിര്യാതനായി.

52. ഹിജ്റ 11-ാം വർഷത്തിലായിരുന്നു പ്രവാചകന്റെ മരണം.

53. ഈ യുദ്ധരിച്ച രണ്ടു വാക്യങ്ങളും 'അന്നിസാഅ്' സൂറയിലുള്ളതാണ്. ആദ്യത്തേത് 129ഉം രണ്ടാമത്തേത് 4ഉം വാക്യങ്ങൾ. "നിങ്ങൾ എത്ര ആഗ്രഹിച്ചാലും സ്ത്രീകൾക്കിടയിൽ തുല്യനീതി പുലർത്താൻ നിങ്ങൾക്കാവുകയില്ല. അതിനാൽ ഒരുത്തിയുടെ ഭാഗത്തേക്കു മുഴുവനായി ചാഞ്ഞ് മറ്റവളെ ബന്ധസ്ഥയപ്പോലെ വിടരുത്" എന്ന് പൂർണ്ണമായി വായിച്ചങ്കിലേ ആദ്യവാക്യത്തിന്റെ ശരിയായ ഗ്രഹിക്കൽ സാധ്യമാവുകയുള്ളൂ. അനീതി പാടില്ലന്നു പറയുന്നതോടപ്പം മനസ്സിന്റെ സ്വാഭാവികമായ ചായ്വ് അനീതിയാവുകയില്ലന്നകൂടി വാക്യം സൂചിപ്പിക്കുന്നുണ്ട്. അത് പുറത്താക്ക് പ്രകടമാവരുത്. "ഒരാൾക്ക് രണ്ട് ഭാര്യമാരുണ്ടായിട്ട് അയാൾ അവരിൽ ഒരുവളിലേക്കു ചാഞ്ഞാൽ ഉയർപ്പുനാളിൽ അവന്റെ ഒരു പക്ഷം ചരിഞ്ഞിരിക്കുമെന്ന്" പ്രവാചകൻ പറഞ്ഞത് അബൂദാവൂദ് രേഖപ്പെടുത്തിയിരിക്കുന്നു.

54. പ്രവാചകൻ 4 ൽ അധികം ഭാര്യമാരെ നിലനിർത്തിയത് അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള പ്രത്യേകമായ അനുവാദത്തോടെയായിരുന്നു എന്ന് ഖുർആൻ അഹ്സാബ് സൂറയിൽ കാണാം. ഓരോ വിവാഹത്തിനുമുള്ള പ്രത്യക കാരണങ്ങൾ ഇതിനകം വ്യക്തായി കഴിഞ്ഞു.

55. ശരീഅത്തി ആൾജിരിയാൻ സ്വാതന്ത്രപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു.

56. "Algerie par le text" II and "al-Mujahid" Organ of the Algerian revolution, number 12, December 1962.

ബഹുഭാര്യത്തെ സംബന്ധിച്ച വിപ്ലവകരമായ കാഴ്ചപ്പാടുകൾ കാരണം പ്രഥമ ആൾജീരിയൻ വിദേശകാര്യമന്ത്രി ഖാമിസ്തെ വധിക്കപ്പെട്ടു.

57. ഹിജ്റ 10 ാം വർഷത്തിൽ ഒരു വയസ്സ് തികയുന്നതിനു മുമ്പായിരുന്നു ഇബ്രാഹീമിന്റെ മരണം. പ്രവാചകന് ഖദീജയിൽ ജനിച്ച ആറ് സന്തതികളിൽ ഫാത്തിമ ഒഴിച്ചുള്ളവരല്ലാം അതിനുമുമ്പെ മരണപ്പെട്ടിരുന്നു. അതിനാൽ ഇബ്രാഹീം ജനിച്ചപ്പോൾ എന്തന്നില്ലാത്ത് സന്തോഷമായിരുന്നു പ്രവാചകന്. അതുകൊണ്ട് തന്നെ അവന്റെ നിര്യാണത്തിൽ എന്തന്നില്ലാത്ത ദുഃഖവും. പ്രവാചകന്റെ കണ്ണിൽ നിന്ന്

കണ്ണുനീർ ധാരയായിട്ടൊയുകി. “ഇബ്രാഹീം നിന്റെ പേരിൽ ഞങ്ങൾ എത്രമേൽ ദുഃഖുതരാണ്.” അദ്ദേഹം മരിച്ചുകിടക്കുന്ന കുഞ്ഞിനെ നോക്കിപറഞ്ഞു.

58. അബ്ദുറഹിമാൻ എന്ന അബൂ ഹുറൈറ പ്രവാചകന്റെ സഹചാരിയും ധാരാളം പ്രവാചകപാരമ്പര്യങ്ങൾ ഉദ്ധരിച്ചിട്ടുള്ള പണ്ഡിതനുമാണ്.

******